
www.malankaralibrary.com

# സുകൃതം




**വന്ദ്യ ജോസ് കടകംപള്ളിൽ കോർഎപ്പിസ്കോപ്പാ**
**പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മരണിക**

www.malankaralibrary.com

Printed and Published by Kadakampallil Family
at St. Mary's Press, Pattom, Trivandrum. Ph: 0471-2446116

(Private circulation only)



His Holiness Pope Francis



H.B Moran Mor Baselios
Cardinal Cleemis Catholicos



H. E. Most Rev. Joshua Mar Ignathios
Bishop of Mavelikara

www.malankaralibrary.com

*"I am grateful to Christ Jesus, our Lord, who has strengthened me, because he judged me faithful and appointed me to His service" (1Timothy 1:12)*

# Sacerdotal Golden Jubilee





**Rt. Rev. Jose Kadakampallil Cor-episcopo**

## താളുകൾ മറിയ്ക്കുമ്പോൾ

**അവതാരിക**

- അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

**ആശംസകൾ**

- മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ
- അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത
- അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത
- അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത
- റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.
- റവ. സിസ്റ്റർ ലിറ്റിൽ ഫ്ളവർ എസ്.ഐ.സി.
- റവ. സിസ്റ്റർ ത്രേസ്യാമ്മ പള്ളിക്കുന്നേൽ എസ്. എച്ച്.
- റവ. സിസ്റ്റർ ലില്ലി തോമസ് ഡി. എം.

**പൗരോഹിത്യത്തിന്റെ നാൾവഴികളിലൂടെ**

- കെ. ഒ. രാജു

**ലേഖനങ്ങൾ**

- റൈറ്റ് റവ. ഡോ. മാത്യു മനക്കരക്കാവിൽ കോർ എപ്പിസ്കോപ്പാ
- മോൺ. റവ. ഡോ. ഡാനിയേൽ മാണിക്കുളം
- റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി
- റവ. ഫാ. മാത്യു കടകംപള്ളിൽ
- റവ. സിസ്റ്റർ കാരുണ്യ എസ്.ഐ.സി.
- റവ. ഫാ. ജോൺ സി. പുത്തൻവീട്
- റവ. സിസ്റ്റർ ഹ്യൂമിലീന എസ്.ഐ.സി.
- റവ. സിസ്റ്റർ നിഷ്ഠ എസ്.ഐ.സി.
- റവ. ഫാ. മാത്യു മണലുവിള ഒ.ഐ.സി.
- ശ്രീ. പീറ്റർ സി. എബ്രഹാം
- ഡോ. കെ. വൈ. ബനഡിക്ട് കടകംപള്ളിൽ

**എഡിറ്റേഴ്സ്**

കെ. ഒ. ജോൺ
കെ. ഒ. രാജു
റവ. ഫാ. മാത്യു മണലുവിള ഒ.ഐ.സി.

**കവർ പേജ് ആശയവും പുസ്തക രൂപകല്പനയും**

പ്രേം കെ. ജോൺ

**പ്രിന്റിംഗ് & ഡിസൈനേഴ്സ്**

സെന്റ് മേരീസ് പ്രസ്സ്, പട്ടം

**നന്ദിയോടെ.....**

ജോജി മോൻ എം. ജി.
ഡോ. നിമിൻ കെ. രാജു
വീണ പ്രേം

# സുകൃതം

തിരുസഭയുടെ പൗരോഹിത്യ ശുശ്രൂഷയിലൂടെ.....



[illegible]

ഫാ. ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പ

www.malankaralibrary.com

## കടകംപള്ളിൽ വിളയിൽ കുടുംബത്തിന്റെ പുണ്യം



**ഏലിയാമ്മ ഉമ്മൻ**

ജൂബിലേറിയന്റെ പിതാമഹൻ ഗീവർഗ്ഗീസിന്റെ മാതാവ്

## പുത്തൂരും പ്രാന്തപ്രദേശങ്ങളിലും പുനരൈക്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച കർമ്മയോഗി



**റവ. ഫാ. മത്തായി വിളയിൽ**

പിതാമഹന്റെ സഹോദരൻ

www.malankaralibrary.com

## ധന്യമായ ദാമ്പത്യം



മാതാപിതാക്കൾ
കെ. ഉമ്മൻ, റേച്ചൽ ഉമ്മൻ



പിതാവിന്റെ മാതാപിതാക്കൾ
ഗീവർഗ്ഗീസ്, സാറാമ്മ



അമ്മയുടെ മാതാപിതാക്കൾ
മാത്തൻ ചാണ്ടി, ശോശാമ്മ ചാണ്ടി

www.malankaralibrary.com

# അവതാരിക





## അവതാരിക

## ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പാ

**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**

വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പാ നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ നേർകാഴ്ചയായി ഈ കാലഘട്ടത്തിൽ നമ്മുടെ മദ്ധ്യേ ജീവിച്ചു. 1967 ഡിസംബർ 10-ന് ആരംഭിച്ച ഈ യാത്ര ക്രിസ്തുവിന്റെ പിൻതുടർച്ചയെന്നവണ്ണം ഇപ്പോഴും തടരുന്നു. അദ്ദേഹം സഞ്ചരിച്ച പാതകളിലെല്ലാം ക്രിസ്തു പൗരോഹിത്യത്തിന്റെ ശ്രേഷ്ഠമുദ്ര പതിഞ്ഞു കിടക്കുന്നു. അതുകൊണ്ടുതന്നെ ആ സഞ്ചാരം ഒരു തീർത്ഥാടനമായി, അനേകർക്ക് രക്ഷണീയമായി.

യേശുക്രിസ്തുവിന്റെ ഈ പുരോഹിതൻ, ഏശയായുടെ ഗ്രന്ഥത്തിൽ നിന്ന് ഉറക്കെ വായിച്ച് തന്റെ പരസ്യജീവിതം ആരംഭിച്ച യേശുക്രിസ്തുവിന്റെ അണുവിട തെറ്റാത്ത അനുയായിയായി ജീവിച്ചു. "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂക്കാ. 4:18). ഈ വചനം അക്ഷരാർത്ഥത്തിൽ ജോസച്ചനെ നിരന്തരം പ്രചോദിപ്പിച്ചിരുന്നു. ഈ ദൗത്യബോധം എന്നും അദ്ദേഹത്തെ മുന്നോട്ട് നയിച്ചു. ഈ ആത്മനിറവിൽ അദ്ദേഹം ജ്വലിച്ചുനിന്നു; ഈ അഭിഷേകം പോഷിപ്പിക്കുന്നതിൽ ജോസച്ചൻ എപ്പോഴും ജാഗ്രത പുലർത്തി. ഈ ചൈതന്യം ചോർത്തിക്കളയുന്ന എല്ലാറ്റിൽ നിന്നും അകലം പുലർത്തി. അൻപതുവർഷം ജീവിതം ഹോമിച്ച് ഉരുക്കി ക്രിസ്തുസാദൃശ്യത്തിൽ രൂപപ്പെടുത്തിയെടുത്ത പൗരോഹിത്യത്തിന്റെ തിളക്കമാർന്ന തേജസ്സാണ് ആ മുഖത്ത്. അതുകൊണ്ടുതന്നെ ആ ശ്രേഷ്ഠജീവിതം നമ്മെ പ്രചോദിപ്പിക്കുന്നു, നമ്മുടെ ജീവിതത്തെ വെല്ലുവിളിക്കുന്നു.

മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ പുത്തൂർ പ്രത്യേകം അടയാളപ്പെടുത്തിയിട്ടുള്ള പ്രദേശമാണ്. ബഹുമാനപ്പെട്ട മത്തായി വിളയിലച്ചന്റെ നേതൃത്വത്തിൽ രൂപപ്പെട്ട സഭാസമൂഹത്തിന്റെ വളർച്ചയുടെ നാൾവഴികൾ ഏത് സഭാവിശ്വാസിയേയും അത്ഭുതപ്പെടുത്തുന്നതാണ്. വിളയിൽ, കടകംപള്ളിൽ കുടുംബങ്ങൾ പുത്തൂരും സമീപപ്രദേശങ്ങളിലും നിർവഹിച്ചിട്ടുള്ള സഭാശുശ്രൂഷകൾ ഏറെയാണ്. ഈ കുടുംബങ്ങളിൽ നിന്നും ധാരാളം പൗരോഹിത്യ സന്യസ്ത ദൈവവിളികൾ ഉണ്ടായി. ഫാ. തോമസ് വിളയിൽ, ഫാ. ജേക്കബ് വിളയിൽ, ഫാ. ഡാനിയേൽ കടകംപള്ളിൽ, ഫാ. മാത്യു കടകംപള്ളിൽ തുടങ്ങിയ പ്രേഷിത തീക്ഷ്ണതയും വിശുദ്ധിയും നിറഞ്ഞു

www.malankaralibrary.com



നിന്ന വൈദികരുടെ പിന്നാലെയാണ് ജോസ് കടകംപള്ളിലച്ചൻ യാത്ര ആരംഭിച്ചത് എന്നത് ശ്രദ്ധേയമാണ്. അവരൊക്കെ വഴികാട്ടികളും പ്രചോദകരുമായി.

വൈവിധ്യമാർന്ന മേഖലകളിൽ പ്രവർത്തിക്കുവാൻ ജോസ് കടകംപള്ളിലച്ചൻ നിയോഗിക്കപ്പെട്ടു. അവിഭക്ത തിരുവനന്തപുരം അതിരൂപതയിലെ എല്ലാ പ്രദേശങ്ങളിലും – ഇപ്പോഴത്തെ മാർത്താണ്ഡം, തിരുവനന്തപുരം, പത്തനംതിട്ട, മാവേലിക്കര രൂപതകളിൽ അദ്ദേഹം ശുശ്രൂഷ ചെയ്തു. മൈലപ്ര, പുലിയൂർ, പുത്തൻപീടിക, കുടശ്ശനാട്, കടമ്പനാട്, ഇടമുളയ്ക്കൽ തുടങ്ങി വലിയ ഇടവകകളിൽ വികാരിയായി. വിവിധ ജില്ലകളിൽ ജില്ലാ വികാരിയായി. മുക്കംപാല എസ്റ്റേറ്റിന്റെ മാനേജരായി. സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിലെ ആദ്ധ്യാത്മികോപദേഷ്ടാവായി. മാവേലിക്കര രൂപതയിലെ മൈനർ സെമിനാരിയുടെ പ്രഥമ റെക്ടറായി. ഇങ്ങനെ എത്ര എത്ര നിയോഗങ്ങൾ. എല്ലാം ദൈവഹിതമായി സ്വീകരിച്ചു. ഓരോ ഉത്തരവാദിത്തം ഏല്പിക്കപ്പെടുമ്പോൾ അതിനനുയോജ്യമായ മുന്നൊരുക്കങ്ങൾ നടത്തി. ഉത്തരവാദിത്ത നിർവഹണത്തിൽ സമ്പൂർണ്ണ സമർപ്പണം നടത്തി. അവയെല്ലാം ദൈവരാജ്യ ശുശ്രൂഷകളായി. അങ്ങനെ സഭയുടെ കെട്ടുപണിയിൽ സജീവപങ്കാളിയായി തന്റെ ബലിജീവിതം തുടരുന്നു.

താൻ അടിസ്ഥാനപരമായി അജപാലകനാണ് എന്ന ബോധ്യം ജോസച്ചൻ എപ്പോഴും പുലർത്തി. തന്റെ ആരോഗ്യം പരിഗണിക്കാതെ, വേർതിരിവുകളില്ലാതെ എല്ലാവർക്കും സംലഭ്യമായി. തന്റെ ആവശ്യങ്ങളെക്കാൾ മറ്റുള്ളവരുടെ ആവശ്യങ്ങൾ പ്രധാനമെന്ന് ഈ ഇടയൻ തിരിച്ചറിഞ്ഞു പ്രവർത്തിച്ചു. ഈ പുരോഹിതന്റെ മുഖം കാരുണ്യത്തിന്റെ മുഖമാണ്; നിത്യപുരോഹിതനായ യേശുവിൽ നിന്ന് ഒപ്പിയെടുത്ത മുഖം.

സാധാരണത്വത്തിന്റെ ജീവിതമാണ് ജോസച്ചന്റെ ഏറ്റവും വലിയ ശക്തി. ലാളിത്യം ഈ പുരോഹിതശോഭ ഇരട്ടിപ്പിച്ചു. ജാഡകളും ബാഹ്യാവരണങ്ങളും ഇല്ലാത്ത ജീവിതം. നേർവരകളിലൂടെ ഈ ഇടയൻ സഞ്ചരിക്കുന്നു. കഠിനാദ്ധ്വാനത്തിലൂടെയും സ്ഥിരോത്സാഹത്തിലൂടെയും കരുപ്പിടിപ്പിച്ച ഈ വ്യക്തിത്വം സമഗ്രതയുടേതാണ്. കടന്നുചെല്ലുന്ന എല്ലാ ഇടങ്ങളിലും അനുഗ്രഹത്തിന്റെ സാന്നിദ്ധ്യമാകുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പാ അഭിഷേകത്തിൽ ജ്വലിച്ച് ദീർഘനാൾ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായി യാത്ര തുടരട്ടെ.

വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്ക്കോപ്പായുടെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന "സുകൃതം" എന്ന ഈ സ്മരണിക, ആദർശ ധീരതകൊണ്ടും കഠിനമായ നിഷ്ഠകൾ കൊണ്ടും സമ്പന്നമായ ബഹുമാനപ്പെട്ട അച്ചന്റെ ജീവിതത്തിന്റെ ഒരു നേർക്കാഴ്ചയാണ്. ഇതിന്റെ താളുകളിലൂടെ സഞ്ചരിക്കുമ്പോൾ ഉണ്ടാകുന്ന ഉൾപ്പുളകം വിവരണാതീതമാണ്. സഭാശുശ്രൂഷയിലും പൗരോഹിത്യ ശുശ്രൂഷയിലും സന്യാസ ജീവിതത്തിലും ഏർപ്പെട്ടിട്ടുള്ള ഏവർക്കും ഈ സ്മരണിക ഉത്തേജകമാണ്. അത്തരത്തിൽ ഏവർക്കും പ്രയോജകീഭവിക്കട്ടെ എന്ന ആശംസയോടെ ഈ സ്മരണിക അവതരിപ്പിക്കുന്നു.





**വന്ദ്യ ജോസ് അച്ചനും സഹോദരി സിസ്റ്റർ ലൂമിനയും**

www.malankaralibrary.com

# ആശംസകൾ




**The Syro-Malankara Catholic Church**

✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

RESIDENCE & COMMUNICATION:
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

Office Tel: +91-471-2541642, 2541643, 2540446
Fax: +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: +91-471-2533844, 2541331
Fax: +91 471 2533688, E-mail: baselioscleemis@gmail.com




01-11-2017

## അനുഗ്രഹാശംസ

വന്ദ്യ ജോസ് കടകംപള്ളിൽ കോർഎപ്പിസ്കോപ്പാ പൗരോഹിത്യത്തിന്റെ അഞ്ചു പതിറ്റാണ്ടുകൾ പൂർത്തിയാക്കുന്ന ഈ വേളയിൽ സുവർണ്ണജൂബിലിയുടെ എല്ലാ അനുഗ്രഹങ്ങളും നേരുന്നു. മാവേലിക്കര രൂപതയിലെ പുത്തൂരിലും പരിസരപ്രദേശങ്ങളിലും പുനരൈക്യ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് ത്യാഗപൂർണ്ണമായ ശുശ്രൂഷ നിർവ്വഹിക്കുന്ന കടകംപള്ളിൽ കുടുംബവും ദിവംഗതനായ ബഹു. മത്തായി വിളയിലച്ചനും നമ്മുടെ സഭാചരിത്രത്തിൽ എന്നും സ്മരിക്കപ്പെടും. ബഹു. മത്തായി വിളയിലച്ചന്റെ ജ്യേഷ്ഠസഹോദരന്റെ കൊച്ചുമകനായ വന്ദ്യ ജോസ് കടകംപള്ളിൽ കോർഎപ്പിസ്കോപ്പാ പിതാമഹന്മാരുടെ സഭയോടുള്ള തീവ്രസമർപ്പണവും ആത്മാർത്ഥതയും വിധേയത്വവും പിൻതുടർന്നുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ അൻപതു വർഷത്തെ സ്തുത്യർഹമായ പൗരോഹിത്യ ശുശ്രൂഷ പൂർത്തിയാക്കുന്നു. താൻ കണ്ടുമുട്ടുന്നവരും ഇടപെടുന്നവരുമായ എവരോടും അടുത്തബന്ധം കാത്തുസൂക്ഷിക്കുന്ന ഒരു വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. തന്റെ അൻപതു വർഷത്തെ പൗരോഹിത്യശുശ്രൂഷ വന്ദ്യ കോർഎപ്പിസ്കോപ്പാ അച്ചൻ സഭയ്ക്കും സമൂഹത്തിനും ഏറെ ആത്മസമർപ്പണത്തോടെ നിർവ്വഹിച്ചത് അദ്ദേഹത്തെ ഏവരുടെയും പ്രിയങ്കരനായിത്തീർത്തു.

ദൈവിക ദാനമായ പൗരോഹിത്യത്തെ അതിന്റെ പൂർണ്ണതയിലെത്തിക്കുവാൻ ദൈവാശ്രയത്തോടെ ജനങ്ങൾക്കുവേണ്ടി സേവനനിരതനായിരിക്കുക എന്നതാണ് ഒരു പുരോഹിതന്റെ പ്രധാന കടമ. അനേകരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവനാണ് പുരോഹിതർ. ആത്മസമർപ്പണം ഉണ്ടെങ്കിലേ പൗരോഹിത്യ ശുശ്രൂഷ ജനത്തിന് ഉപകാരപ്രദമാകൂ. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മാവേലിക്കര രൂപതയിൽ വളരെ സ്തുത്യർഹമായ സേവനമാണ് വന്ദ്യ ജോസ് കടകംപള്ളിലച്ചൻ നിർവ്വഹിച്ചുവരുന്നത്. അവിഭക്ത തിരുവനന്തപുരം മേജർ അതിരൂപതയിലെ വിവിധ ഇടവകളിൽ വികാരിയായും സഭയുടെ വൈദിക പരിശീലനകേന്ദ്രമായ തിരുവനന്തപുരത്തെ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിലെ ആത്മീയ പിതാവായും ശുശ്രൂഷ നിർവ്വഹിച്ച വന്ദ്യ ജോസച്ചന്റെ സേവനങ്ങളെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

വന്ദ്യ ജോസ് കടകംപള്ളിൽ കോർഎപ്പിസ്കോപ്പായുടെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു. ദൈവം അദ്ദേഹത്തെ ധാരാളമായി അനുഗ്രഹിക്കട്ടെ!

ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

✠Baselios Cleemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ് &
പ്രസിഡന്റ്, ഭാരത കത്തോലിക്കാ മെത്രാൻ സമിതി (CBCI).

BASELIOS CARDINAL CLEEMIS
THE SYRO-MALANKARA CATHOLIC CHURCH
MAJOR ARCHBISHOP-CATHOLICOS

www.malankaralibrary.com





# അനുഗ്രഹാശംസ

വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്ക്കോപ്പയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി പ്രസിദ്ധീകരിക്കുന്ന 'സുകൃതം' എന്ന ഗ്രന്ഥത്തിന് എന്റെ അനുഗ്രഹാശംസകൾ!

പൗരോഹിത്യ പാരമ്പര്യമുള്ള, കുലീനമായ, പുത്തൂർ കടകംപള്ളിൽ ശ്രീ. കെ. ഉമ്മന്റെയും ശ്രീമതി റേച്ചൽ ഉമ്മന്റെയും ഒമ്പതുമക്കളിൽ രണ്ടാമനാണ് വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്ക്കോപ്പ. പുത്തൂർ LMS, LP സ്കൂളിലും LF UP സ്കൂളിലും, കുളക്കട ഗവ. ഹൈസ്ക്കൂളിലും പഠനം പൂർത്തിയാക്കിയ അച്ചൻ പട്ടം സെന്റ് അലോഷ്യസ് സെമിനാരി, മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരി എന്നിവിടങ്ങളിലെ പരിശീലനത്തിനുശേഷം 1967 ഡിസംബർ 10-ന് മാതൃദേവാലയമായ പുത്തൂർ വച്ച് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. അവിഭക്ത തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ വിവിധ ദേവാലയങ്ങളിൽ ദൈവജനത്തിന് കരുതലുള്ള വികാരിയച്ചനായി ശുശ്രൂഷ നല്കി. ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധ കുർബാന അർപ്പിച്ച് ദൈവമക്കൾക്ക് സ്വർഗ്ഗീയ അനുഗ്രഹം പകർന്നു നല്കുന്ന ബഹുമാനപ്പെട്ട അച്ചൻ ഇടവക മക്കളുടെ എല്ലാ ജീവിത സാഹചര്യങ്ങളിലും ഹൃദയാലുവായ ഇടയനായി കൂടെ നില്ക്കുന്നു. ക്ലേശകരമായ വഴികളിലൂടെ ദൂരെ യാത്ര ചെയ്തും, ക്ഷമയോടും അവധാനതയോടും ഇടവകമക്കളുടെ പ്രിയപ്പെട്ട വികാരിയച്ചനായി അച്ചൻ തന്റെ വൈദിക ശുശ്രൂഷ അർത്ഥവത്താക്കുന്നു.

മുക്കംപാല ബഥനി എസ്റ്റേറ്റിൽ മാനേജരായും മലങ്കര മേജർ സെമിനാരിയിലെ ആധ്യാത്മിക ഗുരുവായും ഓടനാവട്ടം സെന്റ് തോമസ് ആശുപത്രിയുടെ ഡയറക്ടറച്ചനായും മാവേലിക്കരയിലെ മാർ ഈവാനിയോസ് മൈനർ സെമിനാരിയുടെ പ്രഥമ റെക്ടറായും കൊട്ടാരക്കര, റാന്നി-പെരുനാട്, കടമ്പനാട്, കൊല്ലം വൈദികജില്ലകളിൽ ജില്ലാവികാരിയായും ബഹുമാനപ്പെട്ട അച്ചൻ വിശ്വസ്തതയോടും ദൈവാശ്രയത്തിലും ദൈവമക്കളെ ശുശ്രൂഷിക്കുന്നു. മാനുഷിക മൂല്യങ്ങൾക്ക് മുൻതൂക്കം നല്കുവാനും വ്യക്തിത്വത്തെ അംഗീകരിക്കുവാനും പ്രോത്സാഹനവും പിന്താങ്ങലും നല്കുവാനും തന്റെ ശുശ്രൂഷയിലുടനീളം അച്ചൻ ശ്രദ്ധിക്കുന്നു. സഭാശുശ്രൂഷയിലെ ആത്മസമർപ്പണവും വിശ്വസ്തതയും അംഗീകരിച്ചുകൊണ്ട് 2014 മെയ് 21-ന് കോർ എപ്പിസ്ക്കോപ്പാ സ്ഥാനം നല്കി അച്ചനെ ആദരിച്ചു.





ദൈവം കനിഞ്ഞു നല്കിയ നന്മകൾ ഓർത്തുകൊണ്ട് വൈദികാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്ക്കോപ്പാ അച്ചന് ഹൃദയംഗമമായ ഭാവുകങ്ങളും ആശംസകളും!. എന്റെ അജപാലന ശുശ്രൂഷയെ പ്രാർത്ഥനയാലും പ്രോത്സാഹനത്താലും കരുതലായും ബലപ്പെടുത്തുന്ന കോർ എപ്പിസ്ക്കോപ്പാ അച്ചനോട് ഞാൻ അഗാധമായി കടപ്പെട്ടിരിക്കുന്നു. അച്ചനെ ഓർത്ത് ദൈവപിതാവിന് ഞാൻ കൃതജ്ഞത കരേറ്റുന്നു. അച്ചനിലൂടെ നല്കപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാ ദൈവാനുഗ്രഹങ്ങൾക്കും പരമപിതാവിന് സ്തുതികൾ സമർപ്പിക്കുന്നു.

ജൂബിലി ആശംസകളോടെ,

+ Mar Ignatios

അമലഗിരി
08 ഡിസംബർ 2017

+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത

www.malankaralibrary.com



# THE SYRO-MALANKARA CATHOLIC CHURCH

## DIOCESE OF PATHANAMTHITTA

MOST REV. YOOHANON MAR CHRYSOSTOM
BISHOP OF PATHANAMTHITTA

CATHOLIC BISHOP'S HOUSE
PATHANAMTHITTA - 689 645
KERALA, INDIA
Phone: +91-468-2223100, 2223200
Fax: +91-468-2223800
E-mail: bpdiopta@gmail.com



## ആശംസ

പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിൽ ആയിരിക്കുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോറെപ്പിസ്കോപ്പായുടെ ജൂബിലി സമാപനാഘോഷ വേളയിൽ "സുകൃതം" എന്നപേരിൽ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു.

"ആരും വിളക്കുകൊളുത്തി പാത്രം കൊണ്ട് മൂടുകയോ കട്ടിലിനടിയിൽ വയ്ക്കുകയോ ചെയ്യുന്നില്ല. മറിച്ച് അകത്തു പ്രവേശിക്കുന്നവർക്ക് വെളിച്ചം കാണാൻ അത് പീഠത്തിൻമേൽ വയ്ക്കുന്നു" (ലൂക്കാ.8:16). മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന് സജ്ജീവമായ നേതൃത്വം നൽകിയ കുടുംബപാരമ്പര്യത്തിൽ നിന്നും ഊർജ്ജം സ്വീകരിച്ച് ദൈവവിളിക്ക് സുധീരമായ പ്രത്യുത്തരം നൽകി സഭയുടെ പ്രേക്ഷിത വൃത്തിയിൽ തിളങ്ങുന്ന വ്യക്തിത്വമായി നിലകൊള്ളുന്ന ഏവർക്കും സമുന്നതനായ വൈദികനാണ് വന്ദ്യ ജോസ് കടകംപള്ളിൽ കോറെപ്പിസ്കോപ്പാ. അവിഭക്ത തിരുവനന്തപുരം അതിരൂപതയിലെ മുപ്പതോളം ഇടവകകളുടെ വികാരിയായി, ജില്ലാവികാരിയായി, മാവേലിക്കര രൂപതയുടെ വൈദികപരിശീലന കളരിയുടെ പ്രഥമ റെക്ടറായി നിസ്തുലമായി തന്റെ ശുശ്രൂഷാ മേഖലകളെ സംപുഷ്ടമാക്കിയ ഈ വന്ദ്യ വൈദികൻ പൗരോഹിത്യത്തിന്റെ അമ്പതാം വർഷത്തിലും അനേകർക്ക് പ്രകാശം വിതറുന്ന ദൈവസ്നേഹത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു.

പൗരോഹിത്യ ജീവിതത്തിന്റെ ആഴവും അർത്ഥവും അനേകരിലേക്ക് എത്തിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണല്ലോ പ്രിയ ബഹുമാനപ്പെട്ട അച്ചൻ ഈ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നത്. ഈ ധന്യമായ അവസരത്തിൽ പത്തനംതിട്ട ഭദ്രാസനത്തിലെ എല്ലാ വൈദികരുടേയും സന്യസ്തരുടേയും ദൈവജനത്തിന്റേയും, എന്റേയും പ്രാർത്ഥനകളും ആശംസകളും സ്നേഹപൂർവ്വം നേരുന്നു.

ക്രിസ്തു യേശുവിൽ,

(MOST REV. YOOHANON MAR CHRYSOSTOM — Bishop of Pathanamthitta)

+യൂഹാനോൻ മാർ ക്രിസോസ്റ്റം
പത്തനംതിട്ട മെത്രാപ്പോലീത്താ

പത്തനംതിട്ട
നവംബർ 25, 2017





MOST REV. VINCENT MAR PAULOS
BISHOP OF MARTHANDOM

BISHOP'S HOUSE
MARTHANDOM - 629 165
TAMIL NADU, INDIA.
Phone : 04651 - 271722
Fax : 04651 - 272910
E-mail : bpmardio@gmail.com



## ആശംസ

പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പായ്ക്ക് ജൂബിലിയുടെ ആശംസകളും അനുഗ്രഹങ്ങളും സ്നേഹപൂർവ്വം നേരുന്നു.

ശുശ്രൂഷാ പൗരോഹിത്യത്തിന്റെ ഒരു പ്രതീകമായി വിശുദ്ധ ഗ്രന്ഥം വരച്ചുകാണിക്കുന്ന വിശ്വസ്തനും വിവേകിയുമായ ഭൃത്യനെപ്പോലെ, തന്റെ പൗരോഹിത്യ ശുശ്രൂഷയുടെ നീണ്ട 50 വർഷക്കാലം പൂർത്തിയാക്കുന്ന വന്ദ്യ കോർപ്പിസ്കോപ്പായോടൊപ്പം, നല്ല ദൈവത്തിന് നന്ദിയർപ്പിക്കുന്നു. കടന്നുവന്ന പാതകളിലെല്ലാം ക്രിസ്തുവിന്റെ പാദമുദ്ര പതിപ്പിച്ച്, പരീക്ഷണങ്ങളിൽ പതറാതെ, കഷ്ടതകളിൽ പ്രസന്നത കൈവിടാതെ, സഹനങ്ങളിൽ നഷ്ടധൈര്യനാകാതെ വിശുദ്ധമായി, വിനയാന്വിതനായി ദൈവജനത്തിന് ശുശ്രൂഷചെയ്ത ബഹുമാനപ്പെട്ട അച്ചന്റെ ജീവിതം ആഗോള സഭയ്ക്കും മലങ്കര സഭയ്ക്കും വലിയ ഒരു മുതൽ കൂട്ടാണ്.

സുവർണ്ണ ജൂബിലിയുടെ ഈ അവസരത്തിൽ വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പായ്ക്ക് മാർത്താണ്ഡം രൂപതയുടെ പേരിലും എന്റെ വ്യക്തിപരമായ പേരിലുമുള്ള ജൂബിലി ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

ഈശോയിൽ

**Most Rev. Vincent Mar Paulos**
Bishop of Marthandom

www.malankaralibrary.com



## ORDER OF THE IMITATION OF CHRIST
### Bethany Ashram Generalate

Vadavathoor P.O., Kottayam-686 010
Kerala, India.

Tel. Ph: +91 481 2578494, 2571515, FAX : +91 481 2571057
Website: www.bethanyashram.com
E-mail: generalateoic@gmail.com; oic.infonews@gmail.com

### ആശംസ

പൗരോഹിത്യ സുവർണ്ണജൂബിലി നിറവിൽ നില്ക്കുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പായ്ക്ക് ബഥനി സന്യാസിസമൂഹത്തിന്റെ ആശംസകളും പ്രാർത്ഥനകളും. ബഹു. അച്ചന്റെ മാതൃ ഇടവകയായ പുത്തൂർവച്ചു നടന്ന ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തുകൊണ്ട് അച്ചനെയോർത്ത് ദൈവത്തിന് നന്ദി പറഞ്ഞ്, ആശംസകളും പ്രാർത്ഥനകളും അർപ്പിക്കുന്നതിന് എനിക്കും സമൂഹാംഗങ്ങളിൽ പലർക്കും സാധിച്ചു.

"കർത്താവേ, അങ്ങയുടെ അങ്കണത്തിൽ വസിക്കാൻ അങ്ങുതന്നെ തെരഞ്ഞെടുത്ത് കൊണ്ടുവരുന്നവൻ ഭാഗ്യവാൻ. ഞങ്ങൾ അങ്ങയുടെ ആലയത്തിലെ നന്മ കൊണ്ടു സംതൃപ്തരാകും" (സങ്കീ. 65:4). കഴിഞ്ഞ അമ്പതു വർഷക്കാലം സഭയുടെ വിവിധ ശുശ്രൂഷാമേഖലകളിൽ തീക്ഷ്ണതയോടെ പൗരോഹിത്യശുശ്രൂഷ നിർവഹിച്ച അച്ചനെ കോർ എപ്പിസ്കോപ്പാസ്ഥാനം നല്കി സഭ തന്നെ ബഹുമാനിച്ചു. കരുണാമയനായ ഇടയൻ, ആദ്ധ്യാത്മിക പിതാവ്, പ്രാദേശിക സഭാകൂട്ടായ്മയുടെ നായകൻ എന്നീ നിലകളിലെല്ലാം സ്തുത്യർഹമായ സേവനം കാഴ്ചവെച്ചതു നന്ദി നിറഞ്ഞ ഹൃദയത്തോടെ സഭ അനുസ്മരിക്കുന്നു. പൗരോഹിത്യമൂല്യങ്ങളായ എളിമ, ശാന്തത, സ്നേഹം, ശുശ്രൂഷ, കരുതൽ, വിശ്വസ്തത എന്നീ മൂല്യങ്ങളെ നിർമ്മലതയോടെ കാത്തുസൂക്ഷിച്ചു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ പ്രതിഫലനം ആ ജീവിതത്തെ പ്രകാശമാനമാക്കി. പൗരോഹിത്യ ശുശ്രൂഷയെ വികലമായി അവതരിപ്പിക്കുകയും, വിമർശനാത്മകമായി പ്രതിപാദിക്കുകയും ചെയ്യുന്ന ഈ കാലത്ത് പൗരോഹിത്യത്തിന്റെ സംശുദ്ധമായ ഒരു നേർകാഴ്ച എന്നതുപോലെ കോർ എപ്പിസ്കോപ്പാച്ചൻ നമ്മുടെ മുമ്പിൽ നിലകൊള്ളുന്നു.

സഭയ്ക്കും സമൂഹത്തിനും അച്ചൻ ചെയ്ത സേവനങ്ങളെ നന്ദിനിറഞ്ഞ ഹൃദയത്തോടെ അനുസ്മരിച്ചുകൊണ്ട് ബഥനി സന്യാസിസമൂഹത്തിന്റെ പേരിലുള്ള പ്രാർത്ഥനകളും ആശംസകളും ഒരിക്കൽകൂടി അർപ്പിക്കുന്നു.

പ്രാർത്ഥനകളോടും ആശംസകളോടുംകൂടെ,

ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.
സുപ്പീരിയർ ജനറൽ





## SISTERS OF THE IMITATION OF CHRIST
### Bethany Sisters' Provincialate

Vadavathoor P.O., Kottayam-686 010
Kerala, India.

E-mail : sicmothergeneral@yahoo.in, Phone: 0481-2578537, 2578437,
Fax-1 D: 91-0481 - 2578537

### ആശംസ

പൗരോഹിത്യത്തിന്റെ കനക ജൂബിലി ആഘോഷിക്കുന്ന പെരിയ ബഹു. ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പായ്ക്ക് ബഥനി സഹോദരിമാരുടെ പ്രാർത്ഥനാപൂർവമായ ആശംസകൾ!

നിത്യപുരോഹിതനായ യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളിയായി, കഴിഞ്ഞ 50 വർഷം സഭയിൽ സ്തുത്യർഹമായ ശുശ്രൂഷ നിർവഹിക്കുവാൻ ലഭിച്ച ഭാഗ്യത്തെ ഓർത്ത് ദൈവത്തിന് നന്ദി അർപ്പിക്കുന്നു. "നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴിതെറ്റിപ്പോയതിനെ ഞാൻ തിരികെക്കൊണ്ടുവരും. മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും, ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും..." (എസക്കി. 34:16). തന്റെ അഭിഷിക്തവഴികളിൽ യേശുക്രിസ്തുവിന്റെ ഈ ദൗത്യം ഏറെ നിശ്ചയദാർഢ്യത്തോടും, അർപ്പണ മനോഭാവത്തോടും, തികഞ്ഞ ആത്മീയ ചൈതന്യത്തോടും നിർവഹിക്കാൻ അച്ചന് സാധിച്ചുവെന്നത് ചാരിതാർത്ഥ്യജനകമാണ്.

ഉത്തമ ഇടയശ്രേഷ്ഠൻ, ആത്മീയഗുരു, എല്ലാവരേയും ആകർഷിക്കുന്ന സൗമ്യമായ പെരുമാറ്റം, നർമരസംകലർന്ന സംസാരശൈലി എന്നിവകൊണ്ട് മലങ്കര സഭയിൽ ശോഭിച്ചു നിൽക്കുന്ന തേജസ്സാർന്ന വ്യക്തിത്വം! തിരുവനന്തപുരം മേജർ അതിരൂപതയിലേയും, മാവേലിക്കര രൂപതയിലേയും അനേകം ഇടവകകളിൽ ശുശ്രൂഷചെയ്ത് ദൈവജനത്തെ സഭാജീവിതത്തിൽ ഉറപ്പിച്ച് അനേകം ആത്മാക്കളെ ദൈവത്തിനായി നേടിയെടുത്ത ഇടയൻ. ബഹു. അച്ചന്റെ ആത്മീയ നേതൃത്വവും ത്യാഗനിർഭരവും, സ്നേഹോജ്ജ്വലവും ചൈതന്യവത്തുമായ ജീവിതവും അനേകരെ പൗരോഹിത്യ-സന്യസ്ത ജീവിതത്തിലേക്ക് നയിക്കുന്നതിന് കാരണമായി. ബഥനി സന്യാസിനി സമൂഹത്തിൽ കടകംപള്ളിൽ കുടുംബത്തിൽ നിന്നുള്ള ധാരാളം സന്യസ്തർ ശുശ്രൂഷ ചെയ്ത് സഭയോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നു എന്ന യാഥാർത്ഥ്യവും അനുസ്മരിക്കുന്നു.

ജൂബിലിയുടെ ഈ അവസരത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആയുസ്സും ആരോഗ്യവും സർവശക്തനായ ദൈവം വർഷിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സിസ്റ്റർ ലിറ്റിൽ ഫ്ളവർ എസ്.ഐ.സി.
സുപ്പീരിയർ ജനറൽ

www.malankaralibrary.com



*"Praise be to the Sacred Heart of Jesus"*

**Provincial Superior**
Jyothi Province
S.H. Provincial House
Kothamangalam - 686 691
Kerala, India.

Code : 0485
Phone : 2860012, 2862401
Fax : 0485 - 2861723
..................................

50 വർഷ ജൂബിലി നിറവിലായിരിക്കുന്ന സ്നേഹമുള്ള ജോസച്ചന് ഓടനാവട്ടം ഉൾപ്പെടുന്ന S.H. ജ്യോതി പ്രൊവിൻസിൽ നിന്നും പ്രൊവിൻഷ്യലും ടീമംഗങ്ങളും ചേർന്ന് ഒരായിരം മംഗളങ്ങളും ആശംസകളും സ്നേഹപൂർവ്വം പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

സീറോ മലബാർ സഭയിലെ ഈശോയുടെ തിരുഹൃദയത്തിന്റെ സഹോദരിമാർ തിരുവനന്തപുരത്ത് നട്ടുവളർത്തപ്പെടാൻ ഇടം നൽകിയ മലങ്കര സഭയോട് ഞങ്ങൾക്ക് ഏറെ നന്ദിയും കടപ്പാടും ഉണ്ട്. ഓടനാവട്ടത്തായിരുന്നപ്പോൾ അച്ചൻ ഞങ്ങൾക്കു തന്ന പിന്തുണയും പ്രോത്സാഹനവും ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. ദൈവവിളി പ്രോത്സാഹനത്തിൽ അച്ചൻ കാണിക്കുന്ന തീക്ഷ്ണത അഭിനന്ദനീയമാണ്.

അന്ന് ഓടനാവട്ടത്തായിരുന്ന സഹോദരിമാരുടെ സാന്നിദ്ധ്യം ചേർത്ത് ഒരിക്കൽകൂടി എല്ലാറ്റിനും നന്ദി പറയുന്നു. ജൂബിലി മംഗളങ്ങൾ നേരുന്നു. അച്ചന്റെ ശിഷ്ടജീവിതം ഉപരി ദൈവാനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ജൂബിലി നിറവിലായിരിക്കുന്ന സ്നേഹമുള്ള ജോസച്ചന്റെ 50 വർഷത്തെ ശുശ്രൂഷ ജീവിതത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് അച്ചനോടുള്ള ആദരവാൽ പുറത്തിറക്കുന്ന ഈ സ്മരണിക... അനേകർക്ക് ഉൾക്കാഴ്ചയും പ്രചോദനവും നല്കുമെന്നതിന് പക്ഷാന്തരമില്ല. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച കരങ്ങളെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ആശംസകളും ആയുരാരോഗ്യവും പ്രാർത്ഥനകളും നേർന്നുകൊണ്ട്

സി. ത്രേസ്യാമ്മ പള്ളിക്കുന്നേൽ എസ്.എച്ച്
പ്രൊവിൻഷ്യൽ സുപ്പീരിയർ





## ആശംസ

നിത്യപുരോഹിതനായ ഈശോയുടെ അനുഗ്രഹത്താൽ പൗരോഹിത്യ ശുശ്രൂഷ 50 വർഷം പൂർത്തിയാക്കുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പാ അച്ചന് ഏറ്റം ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ നേർന്നുകൊള്ളുന്നു.

പൂർവ്വപിതാവായ അബ്രഹാത്തെപ്പോലെ പുരോഹിതനായ മൽക്കിസദേക്കിനെപ്പോലെ ദൈവത്തിന്റെ വിളിയിലും വാഗ്ദാനത്തിലും മാത്രം വിശ്വസിച്ച് മാനുഷികമായ എല്ലാ വാഗ്ദാനങ്ങളും ഉപേക്ഷിച്ചുകൊണ്ട് കർത്താവായ യേശുവിന്റെ പൗരോഹിത്യത്തിലേയ്ക്ക് ധൈര്യത്തോടെയുള്ള ഒരു കാൽവയ്പായിരുന്നല്ലോ വന്ദ്യ അച്ചന്റേത്. ലോകം വച്ചു നീട്ടുന്ന എല്ലാ സുഖങ്ങളേയും സ്വന്തമായ എല്ലാവരേയും, എല്ലാത്തിനേയും ത്യജിച്ച് തന്നെ വിളിച്ചവന്റെ പിന്നാലെ വിശ്വസിച്ച് നടന്നുനീങ്ങിയ 50 വർഷങ്ങൾ!!. വിളിച്ചവനെ പ്രഘോഷിച്ച് വിളമ്പിക്കൊടുത്ത 5 പതിറ്റാണ്ടുകൾ ഏറ്റെടുത്ത വൈവിധ്യമാർന്ന ശുശ്രൂഷകൾ, അതിന്റെ പൂർണ്ണതയിൽ നിർവ്വഹിച്ച് ദൈവത്തിനും ദൈവജനത്തിനും പ്രീതികരമായി ശാന്തമായി യേശുവിന്റെ പ്രതിപുരുഷനായി ജീവിച്ച വിശുദ്ധജീവിതം എത്രയോ ജീവിതങ്ങൾക്ക് ആശ്വാസമായി, വഴികാട്ടിയായി, ദൈവീകജീവനിലേയ്ക്ക് നയിച്ചു. എത്രയോ കുടുംബങ്ങൾ തിരുക്കുടുംബങ്ങളായി മാറി. എത്രയോ ദൈവിളികൾ പരിപോഷിപ്പിച്ചു.

ബഹു. അച്ചന്റെ മാതൃകയും പ്രചോദനവും സ്വീകരിച്ച് അനേകം യുവതീ യുവാക്കന്മാർ പൗരോഹിത്യത്തിലേയ്ക്കും സന്യാസത്തിലേയ്ക്കും കടന്നുവരട്ടേയെന്ന് ആശംസിക്കുന്നു. വന്ദ്യ ജോസ് കടംപള്ളിൽ കോർ എപ്പിസ്കോപ്പാ അച്ചന് ഡി. എം. സെന്റ് മേരീസ് പ്രൊവിൻസിലെ എല്ലാ സിസ്റ്റേഴ്സി ന്റേയും അതോടൊപ്പം എന്റെ വ്യക്തിപരമായ ആശംസകളും പ്രാർത്ഥനാ മംഗളങ്ങളും സ്നേഹപൂർവ്വം നേർന്നുകൊള്ളുന്നു. ഇനിയും തുടർന്നുള്ള അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ദൈവാനുഗ്രഹങ്ങൾ യാചിക്കുന്നു.

സ്നേഹപൂർവ്വം

**Rev. Sr. Lilly Thomas DM**
Provincial Superior

www.malankaralibrary.com

വന്ദ്യ ജോസച്ചന്റെ
കുടുംബ പാരമ്പര്യത്തിലൂടെ.....



# പാരമ്പര്യത്തിന്റെ നാൾവഴികളിലൂടെ



**രാജു കടകംപള്ളിൽ**
**സുവർണ്ണജൂബിലി ആഘോഷകമ്മിറ്റി കൺവീനർ**

**പു**രാതനമായ പുത്തൂർ എന്ന ഗ്രാമം പാരമ്പര്യങ്ങൾ കൊണ്ടും ഐതിഹ്യങ്ങൾ കൊണ്ടും സമ്പന്നമാണ്. ക്രൈസ്തവ കുടുംബങ്ങളും, ഹൈന്ദവ കുടുംബങ്ങളും പരസ്പരം സഹകരിച്ചും, സഹിഷ്ണുതയിലും, നൂറ്റാണ്ടുകളായി ജീവിച്ചിരുന്നത് ചരിത്രസത്യം. മാർത്തോമ്മാ ശ്ലീഹായാൽ നിലയ്ക്കൽ പ്രദേശത്ത് സ്ഥാപിക്കപ്പെട്ട ക്രൈസ്തവ ദൈവാലയവും, ക്രൈസ്തവ സമൂഹവും പതിറ്റാണ്ടുകൾ ജീവിച്ചിരുന്നുവെന്ന് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ കാലാന്തരത്തിൽ പ്രകൃതിക്ഷോഭം മൂലമോ, പ്രതികൂല സാഹചര്യങ്ങളാലോ ജീവിതം അസാധ്യമെന്നു വന്നപ്പോൾ അവിടെ നിന്നും ക്രിസ്ത്യാനികൾ പലായനം ചെയ്ത് ചെങ്ങന്നൂർ, കടമ്പനാട് പ്രദേശങ്ങളിലേക്ക് കുടിയേറിയതായി ബർണാഡ് മുതലായ ചരിത്രാന്വേഷണ കുതുകികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കടമ്പനാട് ഒരു ക്രൈസ്തവ ദൈവാലയം സ്ഥാപിച്ച് കഴിഞ്ഞു വന്ന ക്രിസ്തീയ കുടുംബങ്ങൾ എണ്ണത്തിൽ പെരുകുകയും, കല്ലുവെട്ടാംകുഴി കുടുംബക്കാർ പുത്തൂർ തുണ്ടിൽ പുരയിടത്തിൽ വന്ന് താമസമാക്കുകയും ചെയ്തു. അങ്ങനെ വന്ന് താമസമാക്കിയവരിൽ മൂന്നാം തലമുറയിൽപ്പെട്ട കീവറീതിൽ തുടങ്ങിയ വംശാവലിയിൽപെട്ടവരുടെ പിൻതലമുറയിൽ പെട്ടവരിൽ ആറാം തലമുറക്കാരിൽ ഒരാളായ ഉമ്മന് 6 മക്കൾ ഉണ്ടായിരുന്നു. ഒരു മകളും അഞ്ച് ആൺമക്കളും. ഗീവർഗ്ഗീസ്, മത്തായി, മറിയ, ഇടിക്കുള, കുഞ്ചാണ്ടി, യോഹന്നാൻ എന്നിവർ. അവരിൽ ഗീവർഗ്ഗീസിന് ഏഴ് മക്കൾ ജനിച്ചു. ഉമ്മൻ, ശോശാമ്മ, യോഹന്നാൻ, ഡാനിയേൽ, മറിയാമ്മ, മാത്യു, ബേബി. ഇതിൽ മൂത്ത മകൻ ഉമ്മൻ, പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ കടമ്മനിട്ട കാട്ടുകല്ലിൽ റെയിച്ചലിനെ വിവാഹം ചെയ്തു. ഈ ദമ്പതികളുടെ ഒൻപതു മക്കളിൽ രണ്ടാമനായി ജൂബിലേറിയൻ 1942 ജൂലൈ 27-ന് ജനിച്ചു. മറ്റ് സന്താനങ്ങൾ സാമ്രുകുട്ടി, ലില്ലിക്കുട്ടി

www.malankaralibrary.com



(സി. ലൂമിന SIC), തോമസുകുട്ടി, സൂസമ്മ, ജോർജ്ജുകുട്ടി, ജോൺ, രാജു, ഷേർളി.

കെ. ഉമ്മന്റെ സഹോദരങ്ങളിൽ ഡാനിയേൽ വൈദികനായി. മറിയാമ്മ കന്യാസ്ത്രിയായി മറിയ ഗ്രാസ്യ എന്ന നാമം സ്വീകരിച്ചു. മാത്യു ഒഴികെ മറ്റുള്ളവരെല്ലാം തന്നെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ജൂബിലേറിയന്റെ പിതാമഹൻ ഗീവർഗ്ഗീസിന്റെ സഹോദരൻ മത്തായി, അന്ന് യാക്കോബായ സഭയിലെ വൈദികനായി അഭിഷിക്തനായി. മലങ്കര സഭയിൽ ഐക്യത്തിന്റെ ശ്രമങ്ങൾ പരാജയപ്പെട്ട്, ആഭ്യന്തര കലഹങ്ങളും, അസമാധാനവും കൊണ്ട് പൊറുതിമുട്ടിയ കാലം. മാർ ഈവാനിയോസ് തിരുമേനി (ഇപ്പോൾ ദൈവദാസൻ മാർ ഈവാനിയോസ്) കത്തോലിക്കാ സഭയെ പുനരൈക്യ പ്രസ്ഥാനത്തിലൂടെ 1930 സെപ്റ്റംബർ 30-ാം തീയതി ആശ്ലേഷിച്ചു. അതിനു മുൻപു തന്നെ മത്തായി വിളയിലച്ചൻ, കത്തോലിക്കാ സഭയിൽ ചേരാൻ പരിശ്രമങ്ങൾ നടത്തിവന്നു. എന്നാൽ പുനരൈക്യ പ്രസ്ഥാനം യാഥാർത്ഥ്യമാക്കാൻ ശ്രമങ്ങൾ നടന്നു വരുന്നതിനാൽ കാത്തിരിക്കാനാണ് അദ്ദേഹത്തിനു ലഭിച്ച ഉപദേശം. അങ്ങനെ 1932-ൽ മത്തായി വിളയിലച്ചനും കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. അദ്ദേഹത്തിന്റെ സഹോദരങ്ങളും, പിതൃസഹോദരന്മാരും, അവരുടെ മക്കളും എല്ലാം കത്തോലിക്കാസഭയിൽ ചേർന്നു. പുത്തൂരിൽ മലങ്കര കത്തോലിക്കാ പുനരൈക്യ പ്രസ്ഥാനം സ്ഥാപിതമായി. ഇവരെക്കൂടാതെ മനക്കരക്കാവിൽ കുടുംബക്കാർ, തുണ്ടിൽ കുടുംബക്കാർ, കല്ലുംമൂട്ടിൽ കുടുംബക്കാർ എന്നിവരും ഈ സഭയെ സ്വീകരിച്ചു. ജൂബിലേറിയന്റെ ജീവിതം കെട്ടിപ്പടുക്കുന്നതിൽ ഈ പൈതൃകവും പാരമ്പര്യവും, ചെലുത്തിയിട്ടുള്ള സ്വാധീനം വിസ്മരിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ ഇവിടെ വിവരിച്ചിരിക്കുന്നത്.

ഇങ്ങനെ വന്ദ്യ മത്തായി വിളയിലച്ചനിൽ തുടങ്ങി, അദ്ദേഹത്തിന്റെ മക്കളായ ഫാ. തോമസ് വിളയിൽ, ഫാ. ജേക്കബ് വിളയിൽ, ജൂബിലേറിയന്റെ പിതൃസഹോദരൻ ഫാ. ഡാനിയേൽ കടകംപള്ളിൽ, കുടുംബ പരമ്പരയിൽ 6-ാം തലമുറയിലെ ചാണ്ടിപ്പിള്ളയുടെ മക്കളിൽ ഉമ്മന്റെ മകൻ ഫാ. മാത്യു കടകംപള്ളിൽ എന്നിവർ ജൂബിലേറിയന്റെ വൈദികാന്തസ്സു തെരഞ്ഞെടുക്കുന്നതിൽ സ്വാധീനിച്ചിട്ടുണ്ട്.





ജൂബിലേറിയന്റെ പൈതൃക പാരമ്പര്യം, അദ്ദേഹത്തിന് പകർന്നു നൽകിയ ചൈതന്യം, തുടർന്നു വരുന്ന പേജുകളിൽ വിവരിക്കപ്പെടുന്ന അദ്ദേഹത്തിന്റെ അഞ്ചു പതിറ്റാണ്ടുകളുടെ പൗരോഹിത്യ ജീവിതം സാക്ഷ്യപ്പെടുത്തുന്നതാണ്.

അദ്ദേഹത്തിന്റെ പിതാവ് കെ. ഉമ്മൻ, കടകംപള്ളിൽ കുടുംബത്തിൽ നിന്നും, അദ്ധ്യാപകവൃത്തി സ്വീകരിച്ച ആദ്യ അംഗമായിരുന്നു. ഏതാണ്ട് 14 വർഷക്കാലം അദ്ദേഹം, പുത്തൂർ മലങ്കര കത്തോലിക്കാ മാനേജ്മെന്റിന്റെ കീഴിൽ 1935-ൽ സ്ഥാപിതമായ ലിറ്റിൽ ഫ്ളവർ സ്കൂളിൽ സേവനം ചെയ്തു. തുടർന്ന് സർക്കാർ സർവ്വീസിലേക്ക് പോവുകയുണ്ടായി. അധ്യാപകന്റെ തുച്ഛമായ ശമ്പളം കൊണ്ട്, ചെലവുകൾ നിയന്ത്രിച്ച് അദ്ദേഹം മക്കൾക്കെല്ലാം വിദ്യാഭ്യാസം നൽകുന്നതിന് പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. പുത്തൂരിൽ സ്ഥാപിതമായ ഇംഗ്ലീഷ് മീഡിയം സ്കൂളായിരുന്നു എൽ. എഫ്. (ലിറ്റിൽ ഫ്ളവർ) സ്കൂൾ. പുത്തൂരിലും സമീപ പ്രദേശത്തുമുള്ള അനേകായിരങ്ങളെ പഠിപ്പിച്ച പാരമ്പര്യം ഉമ്മൻ സാറിനുണ്ട്. അതുകൊണ്ട് തന്നെ അദ്ദേഹം നാട്ടിൽ ആദരിക്കപ്പെടുന്ന വ്യക്തിത്വമായിരുന്നു. ഇന്നും, പഴയ തലമുറയിൽപെട്ട പുത്തൂരിലും പരിസരപ്രദേശങ്ങളിലുമുള്ള വ്യക്തികൾ, ഉമ്മൻ സാറിനെക്കുറിച്ച് ഭക്ത്യാദരവുകളോടുകൂടി മാത്രമേ സ്മരിക്കാറുള്ളൂ. ഈ പൈതൃകം മക്കൾക്കെല്ലാം അവരുടെ ജീവിതത്തിൽ ശക്തമായ ആത്മാഭിമാനവും, ദിശാബോധവും നൽകിയിട്ടുണ്ടെന്നുള്ളതിന് തർക്കമില്ല. ജൂബിലേറിയന്റെ മാതാവിന്റെ കുടുംബ പശ്ചാത്തലവും അഭിമാനിക്കത്തക്കതാണ്. പകലോമറ്റം, താഴമൺ കുടുംബപരമ്പരയിൽപെട്ട അയിരൂർ വല്ല്യേലിൽ കുടുംബാംഗം മാത്തൻ ചാണ്ടിയാണ് പിതാവ്, മാതാവ്, കാട്ടൂർ കുന്നത്ത് കുടുംബാംഗമാണ്. മാത്തൻ ചാണ്ടി അയിരൂരിൽ നിന്നും കടമ്മനിട്ടയിൽ (കാട്ടുകല്ലിൽ) വന്ന് താമസമാക്കി. നല്ല കർഷകനായിരുന്നു. മക്കൾ പത്ത് പേരായിരുന്നു. അഞ്ച് ആൺ മക്കളും, അഞ്ച് പെൺമക്കളും. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് ഇവരും കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. മക്കളെയെല്ലാം അന്ന് ലഭ്യമായിരുന്ന രീതിയിൽ വിദ്യാഭ്യാസം ചെയ്യിച്ചു. ജൂബിലേറിയന്റെ മാതൃസഹോദരപുത്രൻ ഫാ. സാമുവൽ കാട്ടുകല്ലിൽ ഇപ്പോൾ സാമുവൽ മാർ ഐറേനിയോസ് എന്ന പേരിൽ തിരുവനന്തപുരം മലങ്കര കത്തോലിക്കാ അതിഭദ്രാസനത്തിന്റെ സഹായ മെത്രാനായി സഭയെ ശുശ്രൂഷിക്കുന്നു.

www.malankaralibrary.com



പിതാവിന്റെയും മാതാവിന്റെയും വംശാവലിയിലൂടെ ലഭിച്ച പൗരാണികവും സമ്പന്നവുമായ പാരമ്പര്യത്തിന്റെ മഹത്വം, ജൂബിലേറിയന്റെ വ്യക്തിത്വ രൂപീകരണത്തെ സ്വാധീനിച്ചിട്ടുണ്ട് എന്നുള്ളത് തർക്കമറ്റ കാര്യമാണ്. പാരമ്പര്യമായി ലഭിച്ച നന്മകൾ, വിദ്യാഭ്യാസത്തിലൂടെയും പൗരോഹിത്യ പരിശീലനത്തിലൂടെയും സമ്പന്നമാക്കി തുടർന്നുള്ള ജീവിതത്തിലും സഭാ ശുശ്രൂഷയിലും അഭംഗുരം കാത്തു സൂക്ഷിച്ചിരിക്കുന്നു. കടന്നുവന്ന കാലത്തേക്കു തിരിഞ്ഞുനോക്കുമ്പോൾ സ്വർഗ്ഗീയ ഭവന പ്രാപ്തരായ പിതാക്കന്മാരും, വൈദിക ശ്രേഷ്ഠരും, ഈ മകന്റെ ജീവിതം കണ്ട് ആഹ്ലാദിക്കുന്നുണ്ട് എന്നുള്ളതിൽ സംശയമില്ല. തുടർന്നുള്ള അധ്യായങ്ങളിൽ ജൂബിലേറിയന്റെ ശൈശവ, ബാല്യ, കൗമാര കാലഘട്ടങ്ങളും പൗരോഹിത്യ ശുശ്രൂഷയിലെ നാഴികക്കല്ലുകളും അനുസ്മരിക്കപ്പെടുന്നതിനുള്ള ശ്രമം നടത്തുകയാണ്. വാക്കുകളും വിവരണങ്ങളും പരിമിതമാണ്. എന്നിരുന്നാലും ആ സന്യാസവര്യന്റെ ജീവിതം ആയിരക്കണക്കിന് പുരോഹിതഗണങ്ങൾക്ക് പ്രചോദനമാകുമെങ്കിൽ ഈ പ്രയത്നം സഫലമായെന്ന് ആശ്വസിക്കാം.

**അനുഗ്രഹീതമായ കുടുംബം**

സൂര്യനും ചന്ദ്രനും നവഗ്രഹങ്ങളുമെന്നതുപോലെ അപ്പനും അമ്മയും ഒൻപതുമക്കളുമടങ്ങിയ കുടുംബം. ജൂബിലേറിയന് മൂത്ത ഒരു സഹോദരൻ, ഇളയതായി മൂന്നു സഹോദരിമാരും നാലു സഹോദരങ്ങളും.

മൂത്ത സഹോദരൻ കെ. ഒ. സാമ്രുകുട്ടി – എയർ ഫോഴ്സിൽ സർജന്റായി റിട്ടയർ ചെയ്തു. ഭാര്യ സാലി, നാലു പെൺമക്കൾ. മൂന്നാമത്തെ മകൾ സി. ലീജിയ, ബഥനി സന്യാസിനിയാണ്.

ഇളയവരിൽ മൂത്ത സഹോദരി ലില്ലിക്കുട്ടി-ബഥനി സന്യാസ സമൂഹത്തിൽ ചേർന്ന് സി. ലൂമിന എന്ന പേരിൽ സേവനം ചെയ്തു വരുന്നു. നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം സ്കൂളിൽ ഹെഡ്മിസ്ട്രസായി റിട്ടയർ ചെയ്തു. തിരുവനന്തപുരം പ്രൊവിൻസിന്റെ മദർ പ്രൊവിൻഷ്യലായും, കോട്ടയം ജനറലേറ്റിൽ ഒന്നാം കൗൺസിലറായും ദീർഘകാലം സേവനം ചെയ്തു. ഇപ്പോൾ പിരപ്പൻകോടു മഠത്തിൽ സമൂഹത്തിന്റെ പുതിയ സംരംഭമായ കൃപാലയായുടെ (Home for Senior Citizen) മേൽനോട്ടം വഹിച്ചുവരുന്നു.





നാലാമനായ കെ. ഒ. തോമസുകുട്ടി തിരുവനന്തപുരം പട്ടം സെന്റ് മേരീസ് അധ്യാപകൻ, കറ്റാനം പോപ്പ് പയസ്, നാലാഞ്ചിറ സെന്റ് ജോൺസ് എന്നീ സ്കൂളുകളുടെ ഹെഡ്മാസ്റ്റർ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ഇപ്പോൾ റിട്ടയർ ചെയ്ത് സഭാശുശ്രൂഷയിലും സാമൂഹ്യ മേഖലയിലും പ്രവർത്തിച്ചുവരുന്നു. ഭാര്യ അൽഫോൺസാമ്മ സഖറിയ, സെക്രട്ടറിയേറ്റിൽ അണ്ടർ സെക്രട്ടറിയായിരുന്നു. മൂന്നു പെൺമക്കൾ.

അഞ്ചാമത്തെ സഹോദരി കെ.ഒ. സൂസമ്മ വീട്ടമ്മയാണ്. ശാസ്താംകോട്ട കരുന്തോട്ടുവാ മണലുവിളയിൽ എം. ജോർജ്ജ് ആണ് ഭർത്താവ്. മിലിട്ടറി എഞ്ചിനീയറിംഗ് സർവ്വീസിൽ സുബൈദാർ മേജർ ആയി റിട്ടയർ ചെയ്തു. രണ്ട് ആൺമക്കൾ. മൂത്തമകൻ ഫാ. മാത്യു മണലുവിള ഒ.ഐ.സി..

ആറാമൻ സഹോദരൻ കെ. ഒ. ജോർജ്ജുകുട്ടി, ബിരുദധാരിയാണ്. ഫെഡറൽ ബാങ്കിൽ സീനിയർ മാനേജർ വരെയായി റിട്ടയർ ചെയ്തു. സഭാ ശുശ്രൂഷയിലും മറ്റും വ്യാപൃതനാണ്. ഭാര്യ ത്രേസ്യാമ്മ സഖറിയ, റിട്ടയർ ചെയ്ത അധ്യാപികയാണ്. രണ്ടു പെൺമക്കൾ.

ഏഴാമനും സഹോദരനാണ്. കെ. ഒ. ജോൺ. ബികോം ബിരുദധാരിയാണ്. കുവൈറ്റിൽ പ്രഗദ്ഭമായ ഒരു കമ്പനിയുടെ അക്കൗണ്ട്സ് മാനേജരാണ്. കെ.എം.ആർ.എം. കുവൈറ്റിന്റെ മുൻ പ്രസിഡന്റും സജീവാംഗമാണ്. ഭാര്യ ദീനാമ്മ ജോൺ. 2005 ജൂൺ 22-ന് അകാലത്തിൽ നിത്യതയിൽ ചേർക്കപ്പെട്ടു. മക്കൾ, ഒരു മകനും മകളും.

എട്ടാമൻ കെ. ഒ. രാജു. ബിരുദാനന്തര ബിരുദധാരി. കേരള ഗവൺമെന്റിൽ സഹകരണ വകുപ്പിൽ അസിസ്റ്റന്റ് രജിസ്ട്രാറായി റിട്ടയർ ചെയ്തു. ഇപ്പോൾ മാവേലിക്കര ഭദ്രാസനത്തിന്റെ പാസ്റ്ററൽ കൗൺസിൽ അൽമായ സെക്രട്ടറിയാണ്. ഭാര്യ ലാലി ഫിലിപ്പോസ് അധ്യാപികയാണ്. രണ്ട് ആൺമക്കൾ. മൂത്തമകൻ 2014 ആഗസ്റ്റ് 9-ന് 24-ാമത്തെ വയസ്സിൽ അകാലത്തിൽ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടു.

ഇളയ സഹോദരി കെ. ഒ. ഷേർളി, ബിരുദാനന്തര ബിരുദധാരിയാണ്. പട്ടം സെന്റ് മേരീസ് സ്കൂളിൽ അധ്യാപിക. ഭർത്താവ് കെ.ജി. ജോസ്. പുനലൂർ മഞ്ഞമൺകാല പൊന്നാറ കുടുംബാംഗം. ബിരുദാനന്തര ബിരുദധാരി. പട്ടം സെന്റ് മേരീസ് സ്കൂളിൽ അധ്യാപകൻ. രണ്ടു മക്കൾ, ഒരു മകളും മകനും.

www.malankaralibrary.com



പിതാവ് കെ. ഉമ്മൻ 2003 ഡിസംബർ 8-നും മാതാവ് അതേ വർഷം ഫെബ്രുവരി 8-നും ദൈവസമ്മാനത്തിനായി ചേർക്കപ്പെട്ടു. ഒരു സഹോദര ഭാര്യയും, സഹോദര പുത്രനും അകാലത്തിൽ നിത്യതയിലേക്ക് വിളിക്കപ്പെട്ടത് അച്ചനെ സംബന്ധിച്ചിടത്തോളം മനസ്സിനേറ്റ ആഘാതങ്ങളായിരുന്നു. ദൈവതീരുമാനത്തിന് വിധേയനാകുക എന്ന ക്രൈസ്തവ ധർമ്മം ഉൾക്കൊണ്ട് സഹോദരങ്ങളെ ശക്തിപ്പെടുത്തുന്നതിന് അച്ചൻ പ്രതിദിന കുർബാനയിൽ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

**ബാല്യകാലം വസന്തകാലം**

ജൂബിലേറിയന്റെ പിതാമഹൻ പുത്തൂർ വിളയിൽ കുടുംബത്തിൽ നിന്നും മൈലംകുളത്ത് അപ്പിനഴികത്ത് പുരയിടത്തിൽ താമസമാക്കി. ജോസച്ചന്റെ ജനനവും ശൈശവകാലവും അവിടെയായിരുന്നു. പിതാവ് ഉമ്മൻ സാർ, കടക്കൽ ഗവ. എൽ. പി. സ്കൂളിൽ അധ്യാപകനായി ജോലി ചെയ്തു വന്നു. അച്ചന്റെ ശൈശവകാല സ്മരണകൾ ഇന്നും അവിടെ അലയൊലിതീർക്കുന്നു. പിതാവിന്റെ സഹോദരങ്ങളും സഹോദരിമാരും, മൂത്ത സഹോദരൻ സാമ്രുകുട്ടിയും ഇളയ സഹോദരി ലില്ലികുട്ടിയും, തോമസ്കുട്ടിയും ജനിച്ചതും വളർന്നതും ഇവിടെയായിരുന്നു.

അന്നത്തെ കാലത്ത് നിലത്തെഴുത്ത് അഭ്യസിച്ചതിനു ശേഷമേ സ്കൂളുകളിൽ ചേർക്കുമായിരുന്നുള്ളൂ. മൈലംകുളത്തുണ്ടായിരുന്ന കുടിപ്പള്ളിക്കൂടത്തിൽ ആശാന്മാരിൽ നിന്നും നിലത്തെഴുത്ത് അഭ്യസിച്ചു. പനയോലയിൽ നാരായം കൊണ്ട് മലയാള അക്ഷരങ്ങളും ഗണിതവും രേഖപ്പെടുത്തി നൽകിയിരുന്നു. തറയിൽ മണൽ വിരിച്ച് അതിലായിരുന്നു എഴുത്ത് അഭ്യസിച്ചിരുന്നത്. എഴുത്തോലകളിലെ അക്ഷരങ്ങളും അക്കങ്ങളും ഹൃദിസ്ഥമാക്കുന്നതിൽ അച്ചൻ ഉത്സുകനായിരുന്നു. പൈതൃകമായി ലഭിച്ച ബുദ്ധിപാടവം ഭാഷയും, ഗണിതവും കരഗതമാക്കുന്നതിൽ ജൂബിലേറിയനെ വേറിട്ട വിദ്യാർത്ഥിയാക്കി. കുടിപ്പള്ളിക്കൂടം ആശാനെ അത്ഭുതപ്പെടുത്തുമാറ് വേഗത്തിൽ എല്ലാ ഓലകളും ഹൃദിസ്ഥമാക്കി. ചില്ലറ കുസൃതികൾ കാട്ടുന്നതിലും ഒട്ടും പിന്നിലായിരുന്നില്ല. ഇടയ്ക്കിടെ ആശാന്റെ ചൂരൽ പ്രയോഗത്തിന് വിധേയനാകുമായിരുന്നെങ്കിലും അവരുടെ സ്നേഹഭാജനവുമായിരുന്നുവെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്.





ഫാ. ഡാനിയേൽ കടകംപള്ളിൽ
പിതൃസഹോദരൻ



സി. മരിയ ത്രാസ്യാ
പിതൃസഹോദരി

www.malankaralibrary.com

# ആദരാഞ്ജലികൾ



വന്ദ്യ ജോസച്ചന്റെ കനിഷ്ഠ സഹോദരൻ

**കെ. ഒ. സാമുകുട്ടി**

(08 – 01 – 2018)

## അകാലവേർപാടിന്റെ നൊമ്പരം



**ദീനാമ്മ ജോൺ**

സഹോദരഭാര്യ (22 – 06 – 2005)

www.malankaralibrary.com

## അകാലവേർപാടിന്റെ നൊമ്പരം



ജിതിൻ കെ. രാജു
സഹോദരപുത്രൻ (14-08-2014)



അവധികാലങ്ങളിൽ മാതാവിനോടൊപ്പം കടമ്മനിട്ടയിലുള്ള മാതൃഗൃഹത്തിൽ എത്തുമായിരുന്നു. പുത്തൂരിൽ നിന്നും കാൽനടയായിട്ടായിരുന്നു അക്കാലങ്ങളിൽ കടമ്മനിട്ടക്കു പോയിരുന്നത്. മാതൃസഹോദരങ്ങളോ, മാതാവിന്റെ പിതാവോ വന്നായിരുന്നു ജൂബിലേറിയനെയും സഹോദരങ്ങളെയും കൂട്ടിക്കൊണ്ടുപോയിരുന്നത്. അക്കാലത്ത് പുത്തൂർ മുക്കിൽ നിന്നും അടൂർവരെ മാത്രമേ അപൂർവ്വമായി ബസുകൾ ഉണ്ടായിരുന്നുള്ളൂ. അടൂരുനിന്നും തട്ടവയലുവഴി കാൽനടയായി കൈപ്പട്ടൂരെത്തി വള്ളം കയറിയായിരുന്നു അക്കരെ പോയിരുന്നത്. ഇടയ്ക്ക് അങ്ങിങ്ങുമാത്രമുള്ള ഭവനങ്ങളിലൊന്നിൽ കയറി കയ്യിൽ കരുതിയിട്ടുള്ള ഭക്ഷണം കഴിച്ച്, വിശ്രമിച്ചിട്ടായിരുന്നു യാത്ര. മഴയുള്ള അവസരങ്ങളിൽ മലവെള്ളം അലറിയൊഴുകിയെത്തുന്ന കൈപ്പട്ടൂരാറിനു കുറുകെ ചങ്ങാടത്തിൽ കയറി ശ്വാസമടക്കിപ്പിടിച്ചിരുന്ന് അക്കരെ കയറിയ കഥകളും, അമ്മയിൽ നിന്നും പറഞ്ഞുകേട്ടിട്ടുണ്ട്. കടമ്മനിട്ടയിലെ മാതൃഭവനവും അവിടുത്തെ കുന്നുകളും, ചതുപ്പുകളും പറങ്കിമാവിൻ തോട്ടങ്ങളും, മൃഗങ്ങളും, പ്രകൃതിരമണീയമായ പരിസരങ്ങളും ഗൃഹാതുരത്വം ഉണർത്തുന്ന സ്മരണകളായി ഇന്നും ജൂബിലേറിയൻ പങ്കുവയ്ക്കാറുണ്ട്. കുടുംബത്തിലെ ഏറ്റവും മുതിർന്ന മകനെന്ന നിലയിൽ പിതാവ് ഉമ്മൻ സാർ എന്നും കുടുംബകാര്യങ്ങളിലും ഔദ്യോഗിക ജോലികളിലും വ്യാപൃതനായിരുന്നതിനാൽ അല്പം കർശനക്കാരനായിട്ടായിരുന്നു മക്കളോട് ഇടപഴകിയിരുന്നത്. ഇതിനിടയിലും മക്കളുടെ വിദ്യാഭ്യാസ കാര്യത്തിലും അച്ചടക്കത്തിലും അദ്ദേഹം വിട്ടുവീഴ്ചയില്ലാതെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പിതാവിൽ നിന്നും പിശുക്കോടെ ലഭിച്ചിരുന്ന വാത്സല്യം, അമ്മയുടെ വാരിക്കോരിയുള്ള വാത്സല്യം കൊണ്ട് നികത്തപ്പെട്ടിരുന്നു. അന്നത്തെ സാമ്പത്തിക പരാധീനതകളും രോഗപീഠകളും ഇല്ലായ്മകളും ഒന്നും മക്കളെ അധികം അറിയിക്കാതെ എല്ലാം സഹിച്ച് മാതാവ് മക്കൾക്ക് എല്ലാ കരുതലും വാരിക്കോരി നൽകിയിരുന്നുവെന്നുള്ളത് നിറകണ്ണുകളോടു മാത്രമേ ഓർക്കാൻ കഴിയുന്നുള്ളൂ. മാതൃപിതാവും, മാതാവും സഹോദരങ്ങളും ഇതിനൊക്കെ അവരുടെ കഴിവിന്റെ പരമാവധി പിന്തുണ നൽകിയിരുന്നു. ജൂബിലേറിയനും സഹോദരീ സഹോദരങ്ങൾക്കും പിതാവിന്റെ കുടുംബത്തിൽ നിന്നും ലഭിച്ച അതേ കരുതലും വാത്സല്യവും മാതാവിന്റെ കുടുംബത്തിൽ നിന്നും ലഭിച്ചിരുന്നു വന്നു പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല.

www.malankaralibrary.com



നിലത്തെഴുത്ത് പൂർത്തിയാക്കിയ ബാലനായ അച്ചനെ അന്നത്തെ പ്രാഥമിക വിദ്യാഭ്യാസത്തിനായി പുത്തൂരിൽ ലണ്ടൻ മിഷൻകാർ സ്ഥാപിച്ചു നടത്തി വന്ന എൽ.എം.എസ്.എൽ.പി. എസ്സിൽ ചേർത്തു. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകൾ അച്ചൻ അവിടെയാണ് പഠിച്ചത്. തന്റെ മൂത്ത സഹോദരനും, ഇളയസഹോദരിക്കും കുടുംബത്തിലെ മറ്റു പിതൃ സഹോദരർക്കുമൊപ്പമായിരുന്നു അവിടെ പഠിച്ചത്. പഠനത്തിൽ എന്നും മികവു പുലർത്തിയിരുന്ന അച്ചൻ, അധ്യാപകരുടെ ഇഷ്ടപ്പെട്ട വിദ്യാർത്ഥിയായിരുന്നു. മനുവേൽ സാറും സഹ അധ്യാപകരും അച്ചന്റെ ഓർമ്മയിൽ ഇന്നും പച്ചപിടിച്ചു നിൽക്കുന്നു. തന്റെ കുടുംബത്തിൽപെട്ട മാത്യു കടകംപള്ളിലച്ചനും അങ്ങനെ പലരും ഈ സ്കൂളിൽ തന്നെയായിരുന്നു പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നത്. മാത്യു കടകംപള്ളിലച്ചൻ 2014 മെയ് മാസം എട്ടാം തീയതി തന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി പൂർത്തിയാക്കുകയുണ്ടായി. അച്ചന്റെ ജീവിത ചരിത്രം പ്രതിപാദിക്കുന്ന പുസ്തകത്തിലും, ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്.

നാലാം ക്ലാസ്സ് വരെ പഠനം പൂർത്തിയാക്കിയ ശേഷം ജൂബിലേറിയൻ പുത്തൂർ മലങ്കര കത്തോലിക്കാ ദേവാലയാങ്കണത്തിൽ സ്ഥാപിതമായിരുന്ന ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഫസ്റ്റ് ഫോറത്തിൽ ചേർന്നു. ഈ സ്കൂൾ അച്ചന്റെ പിതാമഹൻ ഗീവർഗ്ഗീസിന്റെ സഹോദരനും പുത്തൂരിൽ പുനരൈക്യ പ്രസ്ഥാനത്തിനു തുടക്കമിട്ടതുമായ മത്തായി വിളയിലച്ചന്റെ പരിശ്രമഫലമായി ആരംഭിച്ചതായിരുന്നു. ജോസച്ചന്റെ പിതാവ് ഉമ്മൻ സാർ 14 വർഷം ഈ സ്കൂളിൽ അധ്യാപനം നടത്തിയിരുന്നു. എന്നാൽ അച്ചൻ പഠനത്തിന് എത്തുന്നതിനു മുൻപുള്ള വർഷം അദ്ദേഹം ഗവൺമെന്റ് സർവ്വീസിൽ അധ്യാപകനായി ചേരുകയാൽ, സ്ഥലം മാറിപോയിരുന്നു. കുട്ടിസാർ, ഉണ്ണുണ്ണി സാർ, തോമസ് സാർ എന്നിങ്ങനെയുള്ള അധ്യാപകർ അദ്ദേഹത്തെ അഭ്യസിപ്പിച്ചവരിൽ പ്രമുഖരായിരുന്നു. അന്നത്തെ അച്ചടക്കവും, കർക്കശനിയമങ്ങളും ജീവിതത്തിൽ ഇന്നും കാത്തുസൂക്ഷിക്കുന്ന അച്ചൻ, ആ കാലഘട്ടത്തെക്കുറിച്ച് ചോദിക്കുമ്പോൾ വികാര തരളിതനും വാചാലനുമാകുന്നത് നിർന്നിമേഷനായി നോക്കി നിന്നിട്ടുണ്ട്. പള്ളിയും പള്ളിക്കൂടവും മനുഷ്യന്റെ സ്വഭാവ രൂപീകരണത്തിൽ വ്യത്യസ്ഥമായ മേഖലകളിലൂടെ ചെലുത്തുന്ന സ്വാധീനത്തിന്റെ മകുടോദാഹരണമാണ്



സുകൃതം

ഈ സ്കൂൾ എന്നതിൽ അച്ചന്റെ ജീവിതം ദൃഷ്ടാന്തമാണ്. തേർഡ്ഫാറം പാസ്സായതിനുശേഷം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി അദ്ദേഹം 1945-ൽ എൽ. എഫ്. സ്കൂളിനോടു വിട പറഞ്ഞു.

### ഹൈസ്കൂൾ വിദ്യാഭ്യാസം

പുത്തൂരിലും പരിസരപ്രദേശങ്ങളിലുള്ളവർക്കും ഹൈസ്കൂൾ പഠനം നടത്തണമെങ്കിൽ കിലോമീറ്ററുകൾ താണ്ടി കൊട്ടാരക്കരയിലോ, കുളക്കടയിലോ പോകേണ്ടിയിരുന്നു. പാങ്ങോട്ടും പ്രൈവറ്റ് മാനേജ്മെന്റിന്റെ കീഴിൽ ഹൈസ്കൂൾ ഉണ്ടായിരുന്നു. എന്നാൽ ഏകദേശം 8 കിലോമീറ്റർ ദൂരമുണ്ടായിരുന്ന കുളക്കട ഗവൺമെന്റ് ഹൈസ്കൂളിൽ ഫോർത്ത് ഫോറത്തിൽ വന്ദ്യ അച്ചനെ ചേർക്കുന്നതിനു പിതാവ് തീരുമാനിച്ചു. സമീപവാസികളായ കുട്ടൻപിള്ള, രാമചന്ദ്രൻപിള്ള എന്നിങ്ങനെ കുറേപേർ കൂടിയായിരുന്നു സ്കൂളിലേക്ക് പോയിരുന്നത്. ബസ് സൗകര്യം അപൂർവ്വമായിരുന്ന അക്കാലത്ത് കാൽനടയായി പോകുക എന്നതു മാത്രമായിരുന്നു കരണീയം. മൈലംകുളത്തുനിന്നും മാവടിയിലെത്തി വയലുകൾ വഴി കുറുക്കുവഴിയിലൂടെ പുസ്തകകെട്ടും ചോറുപൊതിയും ചുമന്നുകൊണ്ട് കൂട്ടുകാരോടൊത്ത് ചെയ്ത യാത്രകൾ പലപ്പോഴും അയവിറക്കാറുണ്ട്. കോരിച്ചൊരിയുന്ന മഴയത്ത് വാഴയില വെട്ടി കുടയായി പിടിച്ചുകൊണ്ട് പോകുമായിരുന്നു. മഴക്കാലത്ത് വയലിലൊക്കെ വെള്ളം നിറയുകയും കല്ലടയാറ്റിൽ നിന്നുള്ള വെള്ളം താഴ്ന്നപ്രദേശങ്ങളെയെല്ലാം നിമഞ്ജനം ചെയ്തു കിടക്കുന്ന സമയങ്ങളിൽ സാഹസികമായി നടത്തിയ യാത്രകൾ ഇന്നും പങ്കുവയ്ക്കുമ്പോൾ അച്ചന്റെ മുഖത്ത് വിരിയുന്ന ഭാവം വാക്കുകൾക്കതീതമാണ്. പണത്തിന് വളരെയധികം ബുദ്ധിമുട്ടുണ്ടായിരുന്ന കാലഘട്ടമായിരുന്നു അന്നൊക്കെ. പേപ്പർ വാങ്ങി കുത്തിക്കെട്ടി നോട്ടുബുക്കുകൾ ഉണ്ടാക്കിയെടുത്തായിരുന്നു ഉപയോഗിച്ചിരുന്നത്. പിതാവിന്റെ തുച്ഛമായ വരുമാനം കൊണ്ട് വളരെ ഞെരുങ്ങിയായിരുന്നു മക്കളുടെ വിഭ്യാഭ്യാസം മുന്നോട്ടു കൊണ്ടു പോയിരുന്നത്. എന്നിരുന്നാലും പഠന കാര്യത്തിൽ അച്ചനും കൂടെപിറപ്പുകളും ഒട്ടും പിന്നോക്കം പോയിരുന്നില്ല.

കുളക്കട ഗവൺമെന്റ് ഹൈസ്കൂൾ നിൽക്കുന്ന സ്ഥലം കുളക്കടയിലെ പൗരാണികമായ ഭാനുഭണ്ഡാരത്തിൽ എന്ന ബ്രാഹ്മണ കുടുംബക്കാർ ദാനമായി നൽകിയതായിരുന്നു. ഇന്നും സ്കൂളിൽ അവിടുത്തെ കാരണവരായ ഭാനുഭണ്ഡാരത്തിലിന്റെ ഫോട്ടോ, ഓഫീസ് മുറിയുടെ ഭിത്തിയിൽ സ്ഥാപിച്ചിട്ടുണ്ട്.

www.malankaralibrary.com



### വില്ലനായി വന്ന ജ്വരം

ഫോർത്ത് ഫാറത്തിലെ പഠനം പൂർത്തിയാക്കിയ ജോസ് ഫിഫ്ത്ത് ഫോറ(9-ാം ക്ലാസ്സ്)ത്തിലേക്ക് ജയിച്ചു കയറി. പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും സ്കൂളിലെ തന്നെ എണ്ണപ്പെട്ട വിദ്യാർത്ഥി കളോടൊപ്പം ജോസുമുണ്ടായിരുന്നു. കണക്ക്, സയൻസ് വിഷയങ്ങളിൽ അച്ചൻ അസാമാന്യമായ താല്പര്യം ഉണ്ടായിരുന്നു. അധ്യാപകരിൽ ഇത് മതിപ്പുളവാക്കിയിട്ടുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ല. എന്നാൽ ഒന്നാം ടേമിലെ പരീക്ഷ കഴിയും മുമ്പുതന്നെ അച്ചൻ ജ്വരം (ടൈഫോയിഡ്) ബാധിച്ചു. അന്ന് ഇന്നത്തെപ്പോലുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാ യിരുന്നുവെന്ന് അറിയാമല്ലോ. കലശലായ പനിയും, വയറിളക്കവും, ഛർദ്ദിലുമെല്ലാം അച്ചനെ അവശനാക്കി. നാട്ടുവൈദ്യന്മാരുടെ ചികി ത്സയെ ആശ്രയിക്കുക മാത്രമായിരുന്നു അന്നത്തെ രീതി. അച്ചനോ ടൊപ്പം ഇളയ സഹോദരൻ ബാബു (ജോൺ) വിനും, ജ്വരം ബാധിച്ചു. അച്ചന്റെ മാതാപിതാക്കൾ അനുഭവിച്ച കഷ്ടപ്പാടുകളും, മനോവ്യഥകളും വിവരിക്കാൻ വാക്കുകൾ പരിമിതമാണ്.

കർക്കടകമാസത്തിലെ കോരിച്ചൊരിയുന്ന മഴയും, കര കവിഞ്ഞൊഴുകുന്ന കല്ലടയാറിന്റെ സംഹാര താണ്ഡവത്തെയും വെല്ലു വിളിച്ചുകൊണ്ട് പിതാവ് സാഹസികമായി യാത്രചെയ്ത് കരുന്തോട്ടുവ വൈദ്യൻ എന്ന പേരുകേട്ട നാട്ടുവൈദ്യനെ ചെന്നുകണ്ട് വിവരം ധരി പ്പിച്ചു. അദ്ദേഹം ഒന്നു രണ്ട് ഒറ്റമൂലികൾ തയ്യാറാക്കി പിതാവിന്റെ കൈയിൽ നൽകിയിട്ട്, ഇത് കൊണ്ട് കൊടുക്കുക, ഞാൻ അടുത്ത ദിവസം അവിടെ എത്തിക്കൊള്ളാം എന്ന് ധൈര്യപ്പെടുത്തി പറഞ്ഞയച്ചു. അങ്ങോട്ടുപോയതിനേക്കാളും സാഹസികമായി യാത്രചെയ്ത് പിതാവ് തിരികെ വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തിന്റെ ആശ തളർത്തുന്നതായിരുന്നു. എന്നാൽ പിതാവ് പുറപ്പെട്ടതു മുതൽ മാതാവ് കണ്ണിലെണ്ണയൊഴിച്ച് ശുശ്രൂഷിച്ചുകൊണ്ട് കഴിയുകയായിരുന്നു. പനിയും, വയറിളക്കവും മൂലം രണ്ട് മക്കളും അത്യാസന്ന നിലയിലായിരുന്നു. എന്നാൽ ഉള്ളുരുകി പ്രാർത്ഥിച്ചുകൊണ്ട് വൈദ്യൻ നൽകിയ ഒറ്റമൂലി രണ്ടുപേർക്കും നൽകി. ക്രമേണ പനിക്കും വയറിളക്കത്തിനും കുറവു കണ്ടുതുടങ്ങുകയും, പറഞ്ഞിരുന്നതുപോലെ അടുത്ത ദിവസം വൈദ്യനും എത്തിച്ചേർന്നു. വൈദ്യൻ വീട്ടിൽ താമസിച്ചുകൊണ്ട് കഷായവും മറ്റ് ആയുർവേദവിധി പ്രകാരമുള്ള ചികിത്സകളും രണ്ടു മൂന്നുദിവസം തുടർന്നു. ദൈവകാരുണ്യമെന്നു പറയട്ടെ, രണ്ടുപേരും





വ്യാധിയിൽ നിന്നും കുറേശ്ശെ മുക്തമായിക്കൊണ്ടിരുന്നു. വൈദ്യൻ, മാതാ പിതാക്കളുടെ നിർബന്ധത്തിനു വഴങ്ങി ദക്ഷിണയും വാങ്ങി യാത്രയായി.

അസുഖം ഭേദമായെങ്കിലും അത് ശരീരത്തിനേൽപ്പിച്ച ആഘാതം അപാരമായിരുന്നു. എഴുന്നേറ്റു നടക്കാനോ, യാത്ര ചെയ്യാനോ വേണ്ട ശക്തി നഷ്ടപ്പെട്ടിരുന്നു. ഏതാണ്ട് മൂന്നു മാസക്കാലമെടുത്തു ആരോഗ്യം വീണ്ടെടുക്കാൻ. ഇതുമൂലം അച്ചൻ രണ്ടാമത്തെ ടേം മുഴുവൻ പഠനം നഷ്ടപ്പെടുത്തേണ്ടി വന്നു. പിതാവ് യഥാകാലം വിവരങ്ങൾ സ്കൂളിൽ അറിയിക്കുന്നുണ്ടായിരുന്നു. അധ്യാപകർക്കും സമർത്ഥനായ ഈ വിദ്യാർത്ഥിയുടെ അവസ്ഥയിൽ വ്യഥയുണ്ടായി. മൂന്നാം ടേമിൽ സ്കൂളി ലെത്തി പഠനം തടർന്ന് അച്ചൻ വർഷാന്ത്യ പരീക്ഷയിൽ പങ്കെടുത്തു. അന്നത്തെ രീതിയിൽ ഹാജരിന്റെ കുറവ് ഒരു നിയമതടസ്സമാകാമെ ന്നിരിക്കെ അടുത്ത ക്ലാസ്സിലേക്കുള്ള കയറ്റം കീറാമുട്ടിയായി. തന്റേത ല്ലാത്ത കുറ്റംകൊണ്ട് ഒരു അക്കാദമിക വർഷം നഷ്ടപ്പെടുത്തുന്നത് അച്ചനെ സംബന്ധിച്ച് ചിന്തിക്കാൻ സാധിക്കുമായിരുന്നില്ല. അച്ചന്റെ പിതാവ്, സ്കൂളിലെത്തി അധ്യാപകരുമായും ഹെഡ്മാസ്റ്ററുമായും സംസാരിച്ചു. നഷ്ടപ്പെട്ട അധ്യാപനപാഠങ്ങൾ, അധ്യാപകരുടെ സഹാ യത്തോടെ പഠിച്ച് മറ്റുള്ളവരോടൊപ്പം എത്തിക്കൊള്ളാം എന്ന് ജോസ ച്ചൻ ആത്മവിശ്വാസത്തോടെ പറഞ്ഞപ്പോൾ അധ്യാപകർക്ക് മറി ച്ചൊന്നും പറയാനുണ്ടായിരുന്നില്ല. അങ്ങനെ അച്ചനെ സിക്സ്ത്ത് ഫോറ(10-ാം ക്ലാസ്സ്)ത്തിലേക്ക് ക്ലാസ്സ് കയറ്റം നൽകി. പിന്നീടുള്ള ഒരു വർഷം കഠിന പ്രയത്നത്തിന്റെ ദിനങ്ങളായിരുന്നു. അധ്യാപകരും അതു പോലെ ക്ലാസ്സുകൾ എടുത്ത് സഹായിച്ചു. ഇതിനുവേണ്ടി രാവിലെയും വൈകിട്ടും സമയം കണ്ടെത്തി അതോടൊപ്പം അതാതുദിവസത്തെ പാഠങ്ങളും പഠിച്ചെടുത്തു.

ദൈവകാരുണ്യമെന്നല്ലാതെ എന്തു പറയാൻ. അവിടുത്തെ പദ്ധതിയെന്തെന്നറിഞ്ഞ് നിരാശനാകാതെ അദ്ധ്വാനിച്ച അച്ചൻ എസ്. എസ്.എൽ.സി. പരീക്ഷയിൽ തിളക്കമാർന്ന വിജയം കൈവരിക്കാൻ സാധിച്ചു. ഈ നേട്ടം കൈവരിച്ചതിന് പരമകാരുണികനായ ദൈവ ത്തിനും ദൈവതുല്യരായ അധ്യാപകർക്കും കണ്ണുനീരോടെ പ്രാർത്ഥിച്ച് എല്ലാ പിന്തുണയും നൽകിയ പിതാവിനും മാതാവിനും എത്ര നന്ദി യർപ്പിച്ചാലും മതിയാകില്ല എന്ന് അച്ചൻ ഇപ്പോഴും ഗദ്ഗദകണ്ഠനായി

www.malankaralibrary.com



സ്മരിക്കാറുണ്ട്. ദൈവാർപ്പണത്തിന്റെയും ഗുരുസ്നേഹത്തിന്റേയും മാതാപിതാക്കളോടുള്ള അനുസരണയുടെയും വിധേയത്വത്തിന്റെയും ഉറച്ച ആത്മവിശ്വാസത്തോടെയുള്ള കഠിന പ്രയത്നത്തിന്റെയും ഉത്തമ ദൃഷ്ടാന്തമാണ് അച്ചന്റെ ഈ വിജയം. അതുകൊണ്ടാകാം മറ്റൊന്നും ചിന്തിക്കാതെ തന്റെ ജീവിതം ദൈവീകവേലയ്ക്കായി ഉഴിഞ്ഞുവച്ചത്.

## വൈദികാന്തസിലേക്കുള്ള വിളി

എസ്.എസ്.എൽ.സി. ഉന്നത ശതമാനം മാർക്കോടുകൂടി പാസ്സായ ബാലനായ ജോസിനെ ഉന്നതവിദ്യഭ്യാസത്തിന് അയക്കണമെന്ന് അധ്യാപകനായ പിതാവ് ആഗ്രഹിച്ചെങ്കിൽ ബാലനായ ജൂബിലേറിയൻ മനസ്സിൽ മറ്റൊരു തീരുമാനം അർത്ഥശങ്കക്കിടമില്ലാതെ കൈകൊണ്ടിരുന്നു. പരീക്ഷാഫലമറിഞ്ഞു കഴിഞ്ഞ്, പതിവുപോലെ ദൈവാലയത്തിൽ പ്രതിദിന കുർബാനയിൽ സംബന്ധിച്ച് തിരിച്ചു വന്ന് ബാലനായ ജോസ് തന്റെ ഉറച്ച ആഗ്രഹം പിതാവിനെ അറിയിച്ചു. മൂത്ത സഹോദരൻ സാമുകുട്ടി സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ പഠിക്കുന്നു. മകന്റെ ആഗ്രഹം ശ്രേഷ്ഠമായ ദൈവീക വിളിയാണെന്ന് ഉള്ളിൽ തിരിച്ചറിഞ്ഞ പിതാവ്, പുറമേ കാണിക്കാതെ മകന്റെ മനസ്സിലിരിപ്പ് എത്ര മാത്രം ദൃഢമാണെന്ന് ഉറപ്പിക്കുന്നതിലേക്ക് മറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചു നോക്കി. അന്നു വികാരിയായിരുന്ന ജേക്കബ് ഞായല്ലൂരച്ചനും ഈ ആഗ്രഹത്തെ പ്രോത്സാഹിപ്പിച്ചു. മകന്റെ തീരുമാനം ഉറച്ചതാണെന്ന് തിരിച്ചറിഞ്ഞ് പിതാവ് പിന്നീട്, സെമിനാരിയിൽ ചേർക്കുന്നതിന് വേണ്ട ഒത്താശകൾ ചെയ്തുകൊടുത്തു. കൊച്ചുമകൻ പെട്ടെന്ന് പിരിഞ്ഞുപോകുമെന്ന ചിന്ത, അമ്മയുടെ മാതൃഹൃദയത്തിന് താങ്ങാൻ ബുദ്ധിമുട്ടായിരുന്നു. എന്നിരുന്നാലും വ്യക്തമായ തിരിച്ചറിവോടെ പൈതൃകമായി കുടുംബത്തിൽ തലമുറകൾ കടന്നുവരുന്ന വൈദിക പാരമ്പര്യത്തിന്റെ കണ്ണിയാവാനുള്ള മകന്റെ ഉറച്ച തീരുമാനത്തെ പിന്താങ്ങുക മാത്രമേ മാതാവിന് കഴിയുമായിരുന്നുള്ളൂ.

അങ്ങനെ ആ ദിവസം വന്നു. വീട്ടുകാരോടും, പിതാമഹന്മാരോടും, സഹോദരങ്ങളോടും യാത്രപറഞ്ഞ് ബാലനായ ജോസ് തിരുവനന്തപുരത്തേക്ക് പിതാവിനോടൊപ്പം യാത്രയായി. സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലേക്ക് കൃശഗാത്രനായിരുന്ന ജോസിനെ, കാലം ചെയ്ത അഭി. ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവാണ്





സ്വാഗതം ചെയ്തത്. പിന്നീടുള്ള ദിനങ്ങളും മാസങ്ങളും വർഷങ്ങളും ആത്മസമർപ്പണത്തിന്റെയും പ്രാർത്ഥനയുടെയും കഠിനാദ്ധ്വാനത്തിന്റെയും ഒരുപാട് അനുഭവസാക്ഷ്യങ്ങൾക്ക് ജൂബിലേറിയൻ കാരണക്കാരനായി. ജന്മനാ സിദ്ധിച്ച ബുദ്ധി വൈഭവവും ആത്മാർത്ഥതയും കഠിനാദ്ധ്വാന ധ്വരയും വിട്ടുവീഴ്ചയില്ലാത്ത നിഷ്ഠകളും വൈദിക പരിശീലനത്തിന്റെ ആദ്യഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ ജോസച്ചനെ സഹായിച്ചു. സെമിനാരിയിൽ സഹ വൈദിക വിദ്യാർത്ഥികളുടെയും റെക്ടറുടെയും പരിശീലകരായ മറ്റു വൈദികരുടെയും സ്നേഹ പാത്രമാകാൻ ബാലനായ ജൂബിലേറിയന്റെ സ്വതസിദ്ധമായ ചിരിയോടുകൂടിയുള്ള പെരുമാറ്റം ഒന്നുമാത്രം മതിയായിരുന്നു.

മൈനർ സെമിനാരിയിൽ രണ്ട് വർഷമായിരുന്നു പരിശീലനം. ഇംഗ്ലീഷ്, സുറിയാനി, ലത്തീൻ ഭാഷകൾ പഠിപ്പിച്ചത് കൂടാതെ ആരാധനാക്രമം മുതലായ അടിസ്ഥാന വിഷയങ്ങളുടെ പരിശീലനവും ഇക്കാലയളവിൽ പൂർത്തിയാക്കി. അവധി സമയങ്ങളിൽ നാട്ടിലെത്തി ദൈവാലയശുശ്രൂഷകളിൽ സഹായിച്ചും ഇടവക വികാരിയോടൊപ്പം ആരാധനയിൽ സഹായിച്ചും ചെലവഴിച്ചിരുന്നു.

മൈനർ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ അതേവർഷം തന്നെ മേജർ സെമിനാരിയിലേക്കുള്ള അഡ്മിഷനുവേണ്ടിയുള്ള പരീക്ഷ നല്ലനിലയിൽ പാസ്സായി. അങ്ങനെ മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തത്വശാസ്ത്ര പഠനവും ദൈവശാസ്ത്ര പഠനവും നാലുവീതം വർഷങ്ങൾ ദൈർഘ്യമുള്ളവയായിരുന്നു.

## മേജർ സെമിനാരി ജീവിതം-തിരിഞ്ഞുനോക്കുമ്പോൾ

ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ തത്വശാസ്ത്ര, ദൈവശാസ്ത്ര പ്രൊഫസർമാർ അധ്യയനം നിർവ്വഹിക്കുന്ന ഫാക്കൽറ്റി ഈ സെമിനാരിയുടെ മഹത്വമായിരുന്നു. എല്ലാ മേജർ സെമിനാരികളും അക്കാഡമിക് എഫിഷ്യൻസിയിൽ ഒന്നിനൊന്ന് മെച്ചമായിരുന്നു. അതിൽതന്നെ പ്രമുഖമായ സെമിനാരിയായിരുന്നു മംഗലാപുരം സെന്റ് ജൊസഫ് സെമിനാരി. അധ്യയനമാദ്ധ്യമം ലാറ്റിനിലായിരുന്നു. ലത്തീൻ ഭാഷാപരിജ്ഞാനം ഇവിടങ്ങളിലെ പഠനത്തിന് ആവശ്യഘടകമായിരുന്നു.

www.malankaralibrary.com




## അവിസ്മരണീയം ആ കരസ്പർശം

അച്ചൻ മംഗലാപുരത്ത് ദൈവശാസ്ത്ര വിദ്യാർത്ഥിയായിരിക്കുന്ന കാലം. 1964 ഡിസംബർ 2-ാം തീയതി രണ്ടാം വത്തിക്കാൻ കൗൺസിൽ നടക്കുന്നതിനിടയിൽ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ ബോംബേ വേദി യായ ധന്യ ദിനങ്ങൾ. മുഖ്യാതിഥിയായി പോൾ ആറാമൻ മാർപാപ്പ ഭാരതമണ്ണിൽ കാലൂന്നി. ചരിത്രത്തിൽ ആദ്യമായിട്ടായിരുന്നു ഒരു മാർപാപ്പ ഭാരതമണ്ണിൽ പദമൂന്നുന്നത്. ബോംബേ ദാവൽ മൈതാനിയിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ വച്ച്, കാലംചെയ്ത അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ചടങ്ങിൽ, മാർപാപ്പായുടെ സാന്നിദ്ധ്യത്തിൽ ഫാ. മാത്യു കടകം പള്ളിൽ ഉൾപ്പെടെ പതിനാല് വൈദികാർത്ഥികൾ അഭിഷിക്തരായി. ഈ പട്ടത്വാഭിഷേക ചടങ്ങിൽ, ജൂബിലേറിയൻ ദൈവനിയോഗമെന്നു പറയട്ടെ, ശുശ്രൂഷകനായിരുന്നു. ധൂപകലശം വീശുന്നതിന് ഭാഗ്യം ലഭിച്ച ജോസ് ശെമ്മാശന് ഭാഗ്യസ്മരണാർഹനായ പോൾ ആറാമൻ മാർപാപ്പായുടെ കൈകൾ മുത്തുന്നതിന് പലവുരു ഭാഗ്യം കൈവന്നു. ഇന്നും ഉൾപുളകത്തോടുകൂടി മാത്രമേ ആ അസുലഭ നിമിഷങ്ങളെ ക്കുറിച്ച് ഓർക്കാൻ സാധിക്കുകയുള്ളൂവെന്ന് അച്ചൻ പറയാറുണ്ട്. പിറ്റേ ദിവസം ഡിസംബർ 3-ന് ബോംബേ ബോറിവില്ലിയിൽ ഫ്രാൻസി സ്ക്കൻ ബ്രദേഴ്സിന്റെ ജനറലേറ്റ് ദേവാലയത്തിൽ വച്ച് മാത്യു അച്ചൻ പ്രഥമ ദിവ്യബലി അർപ്പിച്ചു. നാട്ടിൽ നിന്നും മാത്യു അച്ചന്റെ സഹോ ദരൻ കെ.ഒ.തോമസും, ഡാനിയേൽ കടകംപള്ളിലച്ചനും ചുരുക്കം ചിലർക്കും ഈ ചടങ്ങുകളിൽ പങ്കെടുക്കാൻ ഭാഗ്യം സിദ്ധിച്ചു. ബോംബേ ദിവ്യകാരുണ്യ കോൺഗ്രസ് അങ്ങനെ മാത്യു കടകംപള്ളി ലച്ചനും, ജോസച്ചനും അവിസ്മരണീയങ്ങളായ അനുഭവങ്ങളാണ് സമ്മാനിച്ചു കടന്നുപോയത്.

## വൈദികാഭിഷേകം സ്വന്തം ഇടവകയിൽ

ജോസ് ശെമ്മാശ്ശന്റെ വൈദികപഠനം ഏതാണ്ട് പൂർത്തിയായി വന്ന കാലം. 1967 ഡിസംബർ മാസം വൈദികാഭിഷേകം, പുത്തൂരിൽ സ്വന്തം ഇടവകയിൽ വച്ചുതന്നെ നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്യാൻ അറിയിപ്പുലഭിച്ചു. അച്ചന്റെ മാതാപിതാക്കൾക്കും, കുടുംബാംഗങ്ങൾക്കും, ഇടവകാംഗങ്ങൾക്കും ആഹ്ലാദത്തിന്റെ നിമിഷങ്ങളായിരുന്നു. അന്നുവരെ നിലവിലുണ്ടായിരുന്ന രീതി, സെമിനാരികളിൽ വച്ചു തന്നെ വൈദികാഭിഷേകം





നവവൈദികനായിരുന്ന വന്ദ്യ ജോസച്ചൻ

www.malankaralibrary.com



മാതാപിതാക്കൾ, മൂത്തസഹോദരൻ സാമുകുട്ടി, സി. ലൂമിന, ജൂബിലേറിയൻ



ചെറുപ്പകാലത്തെ ഒരു കുടുംബ ഫോട്ടോ



നവവൈദികൻ മാതാപിതാക്കളോടും, സഹോദരങ്ങളോടുമൊപ്പം (1967)



1981–ൽ എടുത്ത കുടുംബ ഫോട്ടോ



മാത്യു കടകംപള്ളിൽ അച്ചന്റെ വൈദികാഭിഷേക വേളയിൽ.
വേദി–1964ൽ നടന്ന ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ്സ്.



മംഗലാപുരം സെമിനാരിയിൽ സഹപാഠികളോടും,
അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയോടുമൊപ്പം



മംഗലാപുരം സെമിനാരി പഠനാവസരത്തിൽ എടുത്ത ഫോട്ടോ


www.malankaralibrary.com

മംഗലാപുരം സെമിനാരിയിൽ വച്ച് ഡീക്കൻപട്ടം സ്വീകരിക്കുന്നു





## വൈദീകാഭിഷേക രംഗങ്ങൾ





www.malankaralibrary.com












www.malankaralibrary.com



നവ വൈദികൻ പ്രഥമദിവ്യബലിയർപ്പണ
വേളയിൽ മാതാപിതാക്കൾക്ക് ദിവ്യകാരുണ്യം നൽകുന്നു



നിൽക്കുന്നവർ : മാതൃപിതാവ് മാത്തൻ ചാണ്ടി, മാതാവ് ശോശാമ്മ ചാണ്ടി,
മത്തായി വിളയിലച്ചന്റെ സഹധർമ്മിണി മറിയാമ്മ,
പിതൃമാതാവ് സാറാമ്മ, **മാതാപിതാക്കൾ**

www.malankaralibrary.com



നവവൈദികൻ ഗ്രിഗോറിയോസ് പിതാവിനോടൊപ്പം.
നിൽക്കുന്നവർ: സി. ബസ്മ, സി. ലെറ്റീഷ്യ, ഫാ. ജേക്കബ് വിളയിൽ,
ഫാ. തോമസ് വിളയിൽ, ഫാ. ഡാനിയേൽ കടകംപള്ളിൽ, സി. മരിയ ഗ്രാസ്യ



നവവൈദികൻ സഹപാഠികളോടൊപ്പം



ഫാ. ജോർജ്ജ് ജേക്കബ്, ഫാ. ഡാനിയേൽ കടകംപള്ളിൽ,
ഫാ. ജോർജ്ജ് പ്ലാപറപടിക്കൽ, ജൂബിലേറിയൻ



മംഗലാപുരം സെമിനാരിയിൽ നിന്നും
ജൂബിലേറിയനോടൊപ്പം വൈദികരായവർ



2007ൽ കുടുംബത്തിലെ വൈദികരും
സന്യസ്തരും ഒത്തുകൂടിയപ്പോൾ

www.malankaralibrary.com



പിതൃമാതാവ് സാറാമ്മയുടെ സംസ്കാരവേളയിൽ



പൗരോഹിത്യ രജത ജൂബിലി ആഘോഷവേളയിൽ
ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനോടൊപ്പം (1992)



പൗരോഹിത്യ രജതജൂബിലി ആഘോഷവേളയിൽ
അർപ്പിച്ച ദിവ്യബലി



നടത്തുകയും തുടർന്ന് സൗകര്യമായി പ്രഥമ ദിവ്യബലി, സ്വന്തം ഇട വകയിൽ അർപ്പിക്കുകയുമായിരുന്നു. സന്തോഷത്തോടൊപ്പം അനല്പ മായ ഉത്കണ്ഠയും ഉണ്ടായിലെന്ന് പറയാതെ വയ്യ. കാരണം, ആദ്യ മായിട്ടാണല്ലോ ഇപ്രകാരമൊരു കർമ്മം ഇടവകയിൽ നടക്കുന്നത്. പക്ഷേ അന്നു വികാരിയായിരുന്ന പിതൃസഹോദരൻ ഡാനിയേൽ കടകംപള്ളിലച്ചനും, പിതൃസഹോദരങ്ങളായിരുന്ന തോമസ് വിളയിലച്ചനും ജേക്കബ് വിളയിലച്ചനും മാത്യു കടകം പള്ളിലച്ചനും, ജോസച്ചനും മാതാപിതാക്കൾക്കും എല്ലാ വിധത്തിലുമുള്ള ധൈര്യവും, പിൻതു ണയും കലവറയില്ലാതെ നൽകി. കുടുംബത്തിലെ കാരണവന്മാരും മറ്റ് ബന്ധുക്കളും ഇടവകജനങ്ങളും, ആളുകൊണ്ടും, പ്രാർത്ഥനകൊണ്ടും, ഒരുമനസ്സോടെ ഒരുക്കങ്ങൾ ചെയ്തു. 1967 ഡിസംബർ 10-ാം തീയതി പട്ടംകൊടയും, പിറ്റേ ദിവസം പ്രഥമ ദിവ്യബലിയർപ്പണവും നടത്താ നാണ് തീരുമാനിച്ചത്. അങ്ങനെ ആ സുദിനം ആഗതമായി. ഡിസംബർ 10-ാം തീയതി ഉച്ചയ്ക്കുശേഷം അഭി. ഗ്രിഗോറിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വൈദികാഭിഷേക കർമ്മങ്ങൾ നടന്നു. തലേദിവസം മുതൽ ശെമ്മാശന് ശരീരാസ്വാസ്ഥ്യങ്ങൾ ഉടലെടുത്തത്, എല്ലാവരെയും ഉത്കണ്ഠയിലാഴ്ത്തിയിരുന്നു. എന്നാൽ ദൈവാനുഗ്ര ഹമെന്ന പറയട്ടെ മണിക്കൂറുകൾ നീണ്ടചടങ്ങുകൾക്കെല്ലാം ആരോ ഗ്യവാനായി ജൂബിലേറിയൻ വിധേയനാകാനും, ഒരു വൈദികനായി അഭിഷിക്തനാകാനും, ദൈവം കാത്തുപരിപാലിച്ചു. ആ അസുലഭ നിമി ഷങ്ങൾക്ക് സാക്ഷിയാകാൻ ജൂബിലേറിയന്റെ മാതാപിതാക്കളും, മാതാ വിന്റെയും പിതാവിന്റെയും കുടുംബാംഗങ്ങളും, ഇടവകജനങ്ങളും അഭ ്യുദയകാംഷികളും ഗുരുഭൂതന്മാരും നിറകണ്ണുകളോടെ സന്നിഹിതരാ യിരുന്നു. അഞ്ചുപതിറ്റാണ്ടുകൾക്കിപ്പുറം തിരുഞ്ഞുനോക്കുമ്പോൾ അവരിൽ നല്ലൊരു പങ്കും ദൈവസന്നിധിയിലിരുന്ന് പ്രാർത്ഥിക്കുന്നുണ്ട് എന്നതാണ് സത്യം.

പിറ്റേദിവസം, ഡിസംബർ 11-ാം തീയതി രാവിലെ പ്രഥമ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനി സാന്നി ദ്ധ്യംകൊണ്ടും സഹായം കൊണ്ടും അച്ചന് വേണ്ട പിന്തുണ നൽകി. മാത്യു കടകംപള്ളിലച്ചനും, മറ്റു സീനിയർ വൈദികരും വേണ്ട സഹായ ങ്ങൾ ചെയ്തുനൽകി. തുടർന്ന് നടന്ന അനുമോദന മീറ്റിംഗ് വേദിയിൽ നവ വൈദികരും, അഭി. ഗ്രിഗോറിയോസ് പിതാവിനുമൊപ്പം മാതാ പിതാക്കളെയും ഇരിപ്പിടം നൽകി ആദരിച്ചു. ജന്മം നൽകി വളർത്തി

www.malankaralibrary.com



ദൈവശുശ്രൂഷയ്ക്കായി മകനെ നൽകിയ മാതാപിതാക്കളെ ദൈവകരങ്ങളിൽ അർപ്പിച്ചുകൊണ്ട് അഭി. പിതാവ് അനുമോദിച്ചു. മറുപടി പ്രസംഗത്തിൽ നവവൈദികൻ തന്നെ താനാക്കിവളർത്തിയ ദൈവത്തിനും മാതാപിതാക്കൾക്കും സഭയ്ക്കും ഇടവകസമൂഹത്തിനും ബന്ധുജനങ്ങൾക്കും നന്ദി പറഞ്ഞു. വൈദിക ജീവിതം സമർപ്പണത്തോടെ, അടി പതറാതെ മുന്നോട്ടു കൊണ്ടുപോകാൻ എല്ലാവരുടെയും പ്രാർത്ഥന അഭ്യർത്ഥിച്ചു. അച്ചന്റെ വിശ്വാസത്തോടുള്ള വിധേയത്വവും, ആത്മസമർപ്പണവും സഭാശുശ്രൂഷയോടുള്ള അദമ്യമായ അഭിനിവേശവും ആ വാക്കുകളിൽ മുഴങ്ങികേട്ടു.

തുടർന്നുള്ള പേജുകളിൽ കഴിഞ്ഞ 50 വർഷങ്ങളിലായി പടർന്നു പന്തലിച്ചു നിൽക്കുന്ന അച്ചന്റെ സഭാശുശ്രൂഷയുടെ നേരറിവുകളുടെയും കേട്ടറിവുകളുടെയും തിക്താനുഭവങ്ങളുടെയും നേർകാഴ്ചകളാണ് വിവരിക്കുന്നത്.

**ഇടവക ശുശ്രൂഷയുടെ നേർകാഴ്ചകൾ**

നവ വൈദികനായി അഭിഷിക്തനായ ജോസച്ചനെ അഭി. ഗ്രിഗോറിയോസ് പിതാവ് അസിസ്റ്റന്റ് വികാരിയായി കുമ്മല്ലൂർ ആസ്ഥാനമായും, പരിസരത്തുമുള്ള ആറു ഇടവകകളുടെ ശുശ്രൂഷയ്ക്കായി നിയമിച്ചു. ബഹു. ജോർജ്ജ് പ്ലാപ്പറപ്പടിക്കൽ അച്ചനായിരുന്നു വികാരി. ഇടവക ശുശ്രൂഷയിലും ആരാധനാനുഷ്ഠാനങ്ങളിലും കർക്കശനും, എന്നാൽ മനുഷ്യസ്നേഹിയുമായിരുന്ന ബഹു. ജോർജ്ജ് പ്ലാപ്പറപ്പടിക്കലച്ചന്റെയൊപ്പമുള്ള അനുഭവങ്ങൾ വന്ദ്യ. ജൂബിലേറിയൻ ഇന്നും അനുസ്മരിക്കുമ്പോൾ ഗുരുശിഷ്യബന്ധത്തിന്റെ ചാരുത നമുക്ക് ദർശിക്കാനാകും. സൈക്കിളിൽ സഞ്ചരിച്ച് കുമ്മല്ലൂരും, അടുതല തുടങ്ങിയ ഇടവകകളിലും ശുശ്രൂഷ ചെയ്ത കാലം സംതൃപ്തിയോടെ ഇന്നും ഓർമ്മകളിൽ പച്ചപ്പിടിച്ചു നിൽക്കുന്നുണ്ട്. ഞായറാഴ്ച പള്ളിയിൽ വരാതെ ചായക്കടയിൽ കച്ചവടം നടത്തിയിരുന്ന ഒരു ഇടവകക്കാരന്റെ കടയിലേക്ക് അപ്രതീക്ഷിതമായി കടന്നുചെന്ന് "നീ പള്ളിയിലോട്ടു പോകുക, ഞാൻ ചായ അടിക്കാം" എന്ന് വികാരിയായിരുന്ന പ്ലാപ്പാറപ്പടിക്കലച്ചൻ പറഞ്ഞതും, പിന്നീട് ഒരിക്കലും അയാൾ ഞായറാഴ്ച കട തുറക്കാതായതും ജോസച്ചൻ ഓർമ്മ പങ്കുവയ്ക്കാറുണ്ട്.





യുവാവായ ജോസച്ചൻ പഠനത്തിൽ മികവു പുലർത്തിയിരുന്ന വിദ്യാർത്ഥിയായിരുന്നുവെന്ന് അറിയാമായിരുന്ന ഗ്രിഗോറിയോസ് തിരുമേനി, തന്റെ വിശ്വസ്തനായ ഒരു വൈദികനെ ജോസച്ചന്റെ അടുത്തേക്ക് അയച്ചു. കൊല്ലം ഫാത്തിമാ മാതാ കോളേജിൽ ചേർന്ന് പഠനം തുടരുന്നതിന് നിർദ്ദേശിച്ചു. എന്നാൽ പിതാവിന്റെ മഹാമനസ്കതയെ ബഹുമാനത്തോടെ തന്നെ നിരസിച്ചു. ഇടവകശുശ്രൂഷയാണ് ഒരു വൈദികൻ എന്ന നിലയിൽ അച്ചന് സന്തോഷം പകരുന്നത് എന്ന ബോദ്ധ്യം ദൂതനായി സമീപിച്ച വൈദികൻ വഴി പിതാവിനെ അറിയിച്ചു. പിന്നീട് പിതാവ് ജോസച്ചനെ നിർബന്ധിച്ചിട്ടില്ല. ഈ ഉറച്ച സമീപനം അച്ചന്റെ വൈദിക ജീവിതത്തിലുടനീളം പ്രകടമായിരുന്നു. സഭയിലെ മറ്റ് പല മേഖലകളിലെയും ശുശ്രൂഷയ്ക്ക് സാദ്ധ്യതകൾ ഉണ്ടായപ്പോഴെല്ലാം അച്ചൻ കഴിവതും ഒഴിഞ്ഞു നിൽക്കുകയാണ് ഉണ്ടായത്. ഇടവക വൈദികന്റെ ശുശ്രൂഷയിലാണ് അദ്ദേഹം ആത്മസംതൃപ്തി കണ്ടെത്തിയിരുന്നത്. ഉയർന്ന ബിരുദങ്ങൾ നേടി ആകർഷകത്വമുള്ള സ്ഥാനമാനങ്ങൾ നേടുന്നതിനല്ല ദൈവം തന്നെ വിളിച്ചത് എന്നുറച്ചു വിശ്വസിച്ചിരുന്ന അച്ചൻ, സ്ഥാനമാനങ്ങൾ എന്നും ഭാരമായിട്ടാണ് കരുതിയിരുന്നത്. എന്നിരുന്നാലും സഭാതലവൻ ആവശ്യപ്പെട്ടിട്ടുള്ളപ്പോൾ അനുസരണയോടുകൂടി ചില കൃത്യങ്ങൾ അദ്ദേഹം ഏറ്റെടുക്കുകയും അസാധാരണമായ പാടവത്തോടെ അവയെല്ലാം നിർവ്വഹിച്ചിട്ടുമുണ്ട്. ഏതാണ്ട് നാല് വർഷത്തോളം അസി. വികാരിയായി അദ്ദേഹം സേവനമനുഷ്ഠിച്ചു.

1971 മുതൽ 74 വരെയുള്ള കാലം കായംകുളം, പെരിങ്ങാല ഇടവകകളുടെ വികാരിയായി നിയമിതനായി. കായംകുളത്ത് താമസിച്ചുകൊണ്ട് അടുത്തുള്ള ബഥനി സന്യാസിനിമാരുടെ ആത്മീയകാര്യങ്ങളും നിർവ്വഹിച്ചു. പെരിങ്ങാല ദേവാലയത്തിൽ ആയിടയ്ക്ക് ഒരു പ്രായമായ അമ്മച്ചിയുടെ ശവസംസ്കാരവുമായി ബന്ധപെട്ട് നടന്ന സംഭവം ജൂബിലേറിയന്റെ പൗരോഹിത്യ ശുശ്രൂഷയിൽ നേരിട്ട അനേകം പരീക്ഷണങ്ങളിൽ ഒന്നായിരുന്നു. സംസ്കാര ശുശ്രൂഷകൾ ഭവനത്തിലും ദേവാലയത്തിലും വച്ചുള്ള ഭാഗങ്ങൾ പൂർത്തീകരിച്ച് സെമിത്തേരിയിൽ ചെന്ന് അടക്കം നടന്നു കഴിഞ്ഞപ്പോഴേക്കും ഹൈന്ദവരായ ചിലർ സംഘം ചേർന്ന് എതിർപ്പുമായി തടയാനെത്തി. സംഘർഷം നടക്കുന്നതിനിടയിൽ യുവാവായ അച്ചനെ അവിടെ നിന്നും സുരക്ഷിതമായി ദേവാലയത്തിൽ എത്തിച്ചു. തുടർന്ന് വിവരം അരമനയിൽ അറിയിക്കുകയും

www.malankaralibrary.com



അഭി. ഗ്രിഗോറിയോസ് പിതാവ് വേണ്ട രീതിയിൽ ഇടപെടുകയും ചെയ്തു. ഹൈക്കോടതിയിൽ എത്തിയ പ്രസ്തുത കേസ് സഭയ്ക്കുവേണ്ടി വാദിക്കുന്നതിന് അഡ്വ. ഷെവ. ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനത്തിനെ ഏൽപ്പിച്ചു. തുടർന്ന് സെല്ലാർ കെട്ടി സംസ്കാരം നടത്തുന്നതിന് കോടതിയിൽ നിന്നും വിധി സമ്പാധിക്കുകയുണ്ടായി. സമയോചിതമായും, യുക്തിപൂർവ്വമായും, കേസ്സു നടത്തി അനുകൂലവിധി സമ്പാദിക്കാനായത് ജൂബിലേറിയന്റെ വിജയമായിരുന്നു. ഇത്തരുണത്തിൽ ഇടവകാംഗമായിരുന്ന തങ്കമണിയെന്ന ചെറുപ്പക്കാരന്റെ ഇടപെടൽ അച്ചനെ വ്യക്തിപരമായി വളരെയധികം സഹായിച്ചു.

തുടർന്ന് ഒരു വർഷക്കാലത്തോളം പുലിയൂർ, ഇലഞ്ഞിമേൽ ഇടവകകളുടെ വികാരിയായി നിയമിതനായി. എന്നാൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നതിനാൽ കൃത്യമായി പറഞ്ഞാൽ 10 മാസങ്ങൾക്കു ശേഷം അച്ചന് കുടശ്ശനാട്ട് ഇടവകയിലേക്ക് നിയമനം നൽകി.

1975 മുതൽ 80 വരെ കുടശ്ശനാട്, കുരമ്പാല, പന്തളം ഇടവകകളുടെ വികാരിയായി. ആയിടയ്ക്ക് ഒരു സെക്കൻഡ് ഹാൻഡ് ചേതക് സ്കൂട്ടർ വാങ്ങി. അതിൽ യാത്ര ചെയ്തായിരുന്നു ഇടവക ശുശ്രൂഷകൾ നടത്തിയിരുന്നത്. പന്തളം മെഡിക്കൽ മിഷൻ ജംഗ്ഷനടുത്ത് സ്ഥലം വാങ്ങി ചെറിയ ഒരു ദൈവാലയം, അച്ചന്റെ ശ്രമഫലമായി നിർമ്മിച്ച്, ആരാധന നടത്തിത്തുടങ്ങി.

1980 – 81 കാലഘട്ടത്തിൽ പുത്തൻപീടിക, വാഴമുട്ടം ഇടവകകളുടെ വികാരിയായി. പുത്തൻപീടിക ഇടവക അവിഭക്ത തിരുവനന്തപുരം അതിരൂപതയിലെ അനുഗൃഹീതമായ ഇടവകകളിലൊന്നാണ്. ദൈവവിളികൾ കൊണ്ട് സംപുഷ്ടമായ അവിടെയും, വാഴമുട്ടം ഇടവകയിലും അദ്ദേഹം ഒരു വർഷം സേവനമനുഷ്ഠിച്ചു.

1981 മുതൽ 85 വരെ കാലഘട്ടത്തിൽ ചേപ്പാട്, രാമപുരം കാർത്തികപ്പള്ളി, മുട്ടം ഇടവകകളിൽ വികാരിയായി. ഇതോടൊപ്പം നങ്ങ്യാർകുളങ്ങര ബഥനി സന്യാസിനി സമൂഹത്തിന്റെ ആത്മീയ കാര്യങ്ങളും നിർവ്വഹിച്ചുവന്നു. ചേപ്പാടുവച്ചു നടന്ന പുനരൈക്യ വാർഷികത്തിന് ചുക്കാൻ പിടിച്ചുകൊണ്ട് അഭിമാനാർഹമായ വിധം ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനും, നേതൃത്വം നൽകുന്നതിനും ജൂബിലേറിയന് സാധിച്ചു. ചേപ്പാട് ഫിലിപ്പോസ് റമ്പാച്ചനും,





വന്ദ്യ തുരുത്തിയിൽ റമ്പാച്ചനും ഉൾപ്പെടുന്ന, പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രഭവസ്ഥാനങ്ങളിലൊന്നായ ചേപ്പാട് ഇടവകയിലെ അച്ചന്റെ ശുശ്രൂഷ എന്നും ആദരിക്കപ്പെടുന്നതാണ്. ചേപ്പാട് അച്ചനോടൊപ്പം താമസിച്ച് ശുശ്രൂഷ ചെയ്തിരുന്ന തെങ്ങുവിളയിലച്ചന്റെ അപ്രതീക്ഷിത നിര്യാണം ഇന്നും ആത്മനൊമ്പരമായി അച്ചന്റെ മനസ്സിലുണ്ട്.

1987 മുതൽ 95 വരെ ദീർഘകാലം അച്ചൻ ഓടനാവട്ടത്തു താമസിച്ചുകൊണ്ട്, ഓടനാവട്ടം, പരുത്തിയറ, ഇടവകകളുടെ വികാരിയായി ശുശ്രൂഷ നിർവ്വഹിച്ചു. ഇതോടൊപ്പം ഓടനാവട്ടത്ത് പ്രവർത്തിച്ചു വന്ന സെന്റ് തോമസ് ഹോസ്പിറ്റലിന്റെ ഡയറക്ടറായും സേവനം നിർവ്വഹിച്ചു. ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിച്ചിരുന്ന എസ്.എച്ച്. സിസ്റ്റേഴ്സിനോടൊപ്പം, ഹോസ്പിറ്റലിന്റെ പ്രവർത്തനം നാട്ടുകാർക്കും, സാധാരണക്കാർക്കും പ്രയോജനപ്പെടും വിധം, മുന്നോട്ടു കൊണ്ടുപോകുന്നതിൽ അച്ചൻ നൽകിയ നേതൃത്വം, ഇന്നും നന്ദിയോടെ സ്മരിക്കപ്പെടുന്നുണ്ട്. ഇടയ്ക്കിടക്ക് നേരിട്ട പരീക്ഷണ ഘട്ടങ്ങളെ അവധാനതയോടും, ക്ഷമയോടും കൂടി നേരിടുന്നതിൽ അച്ചൻ കാട്ടിയ കഴിവ് ഇന്നും, എസ്.എച്ച്. സന്യാസിനി സമൂഹം നന്ദിയോടെ സ്മരിക്കാറുണ്ട്. ഇതിനിടയിലും, ഇടവകശുശ്രൂഷയിൽ യാതൊരു കുറവും സംഭവിക്കാതെ, വിശ്വാസ സമൂഹത്തിനു ലഭിക്കേണ്ട എല്ലാ ആത്മീയ ഉണർവും നൽകുന്നതിൽ അച്ചൻ യാതൊരു വിട്ടുവീഴ്ചയും കാണിച്ചിരുന്നില്ല. തുടർന്നുള്ള ഓരോ വർഷങ്ങൾ 1996, 1996-97 പൂയപ്പള്ളി, വാപ്പാല, കുലശേഖരം എന്നീ ഇടവകകളിലും സേവനം ചെയ്തു.

1997–2000 കാലഘട്ടം അച്ചൻ മൈലപ്രയിൽ താമസിച്ചുകൊണ്ട്, മൈലപ്ര, മേരിഗിരി ഇടവകകളുടെ വികാരിയായി ശുശ്രൂഷ നിർവ്വഹിച്ചു. മൈലപ്രയിൽ വച്ചു നടത്തപ്പെട്ട പുനരൈക്യവാർഷികം അഭിമാനാർഹമാം വിധം സംഘടിപ്പിക്കുന്നതിനും, നേതൃത്വം നൽകുന്നതിനും അച്ചനു കഴിഞ്ഞു. നേരത്തെ ചേപ്പാടു വച്ചു നടത്തിയ വാർഷികാഘോഷങ്ങളുടെ അനുഭവ സമ്പത്ത് ഇതിന് പ്രയോജനപ്പെട്ടു എന്നു പറയാതെ വയ്യ.

ഇടമുളയ്ക്കൽ, ഒഴുകുപാറക്കൽ (2001-2004) പെരിങ്ങള്ളൂർ (2004-2007) കല്ലുമല (2007-09) വെളിയം പൂയപ്പള്ളി (2009-13) കടമ്പനാട് (2013-16) എന്നിങ്ങനെ തുടർന്നു വന്ന ഇടവക ശുശ്രൂഷകൾ അച്ചന് ആത്മസന്തോഷം നൽകുന്നവയായിരുന്നു. ഇന്നും ഈ ഇടവകകളിലെ

www.malankaralibrary.com



ജനങ്ങൾ അവരുടെ ഓർമ്മകളിൽ ജോസച്ചനെ സ്നേഹത്തോടെ സ്മരിക്കുന്നുണ്ട്.

2016 ജൂൺ മുതൽ അച്ചൻ കുണ്ടറ ലിറ്റിൽ ഫ്ളവർ ഇടവകയുടെ വികാരിയായി സേവനമനുഷ്ഠിച്ചു വരുന്നു. അതോടൊപ്പം കുണ്ടറ ബഥനി സന്യാസിനി സമൂഹത്തിന്റെ ആത്മീയകാര്യങ്ങൾ നിർവ്വഹിച്ചുവരുന്നു.

**മുക്കംപാല എസ്റ്റേറ്റ് മാനേജർ**

1995-96 അഞ്ചു വർഷക്കാലം അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ ഭരണ നിയന്ത്രണത്തിലുള്ള മുക്കംപാല എസ്റ്റേറ്റിന്റെ മാനേജർ എന്ന നിലയിൽ അച്ചനെ നിയമിച്ചു. എന്നും ഇടവകശുശ്രൂഷയിൽ ആത്മനിർവൃതി കണ്ടെത്തിയിരുന്ന അച്ചന് ഈ പദവി അത്ര സുഖകരമായ ഒന്നായിരുന്നു എന്നു പറയാൻ പറ്റില്ല. എന്നിരുന്നാലും അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ ഉത്തരവു മാനിച്ച് അദ്ദേഹം ഈ ചുമതല ഏറ്റെടുത്തു. പകരം ഒരാളെ കണ്ടെത്തുമ്പോൾ മാറ്റം നൽകണമെന്ന ഒരപേക്ഷ അച്ചൻ ചുമതലയേൽക്കുമ്പോൾ പിതാവിന്റെ മുമ്പിൽ സമർപ്പിച്ചിരുന്നു. ഒരു വർഷക്കാലം, ഊണും ഉറക്കവുമൊഴിഞ്ഞ് തന്നെ ഏൽപ്പിച്ച ചുമതല നിർവ്വഹിക്കുന്നതിന് അച്ചൻ തന്റെ എല്ലാ കഴിവുകളും വിനിയോഗിച്ചു. തൊഴിൽ മേഖലയുമായും, രാഷ്ട്രീയ മേഖലയുമായും, മറ്റു സിവിൽ നിയമവുമായും ബന്ധപ്പെട്ട ഒരുപാടു പ്രശ്നങ്ങൾ നേരിടേണ്ടി വന്നു. തന്റെ പിതൃസഹോദരനും, ഈ ചുമതലയിൽ ദീർഘകാലം ശോഭിക്കുകയും ചെയ്ത വന്ദ്യ മാത്യു കടകംപള്ളിലച്ചന്റെ ഉപദേശങ്ങളും, പിന്തുണയും ഇക്കാര്യത്തിൽ ജൂബിലേറിയനെ ധൈര്യപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ടെന്നുള്ളത് അച്ചൻ ഇന്നും നന്ദിയോടും, നിറകണ്ണുകളോടും സ്മരിക്കുന്നു.

**മേജർ സെമിനാരി ആദ്ധ്യാത്മിക പിതാവ്**

വൈദിക പരിശീലന കളരിയായ മലങ്കര മേജർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളുടെ ആത്മീയപിതാവെന്ന പദവി അച്ചൻ 2005-07 കാലയളവിൽ വഹിക്കുകയുണ്ടായി. താൻ പരിശീലിച്ചതും, ജന്മം കൊണ്ടും, കർമ്മം കൊണ്ടും ആർജ്ജിച്ചതുമായ ലാളിത്യം, വിശ്വസ്തത, ആത്മീയ പരിശുദ്ധി, വിധേയത്വം എന്നിങ്ങനെ അതു വൈദികന് ഉണ്ടായിരിക്കേണ്ട





പ്രത്യേക ഗുണങ്ങൾ, വൈദികാർത്ഥികൾക്ക് പകർന്നു നൽകുക എന്ന ദൗത്യം ഈ കാലയളവിൽ അച്ചൻ അതിന്റെ പൂർണ്ണതയിൽ നിർവ്വഹിച്ചു. "എന്റെ ജീവിതം എന്റെ സന്ദേശമെന്ന" മഹാത്മജിയുടെ വാക്കുകൾ ഇവിടെ സ്മരിക്കുന്നു. അച്ചന്റെ ജീവിതം തന്നെയാണ് മറ്റുള്ളവർക്കുള്ള അച്ചന്റെ സന്ദേശവുമെന്നത് അംഗീകരിക്കപ്പെട്ട സത്യമാണ്. അച്ചന്റെ ജീവിതത്തെ അടുത്തറിഞ്ഞ വൈദിക വിദ്യാർത്ഥികൾ പിന്നീട് വൈദികരായിക്കഴിഞ്ഞു. അച്ചനെ ആദരവോടുകൂടി മാത്രമേ സമീപിക്കാറുള്ളൂ.

**മാവേലിക്കര മൈനർ സെമിനാരി റെക്ടർ**

2007-ൽ മാവേലിക്കര ഭദ്രാസനം രൂപീകൃതമായതിനുശേഷം മാവേലിക്കരയിൽ കല്ലുമല ആസ്ഥാനമായി ആരംഭിച്ച മൈനർ സെമിനാരിയുടെ പ്രഥമ റെക്ടറായി ജൂബിലേറിയനെയാണ് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് കണ്ടെത്തിയത്. വിദ്യാർത്ഥികൾക്കു താമസിക്കാനും, ക്ലാസ്സുകൾ നടത്താനും, ഭക്ഷണം കഴിക്കുന്നതിനും, തടങ്ങി എല്ലാ സജ്ജീകരണങ്ങളും, പുതുതായി കണ്ടെത്തേണ്ടിയിരുന്നു. കല്ലുമല ദൈവാലയത്തോടു ചേർന്ന് അന്നുണ്ടായിരുന്ന ചെറിയ ഒരു ഹാൾ, കാർഡ്ബോർഡും, പ്ലൈവുഡും ഉപയോഗിച്ച് താല്കാലികമായി കെട്ടിതിരിച്ച്, പരിമിതമായ സൗകര്യങ്ങൾ ക്രമീകരിച്ചാണ് സെമിനാരി പ്രവർത്തനം ആരംഭിച്ചത്. വൈദികാർത്ഥികളായി വന്ന കുഞ്ഞുങ്ങളെ പിതൃനിർവ്വിശേഷമായ കരുതലോടെയും, സൂക്ഷ്മതയോടെയും, പരിശീലിപ്പിക്കുന്നതിനും, ശിക്ഷണം നൽകുന്നതിനും, നിഷ്ഠകൾ പാലിക്കാൻ പ്രേരിപ്പിക്കുന്നതിലും അച്ചൻ കാണിച്ച മാതൃക എന്നും സ്മരിക്കപ്പെടുന്നതാണ്. ഇന്ന് എല്ലാ സംവിധാനങ്ങളോടും കൂടിയ കെട്ടിട സമുച്ചയം ഭദ്രാസനത്തിന്റെ മൈനർ സെമിനാരിക്കായി നിർമ്മിക്കാനായത് കാണുമ്പോൾ അച്ചൻ വാക്കുകളിലൊതുങ്ങാത്ത നന്ദി ദൈവത്തിന് അർപ്പിക്കുകയാണ്. ഭദ്രാസനത്തിലെ ദൈവവിളി എന്നും ശക്തി പ്രാപിക്കുന്നതിന് ഈ സാഹചര്യങ്ങൾ സഹായകരമാകട്ടെയെന്ന് പ്രാർത്ഥിക്കുകയാണ്.

മുകളിൽ രണ്ടു പദവികളും, അച്ചന്റെ വ്യക്തിജീവിതത്തിന്റെ പരിശുദ്ധിയും, ലാളിത്യവും, തൊട്ടറിയുന്നതിന്, വൈദിക പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള അർത്ഥികൾക്ക് അവസരം നൽകുകയുണ്ടായി. ഒരു പക്ഷേ ഇന്നത്തെ തലമുറയിൽപെട്ട യുവമനസ്സുകൾക്ക്

www.malankaralibrary.com



ഉൾക്കൊള്ളാൻ അല്പം ബുദ്ധിമുട്ടുള്ള അച്ചന്റെ വിട്ടുവീഴ്ചയില്ലാത്ത ശിക്ഷണ രീതിയിൽ അഭിപ്രായ വ്യത്യാസമുണ്ടാകും. ഒരു വൈദികൻ ആർജ്ജിക്കേണ്ട അടിസ്ഥാനഗുണങ്ങൾ, പകർന്നു നൽകുന്നതിൽ അച്ചൻ കാട്ടിയ മാതൃക എന്നും സ്മരിക്കപ്പെടും എന്നുള്ളതിന് സംശയമില്ല.

**കോർ എപ്പിസ്കോപ്പാ സ്ഥാനാഭിഷേകം**

എന്നും സഭയിലെ സ്ഥാനമാനങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി ജീവിച്ച ജൂബിലേറിയന്റെ ജീവിതം തൊട്ടറിഞ്ഞ മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമനസ്സുകൊണ്ട് സഭയുടെ അംഗീകാരമായ കോർ എപ്പിസ്കോപ്പാ സ്ഥാനം, കനിഞ്ഞ് വച്ചു നീട്ടിയപ്പോൾ, സാധാരണ വൈദികനായി തുടരാനാണാഗ്രഹമെന്ന് പിതാവിനോട് അപേക്ഷിച്ചുനോക്കി. എന്നാൽ എന്നും അധികാരി സ്ഥാനങ്ങളോട് വിധേയത്വം പാലിച്ചു ശീലിച്ച അച്ചന് പിതാവിന്റെ കല്പന നിരസിക്കാൻ കഴിഞ്ഞില്ല.

2014 മെയ് മാസം 21-ാം തീയതി മാവേലിക്കര കത്തീഡ്രൽ ദൈവാലയത്തിൽ വച്ച്, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിലും, മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി, സഭയിലെ മറ്റു മേലദ്ധ്യക്ഷന്മാർ എന്നിവരുടെ സഹകാർമ്മികത്വത്തിലും, വന്ദ്യനായ ജോർജ്ജ് ചരുവിള അച്ചനോടൊപ്പം കോർ എപ്പിസ്കോപ്പാ സ്ഥാനാരോഹണം നടന്നു. അതേ ചടങ്ങിൽ ദിവംഗതനായ വന്ദ്യ ഡാനിയേൽ കൊച്ചുവിള അച്ചന് റമ്പാൻ സ്ഥാനവും നൽകപ്പെട്ടു. സഭയുടെ അംഗീകാരം ദൈവനിശ്ചയമാണെന്നു വിശ്വസിക്കുന്ന ജൂബിലേറിയൻ, കോർ എപ്പിസ്കോപ്പാ സ്ഥാനം, സഭയെ ശുശ്രൂഷിക്കുന്നതിന്, ദൈവം നൽകിയ ആഹ്വാനമാണെന്ന് തിരിച്ചറിഞ്ഞ് ജീവിതം നയിക്കുന്നു.

**ജീവിതത്തിലെ നൊമ്പരങ്ങൾ**

ഒരു വൈദികനെ സംബന്ധിച്ചിടത്തോളം തന്റെ മാതാപിതാക്കൾ എന്നും ഒരു ആത്മനിർവൃതി നൽകുന്നവരാണ്. അവരുടെ വേർപാട് കുടുംബജീവിതം നയിക്കുന്നവരിൽ നിന്നും വ്യത്യസ്തമായി മാത്രമേ അനുഭവിക്കാൻ സാധിക്കുകയുള്ളൂ. മാതാവ് റെയിച്ചൽ ഉമ്മൻ. 2003 ഫെബ്രുവരി 8-ാം തീയതിയിലും, പിതാവ് 2003 ഡിസംബർ എട്ടാം തീയതിയിലും, ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. അതു നൽകിയ വേദന ദൈവനിശ്ചയമെന്ന് തിരിച്ചറിഞ്ഞ്, പ്രതിദിന ബലിയർപ്പണത്തിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു.



**മാവേലിക്കര കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന കോർ എപ്പിസ്ക്കോപ്പാ സ്ഥാനാരോഹണ വേളയിൽ**

**21 – 05 – 2014**







www.malankaralibrary.com

## സഹോദരൻ കെ. ഒ. ജോണിനൊപ്പം കുവൈറ്റ്, വിശുദ്ധനാട് സന്ദർശന വേളയിൽ





കർത്താവിന്റെ കബറിട ദൈവാലയത്തിൽ ദിവ്യബലി അർപ്പിച്ചപ്പോൾ







കണ്ണൂർ തളിപ്പറമ്പിൽ പിതൃസഹോദരൻ യോഹന്നാന്റെ കുടുംബ സന്ദർശനവേളയിൽ



സഹോദരൻ കെ. ഒ. ജോണിന്റെ വിവാഹ വേളയിൽ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനോടൊപ്പം 1984



എന്നാൽ തന്റെ സഹോദരങ്ങളുടെ ജീവിതത്തിലുണ്ടായ ദൈവീക പരീക്ഷണം അച്ചനെ ആത്മസംഘർഷത്തിനിരയാക്കുകയുണ്ടായി. സഹോദരൻ കെ.ഒ. ജോണിന്റെ സഹധർമ്മിണി ദീനാമ്മ (അന്നമ്മ ജോൺ) 22.06.2005-ൽ അപ്രതീക്ഷിതമായി ദൈവസന്നിധിയിലേക്കു വിളിക്കപ്പെട്ടു.

ഏറ്റവും ഇളയ സഹോദരൻ കെ.ഒ. രാജുവിന്റെ മൂത്തമകൻ ജിതിൻ 24-ാമത്തെ വയസ്സിൽ 14.08.2014-ൽ അപ്രതീക്ഷിതമായി ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു.

പിതൃസഹോദരൻ വന്ദ്യ ഡാനിയേൽ കടകംപള്ളിലച്ചൻ, വന്ദ്യ ജേക്കബ് വിളയിലച്ചൻ, പിതൃസഹോദരി സി. മരിയ ഗ്രാസ്യ, ഏറ്റവും ഒടുവിലായി ജൂബിലി സമാപനത്തിനു തൊട്ടു മുൻപായി, എന്നും അച്ചന് ആത്മധൈര്യവും, കരുത്തും നൽകിവന്ന വന്ദ്യ മാത്യു കടകംപള്ളിലച്ചനും, ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു.

സഹോദരന്റെ ഭാര്യയുടെയും, സഹോദരപുത്രന്റെയും വേർപാട് അപ്രതീക്ഷിതവും, അത്യധികം നൊമ്പരപ്പെടുത്തുന്നതുമായിരുന്നു. എല്ലാം ദൈവനിശ്ചയമെന്ന പ്രത്യാശയിൽ സഹോദരങ്ങളെയും, മാതാപിതാക്കളെയും, മറ്റു വൈദികശ്രേഷ്ഠരെയും അച്ചൻ സമർപ്പിച്ചു പ്രാർത്ഥിക്കുകയാണ്.

### പൗരോഹിത്യ സുവർണ്ണജൂബിലി

പൗരോഹിത്യ ശുശ്രൂഷയിൽ വർഷങ്ങൾ പിന്നിടുകയെന്നത് ദൈവപരിപാലനയുടെ പ്രത്യക്ഷീകരണമാണ്. രജതജൂബിലിയും കടന്ന് ഇന്ന് സുവർണ്ണജൂബിലിയുടെ നിറവിലായിരിക്കുക എന്നത് എന്നും നന്ദിയോടുകൂടി മാത്രമേ ഓർക്കാൻ കഴിയൂ. വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പായുടെ പൗരോഹിത്യ സുവർണ്ണജൂബിലി, ലളിതമായും എന്നാൽ ആത്മീയ ഉണർവ്വോടും, ഭക്തിനിർഭരവുമായി, ദൈവത്തിന് കൃതജ്ഞത അർപ്പിക്കണമെന്ന് അച്ചനും, കുടുംബാംഗങ്ങളും, ഇടവകജനങ്ങളും കൂട്ടായി ആഗ്രഹിച്ചു.

സുവർണ്ണജൂബിലി ഉദ്ഘാടനം 2016 ഡിസംബർ മാസം 10-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് അച്ചന്റെ മാതൃ ഇടവകയായ പുത്തൂർ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് ജൂബിലിയേറിയൻ അർപ്പിച്ച വി. കുർബാനയോടും, പൊതുസമ്മേളനത്തോടുമൊപ്പം നടത്തി. മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ

www.malankaralibrary.com



മാർ ഇഗ്നാത്തിയോസ് തിരുമേനി, തിരുവനന്തപുരം അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയസ് തിരുമേനി എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഇടവകയിലെയും, ഭദ്രാസനത്തിലെയും, കൊല്ലം, പുത്തൂർ വൈദികജില്ലകളിലെയും ബഹു. വൈദികരും, സന്യാസിനിമാരും, ഇടവകജനങ്ങളും, ബന്ധുമിത്രാദികളും, ദൈവത്തിന് നന്ദി അർപ്പിക്കാൻ ജൂബിലിയേറിയനോടൊപ്പം സമ്മേളിച്ചു. പൊതുസമ്മേളനത്തിൽ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും അഭിവന്ദ്യ സാമുവൽ മാർ ഐറേനിയസ് പിതാവും, വൈദികപ്രതിനിധികൾ, സന്യസ്തരുടെ പ്രതിനിധികൾ, ഇടവക പ്രതിനിധി എന്നിവരും ആശംസ അർപ്പിച്ചു.

**സുവർണ്ണജൂബിലി സമാപന ആഘോഷം**

ജൂബിലേറിയന്റെ ഒരു വർഷം നീണ്ടുനിന്ന പൗരോഹിത്യ സുവർണ്ണ ജൂബിലി വർഷ ആഘോഷങ്ങളുടെ സമാപനം ഏറ്റം ലളിതവും പ്രൗഢഗംഭീരവും, സമുചിതവുമായി ആഘോഷിക്കണമെന്നത് അച്ചന്റെ കുടുംബാംഗങ്ങളുടെയും, മാതൃ ഇടവകയായ പുത്തൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയാംഗങ്ങളുടെയും, ബന്ധുമിത്രാദികളുടെയും, സഹവൈദികരുടെയും അഭ്യുദയകാംക്ഷികളുടെയും ആഗ്രഹമായിരുന്നു. അതിനുള്ള ഒരുക്കങ്ങൾ മാസങ്ങൾക്കു മുൻപേ ആരംഭിച്ചിരുന്നു. 2017 ഡിസംബർ 9 ശനിയാഴ്ച നടത്തുന്നതിന് അഭിവന്ദ്യ പിതാക്കന്മാരുടെയും, സഭാതലവനായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് ബാവാ തിരുമേനിയുടെയും, അനുവാദത്തോടെ തീരുമാനിച്ചു. വിപുലമായ ആഘോഷ കമ്മിറ്റികൾ ഇടവകതലത്തിൽ രൂപീകരിക്കപ്പെട്ടു. ഇടവക വികാരി പെരി. ബഹു. സിൽവസ്റ്റർ തെക്കേടത്തച്ചന്റെ നേതൃത്വത്തിൽ ഇടവക കമ്മറ്റിയും, കുടുംബാംഗങ്ങളും, വിപുലമായ ഒരുക്കങ്ങൾ ചെയ്തു. ഇടവകക്കുവേണ്ടി നിർമ്മാണത്തിലിരിക്കുന്ന പുതിയ ദൈവാലയത്തിന്റെ പണി പൂർത്തിയായിട്ടില്ലെങ്കിലും, മേൽക്കൂരയും, മറ്റ് സ്ട്രക്ച്ചറുകളും, പൂർത്തിയായ സാഹചര്യത്തിൽ ജൂബിലിയാഘോഷ സമാപന പരിപാടികൾ അതിനകത്തു വച്ചു തന്നെ നടത്തുന്നതിന് ഭദ്രാസനാദ്ധ്യക്ഷന്റെ അനുവാദത്തോടെ തീരുമാനിച്ചു. അതിനുവേണ്ടി താല്ക്കാലിക മദ്ബഹായും, മറ്റ് അനുബന്ധ ക്രമീകരണങ്ങളും, ചെയ്യുന്നതിന് തീരുമാനിച്ചു. എല്ലാ ഭദ്രാസനങ്ങളിലെയും, പിതാക്കന്മാരെയും, വൈദികരെയും, വിവിധ കോൺഗ്രിഗേഷനുകളിലുള്ള സന്യസ്തരെയും, പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു.





എന്നാൽ 2017 ഡിസംബർ 1-ാം തീയതി വെളുപ്പിന് കേട്ട വാർത്ത എല്ലാവരെയും അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പിക്കുന്നതായിരുന്നു. കുടുംബത്തിലെ ജീവിച്ചിരിക്കുന്ന വൈദികരിൽ മുതിർന്നയാളും, ജൂബിലിയാഘോഷങ്ങൾക്ക് മുമ്പിൽ നിന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടിയിരുന്നയാളുമായ വന്ദ്യ മാത്യു കടകംപള്ളിൽ അച്ചൻ ഹൃദയാഘാതത്തെ തുടർന്ന് കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെട്ടു എന്നതായിരുന്നു വാർത്ത. ജൂബിലിയാഘോഷങ്ങളുടെ മേൽ കരിനിഴൽ വീണ നിമിഷങ്ങളായിരുന്നു. ജൂബിലേറിയനെ സംബന്ധിച്ചും, താങ്ങാനാകാത്ത വേദനയുടെ നിമിഷങ്ങളായിരുന്നു. എന്നിരുന്നാലും, മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമനസ്സുകൊണ്ട് പുത്തൂരിലെത്തി സ്ഥിതിഗതികൾ വിലയിരുത്തിയശേഷം, വന്ദ്യ മാത്യു അച്ചന്റെ ദേഹവിയോഗം അപ്രതീക്ഷിതമാണെങ്കിലും, ദൈവനിയോഗത്തിൽ വിധേയരായി പ്രത്യാശയോടെ മുന്നോട്ടു പോകേണ്ടതാണെന്ന് ഉപദേശിച്ചു. ജൂബിലി സമാപന പരിപാടികൾ മാറ്റമില്ലാതെയും, എന്നാൽ പരമാവധി ആഡംബര രഹിതമായും നടക്കട്ടെ എന്ന് കല്പിച്ചു.

ബഹു. മാത്യു അച്ചന്റെ സംസ്കാര ശുശ്രൂഷ പുത്തൂർ ദൈവാലയത്തിലും, ഭവനത്തിലുമായി സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ പ്രധാന കാർമ്മികത്വത്തിലും, മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെയും, സഭയിലെ മറ്റു പിതാക്കന്മാരുടെയും സഹകാർമ്മികത്വത്തിലും 04.12.2017 തിങ്കളാഴ്ച നിർവ്വഹിച്ചു.

ഡിസംബർ മാസം 9-ാം തീയതി ശനിയാഴ്ച നിശ്ചയിച്ചിരുന്നതുപോലെ സുവർണ്ണജൂബിലി സമാപനപരിപാടികൾ ആരംഭിച്ചു. രാവിലെ 8.30-ന് സഭാതലവൻ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായ്ക്കും, മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിനും, തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ സഹായമെത്രാനും, ജൂബിലേറിയന്റെ മാതൃസഹോദര പുത്രനുമായ സാമുവൽ മാർ ഐറേനിയോസ് പിതാവിനും, ജൂബിലേറിയനും, ഇടവകക്കുവേണ്ടി നിർമ്മാണത്തിലിരിക്കുന്ന ദൈവാലയ കെട്ടിടത്തിൽ താല്കാലികമായി തയ്യാറാക്കിയ വേദിയിലേക്ക്, ലളിതമായ രീതിയിൽ സ്വീകരണം നൽകി. ഇടവക വികാരി പെരി. ബഹു. സിൽവസ്റ്റർ

www.malankaralibrary.com



തെക്കടത്തച്ചൻ അഭിവന്ദ്യ പിതാക്കന്മാരെയും, ജൂബിലേറിയനെയും, ലിറ്റർജിക്കൽ സ്വീകരണം നൽകി വേദിയിലേക്ക് ആനയിച്ചു. പ്രഭാതപ്രാർത്ഥനയ്ക്കുശേഷം ജൂബിലേറിയൻ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ തന്റെ കൃതജ്ഞതാബലി ആരംഭിച്ചു. കുർബാനമദ്ധ്യേ സഭാതലവൻ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ, വചനസന്ദേശവും, ഒപ്പം ജൂബിലേറിയന് ആശംസകളും അർപ്പിച്ചുകൊണ്ട് ദീർഘമായ പ്രഭാഷണം നിർവ്വഹിച്ചു. ആഘോഷമായ കൃതജ്ഞതാബലിയിൽ, ജൂബിലേറിയനോടൊപ്പം, സഭയിലെ പിതാക്കന്മാരും, കോർ എപ്പിസ്ക്കോപ്പാമാരും, വിവിധ സന്യാസ, സന്യാസിനി സമൂഹങ്ങളുടെ സുപ്പീരിയർമാരും സന്യസ്തരും, വൈദികരും, വിവിധ ഇടവകകളിൽ നിന്നുമുള്ള വിശ്വാസികളും, ബന്ധുമിത്രാദികളും മാതൃ ഇടവകാംഗങ്ങളും, നാട്ടിലെ മറ്റു സഭാസമൂഹങ്ങളിലെ വൈദികരും, വിശ്വാസികളും, അടങ്ങുന്ന വൻ ജനാവലി നിറകണ്ണുകളോടെ സംബന്ധിച്ചു. ഏതാണ്ട് 11.30-ന് അനുമോദന സമ്മേളനം ആരംഭിച്ചു.

ഇടവക വികാരി പെരിയ. ബഹു. സിർവസ്റ്റർ തെക്കടത്തച്ചന്റെ സ്വാഗത പ്രസംഗത്തോടെ ആരംഭിച്ച അനുമോദന സമ്മേളനത്തിൽ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു. തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ സാമുവൽ മാർ ഐറേനിയോസ് തിരുമേനി, വിവിധ ഭദ്രാസനങ്ങളെ പ്രതിനിധീകരിച്ച് വികാരി ജനറൽമാർ, കോർ എപ്പിസ്കോപ്പാമാർ, ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ, ബഥനി സന്യാസിനി സമൂഹത്തിന്റെ മദർ ജനറൽ, ഇടവക വൈദികരുടെ പ്രതിനിധി, സന്യസ്തരുടെ പ്രതിനിധി, അല്മായ പ്രതിനിധി അങ്ങനെ എല്ലാ മേഖലയിലും പെട്ടവർ, ജൂബിലേറിയന് ആശംസകൾ അർപ്പിച്ചുകൊണ്ട് തദവസരത്തിൽ പ്രസംഗിച്ചു. ഇതര സഭാസമൂഹത്തെ പ്രതിനിധീകരിച്ചുകൊണ്ട് പുത്തൂരെ ഓർത്തഡോക്സ് സഭാംഗം ഫാ. തോമസ് ഇലവിളയിൽ കോർ എപ്പിസ്കോപ്പാ ആശംസ അർപ്പിക്കുകയുണ്ടായി.

ഇടവകക്കുവേണ്ടിയും, ഇടവകയിലെ വിവിധ ഭക്തസംഘടനകൾക്കു വേണ്ടിയും, ഉപസംഹാരങ്ങൾ അർപ്പിക്കപ്പെട്ടു. ലളിതവും, എന്നാൽ പ്രൗഢവുമായിരുന്ന അനുമോദന സമ്മേളനത്തിന്റെ പരിസമാപ്തിയിൽ ജൂബിലേറിയൻ വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പോ നന്ദി അർപ്പിച്ചു. തന്റെ ജനനം മുതൽ ഇന്നു വരെ വഴി





നടത്തിയ ദൈവത്തിനും, മാതാപിതാക്കൾക്കും, ഗുരുഭൂതന്മാർക്കും, കുടുംബത്തിലെ ബഹു. വൈദികർക്കും, ഇടവകയിലെ വൈദികർക്കും, അങ്ങനെ പൗരോഹിത്യത്തിന്റെ ഓരോ പടവുകളും കടന്നു മുന്നോട്ടു നീങ്ങാൻ സഹായിച്ച എല്ലാവരെയും അച്ചൻ നന്ദിപ്രസംഗത്തിൽ അനുസ്മരിച്ചു. ഓർമ്മകളുടെ വേലിയേറ്റത്തിൽ പ്രസംഗത്തിന്റെ പല ഘട്ടങ്ങളിലും അച്ചന്റെ കണ്ഠമിടറുന്നത് കാണാമായിരുന്നു. സമ്മേളനം സ്നേഹഭോജനത്തോടെ സമാപിച്ചു.

**ഉപസംഹാരം**

ഫ്രാൻസിസ് മാർപാപ്പയുടെ പ്രസിദ്ധമായ വൈദികവൃത്തിയെ സംബന്ധിച്ചുള്ള ദർശനങ്ങൾ ഇന്ന് സഭയിൽ മാറ്റങ്ങൾക്ക് കാരണമായിരിക്കുന്നു. വൈദികജീവിതത്തിന്റെ അഞ്ചു പതിറ്റാണ്ടുകൾ പിന്നിട്ട വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പോയുടെ ജീവിതത്തിലൂടെയുള്ള ഓട്ട പ്രദക്ഷിണമാണ് മുൻപേജുകളിൽ വിവരിക്കാൻ ശ്രമിച്ചിട്ടുള്ളത്. സൗമ്യം, ദീപ്തം, ആർദ്രം, ദൃഢനിശ്ചിതം - ആ ജീവിതം നോക്കിക്കൊണ്ട് പറയാൻ കഴിയുന്നത് ഇത്രയുമാണ്. ഇടവക വൈദികരുടെ മദ്ധ്യസ്ഥൻ എന്നറിയപ്പെടുന്ന വി. ജോൺ മരിയ വിയാനിയെ പിൻതുടർന്നുകൊണ്ട് നല്ല ഒരു ഇടവക വൈദികനായി സഭാശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ജൂബിലേറിയന്റെ ജീവിതം എന്തുകൊണ്ടും വേറിട്ടുതന്നെ നിൽക്കുന്നു. വൻകാര്യങ്ങൾ ചെയ്തതായി അവകാശപ്പെടാൻ ഒന്നുമില്ല. എന്നാൽ ഏൽപ്പിച്ച കാര്യങ്ങൾ, സഭാമേലദ്ധ്യക്ഷന്മാരുടെ കല്പനകൾ ശിരസ്സാ വഹിച്ചുകൊണ്ട്, നിശബ്ദമായി, സൗമ്യമായി നിർവ്വഹിക്കുന്ന വന്ദ്യ അച്ചൻ വൈദികസമൂഹത്തിന് എന്നും ഉയർത്തിക്കാട്ടാവുന്ന ഒരു മാതൃകയാണ്.


സമ്പന്നമായ പൈതൃകവും, പാരമ്പര്യവും പകർന്നു നൽകിയ അനുഭവങ്ങളും, ശിക്ഷണവും, നിഷ്ഠകളും, തന്റെ വൈദികജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നതിന് അച്ചനെ പ്രാപ്തനാക്കി. കാലയവനികകൾക്കിടയിൽ മറഞ്ഞ വന്ദ്യരായ മത്തായി വിളയിലച്ചനും, തോമസ് വിളയിലച്ചനും, ഡാനിയേൽ കടകംപള്ളിലച്ചനും, ജേക്കബ് വിളയിലച്ചനും, മാത്യു കടകംപള്ളിലച്ചനും, സ്വർഗ്ഗീയ ഭവനത്തിൽ ജൂബിലേറിയന്റെ മാതാപിതാക്കളോടൊപ്പം, ഈ ജൂബിലിയുടെ പരിസമാപ്തിയിൽ ആനന്ദാശ്രുക്കൾ പൊഴിക്കുന്നുണ്ടാകണം.

www.malankaralibrary.com



ലാളിത്യവും, സൗഹൃദവും കൊണ്ട് സമ്പന്നമായ ഈ ആചാര്യന്റെ ജീവിതത്തിന്റെ ഏടുകളിലൂടെ വായനക്കാരെ നയിക്കാൻ അല്പമെങ്കിലും കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യത്തോടെ ഈ രചന ഇവിടെ പൂർണ്ണമാകുന്നു. തുടർന്നുള്ള പേജുകളിൽ അച്ചനുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ സഭയിലെ വിവിധ ശ്രേണിയിലുള്ള വൈദികരും, സന്യസ്ഥരും, അല്മായ പ്രമുഖരും അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. ആത്മബന്ധങ്ങളുടെ അലയൊലികൾ ഇവയിലെല്ലാം പ്രതിധ്വനിക്കുന്നുണ്ട്. വന്ദ്യ വൈദികാ ഇനിയും ആടുകളെ അടുത്തറിഞ്ഞ് മുന്നോട്ടു നയിച്ചാലും!






www.malankaralibrary.com

# ലേഖനങ്ങൾ





# പ്രകാശപൂരിതം ഈ ജീവിതം

**റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ**
**കോർ എപ്പിസ്കോപ്പാ**

ധന്യമായ ജീവിതംകൊണ്ട് ദൈവത്തേയും മനുഷ്യരേയും സ്നേഹിച്ച വന്ദ്യനായ വൈദികശ്രേഷ്ഠനാണ് ബഹു. ജോസ് കടകം പള്ളിൽ കോർ എപ്പിസ്ക്കോപ്പാ. ഒരു മനുഷ്യജീവിതത്തിലെ അമ്പതുവർഷക്കാലം സാമാന്യം ദീർഘകാലം തന്നെ ഒരു സ്ഥാപനത്തെ സംബന്ധിച്ചാകട്ടെ വളരെ ചെറിയ കാലഘട്ടവും. വൈദിക ജീവിതത്തിൽ 50 വർഷക്കാലം പ്രശസ്തമാം വിധത്തിൽ പൂർത്തീകരിക്കാൻ സാധിച്ചത് ബഹു. അച്ചന്റെ പൗലോസിനടുത്ത തീക്ഷ്ണതയും വൈദികജീവിതത്തോടുള്ള ഇഴയടുപ്പവുമാണ്. സഭയോടും വൈദിക കൂട്ടായ്മയോടും ഒട്ടിച്ചേർന്നുള്ള ബാല്യകാലം മുതലുള്ള അടുപ്പം വൈദിക - ദൈവീക-വ്യക്തിത്വം വളർത്തിയെടുക്കുന്നതിന് സഹായിച്ചു എന്ന് ജീവിതത്തിലൂടെ മനസ്സിലാക്കാം.

വ്യക്തിപരമായി ബഹു. അച്ചന്റെ വൈദികപട്ട സ്വീകരണം എന്നിൽ ആഴമായ തെരഞ്ഞെടുപ്പ് നടത്തുന്നതിന് സഹായിച്ചു. ഇപ്പോഴും പച്ചപിടിച്ചു നില്ക്കുന്ന ഒരു കാര്യമുണ്ട്. 1967 ഡിസംബർ 9-ാം തീയതി ഉച്ചകഴിഞ്ഞ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനാൽ പുത്തൂർ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട വൈദിക പട്ടംകൊട ഇന്നും മായാതെ മനസ്സിൽ പച്ചപിടിച്ച് നില്ക്കുന്നു. അതോടടുത്ത ദിവസങ്ങളിൽ വളരെ ഉത്സാഹത്തോടുകൂടി - ഡിസംബർ 9-ന് വേണ്ടി കാത്തിരുന്നത് ഈയവസരത്തിൽ ഓർക്കുന്നു. ഞങ്ങൾ കുട്ടികൾക്കെല്ലാം വലിയ ഉത്സാഹത്തിന്റെ ദിനങ്ങളായിരുന്നു, ആദ്യമായി പുത്തൂർ പള്ളിയിൽ വച്ച് വൈദികപട്ടം കൊടുക്കുന്ന ശുശ്രൂഷ. ഒരു വൈദിക പട്ടംകൊട ആദ്യമായി കാണുന്നതിന് ധാരാളം ആളുകൾ എത്തിച്ചേരുകയുണ്ടായി. അന്ന് നടന്ന ശുശ്രൂഷകൾ മനസ്സിൽ ആഴമായി പതിയുന്നതിനും സഹായിച്ചു. ഒരു പക്ഷേ ആ ദിവസം ബഹു.

www.malankaralibrary.com



അച്ചനും മാതാപിതാക്കൾക്കും ലഭിച്ച പ്രാധാന്യം പില്ക്കാലത്ത് അദ്ദേഹത്തിന്റെ പാത പിൻതുടരുന്നതിന് സഹായിച്ചു എന്ന് നിസ്സംശയം പറയാം.

“വിളവധികം വേലക്കാരോ ചുരുക്കം” എന്ന യേശുവിന്റെ വചനം പിൻചെല്ലുന്നതിന് ഈ മാതൃക വളരെ സഹായിച്ചു എന്നതു ശരി തന്നെ.

ബഹു. ജോസ് അച്ചന്റെ പ്രവർത്തനമണ്ഡലങ്ങൾ പ്രധാനമായും ഇടവകകൾ കേന്ദ്രീകരിച്ചായിരുന്നു. ഏതാണ്ട് 38-ൽ അധികം ഇടവകകളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. അവിടെയെല്ലാം “ആടുകളെ പേരു ചൊല്ലി വിളിക്കുന്ന ഇടയന്റെ' ശുശ്രൂഷ നടത്തപ്പെട്ടു. പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെ 'ആടിന്റെ ഗന്ധം അറിയുന്ന ഇടയനായി' പ്രവർത്തിച്ചു. അദ്ദേഹം ശുശ്രൂഷിച്ച സ്ഥലങ്ങളിൽ പുനരൈക്യ വാർഷികം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഭംഗിയായി ആഘോഷിച്ചത് ഇവിടെ സ്മരിക്കുന്നു - ചേപ്പാട്, മൈലപ്രാ തുടങ്ങിയ സ്ഥലങ്ങളിൽ.


സഭാപ്രവർത്തനത്തിൽ അനിതരസാധാരണമായ താല്പര്യവും ചുറുചുറുക്കും പ്രകടിപ്പിച്ചിരുന്നു എന്നതിന് നാം അനുഭവസാക്ഷികളാണ്. പ്രവർത്തിച്ച ഇടവകകളിലെല്ലാം ജനങ്ങൾ പില്ക്കാലത്തും ഓർക്കപ്പെടുവാനും, ആ ഇടവകകളിലെല്ലാം വിശ്വാസികൾ ഹൃദയങ്ങളിൽ സൂക്ഷിക്കുന്നതിനും ഇടയായിട്ടുണ്ട്.

ഈ ശ്രേഷ്ഠമായ ശുശ്രൂഷയ്ക്ക് സഭ നല്കിയ സമ്മാനമാണ് കോർ എപ്പിസ്കോപ്പോ എന്ന പദവി. സഭയിൽ വിശിഷ്ടമായ സേവനവും ശുശ്രൂഷയും ചെയ്തിട്ടുള്ളവർക്കു നല്കുന്ന അംഗീകാരം. ഒരു പ്രദേശത്തിന്റെ (ഗ്രാമ)ത്തിന്റെ ആചാര്യനും ബിഷപ്പിന്റെ പ്രതിനിധിയുമാണ് കോർ എപ്പിസ്ക്കോപ്പോ. ബഹു. ജോസ് കടകംപള്ളിൽ അച്ചന്റെ വൈദികപട്ടത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഈ ദിവസങ്ങളിൽ ബഹു. അച്ചനിലൂടെ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയാം. ഇനിയും നീണ്ടകാലം ആരോഗ്യത്തോടുകൂടി ശുശ്രൂഷ ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു. എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.





# ജ്യേഷ്ഠ സഹോദരനായ കടകംപള്ളിലച്ചൻ



**റൈറ്റ് റവ. മോൺ. ഡാനിയേൽ മാണികുളം**

**പൗ**രോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പാച്ചന് കൊച്ചനുജനായ മാണികുളത്തച്ചന്റെ ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു. 1980 -ൽ ഒരു വൈദികനാകാനുള്ള ആഗ്രഹത്തോടുകൂടി സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേരുമ്പോൾ പൗരോഹിത്യ ജീവിതത്തിന്റെ വെല്ലുവിളികളെകുറിച്ചോ അതിന്റെ മഹത്വത്തെകുറിച്ചോ, ഉത്തരവാദിത്വങ്ങളെകുറിച്ചോ ആഴമായ ഒരു ബോധ്യമോ അറിവോ എനിക്കുണ്ടായിരുന്നില്ല. എങ്കിലും ഒരു വൈദികനായി സാധാരണക്കാരുടെ ഇടയിൽ ശുശ്രൂഷ ചെയ്യണം എന്ന തീവ്രമായ ഒരാഗ്രഹം മനസ്സിൽ ശക്തിപ്പെട്ടിരുന്നു. അതിന് പ്രേരക ശക്തികളായി കൺമുമ്പിൽ നിഴലിച്ചുനിന്ന രണ്ടു വ്യക്തിത്വങ്ങൾ ആയിരുന്നു കുടുംബത്തിലെ രണ്ടു ശ്രേഷ്ഠ വൈദികരായി നടന്ന ബഹു. വലിയ ദാനിയേൽ കടകംപള്ളിലച്ചനും ജൂബിലിയുടെ നിറവിൽ ആയിരിക്കുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പാച്ചനും. ജോസച്ചന്റെ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി പുറത്തിറക്കുന്ന സ്മരണികയ്ക്കുവേണ്ടി ഈ കൊച്ചു ലേഖനം എഴുതുമ്പോൾ എന്റെ പൗരോഹിത്യ ശുശ്രൂഷയിൽ എന്നെ ഏറ്റം കൂടുതൽ സ്വാധീനിച്ച ജോസച്ചനെകുറിച്ച് ഏതാനും ഭാവങ്ങൾ മാത്രം ഇവിടെ പ്രതിപാദിക്കുവിൻ ഞാൻ ആഗ്രഹിക്കുന്നു.

### 1. തന്റെ വിളിയെക്കുറിച്ചുള്ള വ്യക്തമായ ബോധ്യം

“ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്. എന്റെ മേൽ ദൈവം ചൊരിഞ്ഞ കൃപ നിഷ്ഫലമായിപ്പോയിട്ടില്ല” (1 കൊരി. 15:10) വി. പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ ജോസച്ചന്റെ 50 വർഷത്തെ പൗരോഹിത്യ ജീവിതത്തിന്റെ ആകെത്തുകയാണ്. ഒരു പുരോഹിതൻ ആരായിരിക്കണം എന്നും തന്നിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങൾ

www.malankaralibrary.com



അതിന്റെ പൂർണ്ണ അർത്ഥത്തിൽ മനസ്സിലാക്കികൊണ്ട് അത് നിറവേറ്റുവാൻ ജോസച്ചൻ എപ്പോഴും സന്നദ്ധനായിരുന്നു. തന്റെ ബോധ്യങ്ങളിൽ ഒട്ടും മായം ചേർക്കാതെ വിശ്വാസ സത്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് തന്നെ അജപാലന ശുശ്രൂഷയിൽ വ്യാപൃതനായിരുന്നു. ഈ ഒരു ബോധ്യം തന്റെ വ്യത്യസ്തമായ എല്ലാ ശുശ്രൂഷാ മേഖലകളിലും നിഴലിച്ചു നിന്നിരുന്നു.

**2. പുരോഹിതൻ – ശുശ്രൂഷിക്കുവാൻ വിളിക്കപ്പെട്ടവൻ**

"ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കുവാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കുവാനും ആയിട്ടാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്" (മത്താ. 20:28) എന്ന യേശുതമ്പുരാന്റെ വാക്കുകൾ ഈ ആപ്തവാക്യമായി സ്വീകരിച്ചുകൊണ്ട് തന്റെ പൗരോഹിത്യ ശുശ്രൂഷയുടെ 50 വർഷം പിന്നിടുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പാച്ചൻ സഹവൈദീകരായ ഞങ്ങൾക്കേവർക്കും ഒരു മാതൃകയാണ്. ശ്രേഷ്ഠരായ വൈദീകരുടെ പാരമ്പര്യം കൊണ്ട് അനുഗ്രഹീതമായ പുത്തൂർ കടകംപള്ളിൽ കുടുംബത്തിന്റെ തനതായ വ്യക്തിത്വം വിളിച്ചറിയിക്കുന്ന പ്രവർത്തന ശൈലിയാണ് ജോസച്ചന്റേയും 50 വർഷത്തെ പ്രവർത്തനങ്ങളുടെയും പ്രത്യേകത. "ആടുകളുടെ മണം അറിയുന്ന ഇടയൻ" എന്ന പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകളെ തോളിൽ ഏറ്റിക്കൊണ്ട് ദൈവജനത്തിന്റെ ചെറുചലനങ്ങളെപ്പോലും മനസിലാക്കി അവരിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ ദുഃഖങ്ങളും വേദനകളും തന്റെ ഹൃദയത്തോട് ചേർത്തുവക്കാൻ ജോസച്ചൻ എപ്പോഴും സന്നദ്ധനായിരുന്നു. ആഡംബര ജീവിതത്തിന്റെ പടവുകൾ ചാടിക്കയറാൻ പലരും വെമ്പൽ കൊള്ളുമ്പോഴും ലാളിത്യത്തിന്റെ പാതയാണ് ശുശ്രൂഷാ പൗരോഹിത്യത്തിന്റെ മാനദണ്ഡം എന്ന് തിരിച്ചറിഞ്ഞ ജോസച്ചൻ ആ പാതയിലൂടെത്തന്നെ ചരിക്കുവാൻ തയ്യാറായി. ജോസച്ചനെകുറിച്ചുള്ള ഓർമ്മകൾ പങ്കുവയ്ക്കുമ്പോൾ ആ പഴയ 'ചേതക്ക് സ്കൂട്ടറിൽ' യാത്ര ചെയ്തുവരുന്ന ജോസച്ചന്റെ ചിത്രമാണ് ആദ്യം മനസ്സിൽ കടന്നു വരിക. തുടർന്നു ഇതേ ചൈതന്യം കാത്തുസൂക്ഷിക്കാൻ സർവ്വശക്തനായ ദൈവം പ്രാപ്തനാക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

**3. വ്യക്തി ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്ന കടകംപള്ളിലച്ചൻ**

പൗരോഹിത്യ ജീവിതത്തിലും സന്യസ്തജീവിതത്തിലും വ്യക്തിബന്ധങ്ങൾക്ക് എത്രമാത്രം പ്രാധാന്യം നല്കുന്നു എന്നതിന്






വ്യക്തമായ ഉദാഹരണമാണ് ജോസച്ചൻ. ഞാൻ സെമിനാരിയിൽ ചേർന്നതിനു ശേഷമാണ് ജോസച്ചനുമായി കൂടുതൽ അടുത്തറിയാൻ അവസരം ലഭിക്കുന്നത്. അന്നു മുതൽ ഇന്നുവരെ ഒരു ജ്യേഷ്ഠ സഹോദരന്റെ എല്ലാ പ്രോത്സാഹനങ്ങളും കരുതലുകളും തിരുത്തലുകളും എനിക്ക് ലഭിച്ചിരുന്നു. അതിന്റെ വ്യക്തമായ അടയാളമായിട്ടാണ് ഈ ലേഖനത്തിന്റെ തലക്കെട്ട് അങ്ങനെ കൊടുത്തിരിക്കുന്നത്. ഞങ്ങൾ തമ്മിൽ ഫോണിൽ സംസാരിക്കുമ്പോഴും നേരിൽ കാണുമ്പോഴും ജോസച്ചൻ എന്നോ ഷാജിയച്ചൻ എന്നോ അല്ല സംബോധന ചെയ്യുക. പ്രത്യുത 'കടകംപള്ളിലച്ചോ മാണികുളത്തച്ചോ' എന്നൊക്കെയാണ്. ആ വിളികൾ വലിയൊരു ആത്മബന്ധത്തിന്റെ പ്രതിഫലനമാണ്. എന്റെ പൗരോഹിത്യ ജീവിതത്തിലെ നിർണ്ണായകമായ ഓരോ നിമിഷങ്ങൾ പിന്നിടുമ്പോഴും ഭാരിച്ച ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുമ്പോഴും പ്രാർത്ഥനകളിലൂടെയും പ്രോത്സാഹനങ്ങളിലൂടെയും ശക്തമായ പിൻതുണ നൽകിയിരുന്നു. ജോസച്ചൻ മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവിടേക്ക് ഓടിയെത്താനും വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കാനും ജോസച്ചൻ ബദ്ധശ്രദ്ധനായിരുന്നു. കുടുംബയോഗങ്ങളിലും വൈദിക സന്യസ്ത കൂട്ടായ്മകളിലും ജോസച്ചന്റെ നിറസാന്നിദ്ധ്യം അതിന് വ്യക്തമായ ഉദാഹരണമാണ്. എപ്പോഴും പുഞ്ചിരിയോടെയുള്ള സമീപനം എല്ലാത്തിനെയും സമചിത്തതയോടെ കൈകാര്യം ചെയ്യാനുള്ള മനഃസാന്നിധ്യം. ചുരുക്കത്തിൽ നമുക്കേവർക്കും അഭിമാനത്തിന്റെ നിമിഷമാണ് ജോസച്ചന്റെ ജൂബിലി ആഘോഷം. ഇത്രത്തോളം അതിശയകരമായി വഴിനടത്തിയ കാരുണ്യവാനായ ദൈവതിരുസന്നിധിയിൽ ജോസച്ചനെ സമർപ്പിക്കാം. ഒരിക്കൽകൂടി പ്രിയ ജ്യേഷ്ഠ സഹോദരന് ജൂബിലി മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

www.malankaralibrary.com



# വൈദികൻ : ബൈബിൾ വീക്ഷണത്തിൽ



റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

ദൈവശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരെ കോഹെൻ (Kohen) എന്നാണ് പഴയനിയമം വിളിക്കുന്നത്. കോഹെൻ എന്നാൽ അക്ഷരാർത്ഥത്തിൽ ശുശ്രൂഷകൻ, ഭരണകർത്താവ് എന്നൊക്കെയാണ് ഉദ്ദേശിക്കുന്നത്. ആ പദം പുരോഹിതൻ എന്ന് പരിഭാഷപ്പെടുത്താൻ പാടില്ല, കാരണം പുരോഹിതൻ എന്ന പദത്തിന് മുൻപിൽ സ്ഥാപിക്കപ്പെട്ടവൻ മുൻപിൽ നിന്ന് കർമ്മങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവൻ എന്നൊക്കെയാണ് അർത്ഥം. സങ്കീർണവും സുദീർഘവും അനേകം ശുശ്രൂഷകരെ ആവശ്യമുള്ളതുമായ മത കർമ്മങ്ങളുള്ള മതങ്ങളിലെ പ്രധാന ശുശ്രൂഷകനാണ് പുരോഹിതൻ എന്ന പദം യോജിക്കുന്നത്. അവിടെ കർമ്മങ്ങൾ (rituals) റിച്വലിസമായി (ritualism) മാറിയതുകൊണ്ടാണ് മുമ്പിൽ നിന്ന് മതപരമായ ക്രിയകളെ നിയന്ത്രിക്കുന്ന പുരോഹിതൻ ആവശ്യമായി വന്നത്. എന്നാൽ യഹൂദമതം ഒരിക്കലും റിച്വലിസത്തിന് വഴിമാറികൊടുത്തിട്ടില്ല. ആചാരങ്ങളും അനുഷ്ടാനങ്ങളും ഏറെയുണ്ടായിരുന്നു, യഹൂദമതത്തിൽ ചെറുതും വലുതുമായ ബലികളുമുണ്ടായിരുന്നു എങ്കിലും റിച്വലിസം വരെ യഹൂദമതം അധഃപതിച്ചിട്ടില്ല. അതിനു പ്രധാന കാരണം ഓരോ കാലഘട്ടത്തിലും കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് ദൈവം അയച്ച പ്രവാചകന്മാർ യഹൂദരുടെ മനഃസ്സാക്ഷിയുടെ ശബ്ദമായി പ്രവർത്തിച്ചതാണ്.

പുതിയ നിയമത്തിൽ ഹിയെറെവൂസ് (Hiereus) എന്ന പദമാണ് ബലിയർപ്പകരെ കുറിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ പ്രയോഗത്തിൽ ഏറെ സവിശേഷതകൾ പാലിക്കുന്നുണ്ട് ഈ പദം. ദൈവാലയവും ദൈവാലയത്തിലെ ശുശ്രൂഷയും ആയി ബന്ധപ്പെട്ടവനാണ് ഹിയെറെവൂസ്. ഇതേ ധാതുവിന്റെ മറ്റൊരു രൂപമാണ് ഹിയെറോൻ (Hieron). ദൈവാലയം എന്നാണ് ഇതിന് അർത്ഥം. ദൈവാലയത്തിലെ ശുശ്രൂഷിയാണ് ഹിയെറെവൂസ്.





പുതിയ നിയമത്തിൽ ഈ പദം 31 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. വിജാതീയ മതങ്ങളിലെ പുരോഹിതരേയും (അ.പ്ര 14:13), യഹൂദ പുരോഹിതരെയും (മത്തായി 8:4; 12: 4,5, മർക്കോസ് 2: 26, ലൂക്കാ 10 : 31 ; യോഹ 1 : 19 ; അ. പ്ര 4:1, എബ്രായർ 8:4) യേശുവിനെയും (എബ്രായർ 5:6; 7:11,15,17..) വിളിക്കാൻ ഈ പദം പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ സഭയിലെ നേതാക്കന്മാരെയും ശുശ്രൂഷികളെയും കുറിക്കാൻ ഈ പദം എങ്ങും ഉപയോഗിച്ചിട്ടില്ല. അതായത് പുതിയ നിയമത്തിൽ ഒരു പുരോഹിതനേ ഉള്ളൂ. അത് യേശുവാണ് എന്നാണ് ഒരു പുരോഹിതൻ മാത്രമാകാൻ കാരണം? പുതിയനിയമത്തിൽ ഒരു ബലിയേ ഉള്ളൂ, അതുതന്നെ കാരണം. ആ ബലി കാൽവരിയിൽ യേശു അർപ്പിച്ച ബലിയാണ്, യേശുവിന്റെ ആത്മസമർപ്പണമെന്ന ബലി. ആ ബലി ആവർത്തിക്കപ്പെടേണ്ട ബലിയല്ല; ആവർത്തിക്കാൻ കഴിയുകയുമില്ല. അതിനാൽ പുതിയനിയമത്തിൽ ഒരു ബലിയും, ഒരു പുരോഹിതനും മാത്രമേയുള്ളൂ. അത് കുരിശിലെ ബലിയും ആ ബലിയർപ്പിച്ച യേശുവെന്ന പുരോഹിതനുമാണ്. യേശു പുരോഹിതനായത് പഴയ നിയമത്തിലെ പുരോഹിതന്മാർ പൗരോഹിത്യം സ്വീകരിച്ചതുപോലെയല്ല. മോശയുടെ കൈവയ്പിലൂടെ അദ്ദേഹത്തിന്റെ സഹോദരനായ അഹറോനും അദ്ദേഹത്തിനുശേഷം അഹറോന്റെ പുത്രന്മാരും പുരോഹിതരായി. ഈ പൗരോഹിത്യം ദൈവത്തിന്റെ കല്പന പ്രകാരമാണ്. ദൈവം തന്നെയാണ് അഹറോനെ പുരോഹിതനായി അഭിഷേകം ചെയ്യാൻ മോശയോടു കല്പിക്കുന്നത്. വളരെ വിശിഷ്ടമായ അഭിഷേക തൈലമുണ്ടാക്കാനും അതുകൊണ്ട് ബലിപീഠങ്ങളും ദൈവാലയ ശുശ്രൂഷയ്ക്കുള്ള പാത്രങ്ങളും, സമാഗമകൂടാരവും സാക്ഷ്യപേടകവും മറ്റും അഭിഷേകം ചെയ്യണം. അതേ തൈലം കൊണ്ട് അഹറോനെയും പുത്രന്മാരെയും അഭിഷേകം ചെയ്യണം. അതാണ് ദൈവം നല്കിയ കല്പന (പുറപ്പാട് 30:22-33) അങ്ങനെ ദൈവാലയ ശുശ്രൂഷിയും ഒരേ തൈലത്താൽ അഭിഷേകം ചെയ്യപ്പെടുന്നു. അതാണ് പഴയനിയമത്തിലെ പൗരോഹിത്യത്തിന്റെ ഉറവിടം. ഈ പൗരോഹിത്യത്തെ അഹറോന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യത്തിന്റെ ഉറവിടം. എന്നാൽ യേശുവിന്റെ പൗരോഹിത്യം അങ്ങനെയുള്ളതല്ല. പഴയനിയമപൗരോഹിത്യം പിന്നീട് ഗോത്രപരമായി തീർന്നു-ലേവി ഗോത്രക്കാർ ദൈവാലയ ശുശ്രൂഷികളായി ഈ ഗോത്രത്തിലെ അഹറോന്റെ മക്കൾ പുരോഹിതന്മാരുമായി. യേശു ലേവി ഗോത്രത്തിലോ അഹറോന്റെ കുടുംബത്തിലോ പെട്ടവനല്ല. അതിനാൽ പഴയനിയമത്തിന്റെ മാനദണ്ഡവും വ്യവസ്ഥയുമനുസരിച്ച് യേശു പുരോഹിതനല്ല. യേശുവിന്റെ പൗരോഹിത്യം ദൈവത്തിന്റെ നേരിട്ടുള്ള അഭിഷേകത്തിൽ നിന്ന് ലഭിച്ചതാണ്.

www.malankaralibrary.com



കർത്താവു ശപഥം ചെയ്തു
മെൽക്കിസെദെക്കിന്റെ
ക്രമമനുസരിച്ച് നീ എന്നേയ്ക്കും
പുരോഹിതനാകുന്നു; അതിനു മാറ്റമുണ്ടാവുകയില്ല
(സങ്കീർത്തനം 110:4)

ഈ സങ്കീർത്തന വാക്യം യേശുവിന്റെ പൗരോഹിത്യാഭിഷേകമായി എബ്രായ ലേഖനം വ്യാഖ്യാനിക്കുന്നത് കാണുക;

നീ എന്റെ പ്രിയ പുത്രനാണ്. ഇന്നു ഞാൻ നിനക്കു ജന്മമേകി എന്ന് അവനോടു പറഞ്ഞവൻ തന്നെയാണ് അവനെ മഹത്വപ്പെടുത്തിയത്. അവിടുന്നു വീണ്ടും പറയുന്നു; മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം നീ എന്നേയ്ക്കും പുരോഹിതനാണ് (എബ്രായർ 5 : 5-6).

എപ്പോഴാണ് യേശു പുരോഹിതനായത്? ബലിയർപ്പണ നേരത്താണോ? അല്ല. മനുഷ്യാവതാരം വഴിയോ? അതുമല്ല. അനാദിയിൽ പിതാവിൽ നിന്നു ജനിച്ചതോടെ പുത്രൻ പുരോഹിതനായി. ആ പൗരോഹിത്യത്തിന് ആരംഭവുമില്ല അവസാനവുമില്ല. സത്തയിൽത്തന്നെ പുരോഹിതനാണ് പുത്രൻ തമ്പുരാൻ എന്നർത്ഥം. ഈ അനാദ്യന്ത പുരോഹിതൻ സമയത്തിന്റെ ഒരു ഘട്ടത്തിൽ മനുഷ്യനാകുകയും ഒരു സമയത്ത് തന്റെ ബലിപൂർത്തീയാക്കുകയും ചെയ്തുവെന്നു മാത്രം. അതിനാൽ യേശുവിന്റെ പൗരോഹിത്യത്തെ മെൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യമെന്നും യേശുവിനെ മെൽക്കിസെദേക്കിന്റെ ക്രമ പ്രകാരമുള്ള പുരോഹിതനെന്നും വിളിക്കുന്നു (എബ്രായർ 7 : 11).

പുതിയനിയമത്തിൽ ഹിയെറെവൂസ് എന്ന പദത്താൽ വിശേഷിപ്പിക്കപ്പെടുന്ന ഏകവ്യക്തി യേശുവാണെന്നു പറഞ്ഞല്ലോ. എന്നാൽ ആ നാമത്തിന്റെ ബഹുവചനരൂപം പുതിയനിയമത്തിലുണ്ട്, ക്രിസ്തീയ സമൂഹത്തെ വിശേഷിപ്പിക്കാൻ (വെളി 1:6;5:10; 20:6). വെളിപാട് 1 : 6 പ്രത്യേകം ശ്രദ്ധാർഹമാണ്.

നമ്മെ സ്നേഹിക്കുകയും സ്വന്തം രക്തത്താൽ നമ്മെ പാപത്തിൽ നിന്ന് മോചിപ്പിക്കുകയും സ്വപിതാവായ ദൈവത്തിന്റെ രാജ്യവും പുരോഹിതനുമാകുകയും ചെയ്തവന് മഹത്വവും പ്രതാപവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ ആമേൻ (വെളി 1 : 6).

പൗരോഹിത്യം എന്ന അർത്ഥത്തിൽ ഹിയെറാറ്റുമ (hieratuma) എന്ന പദം പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട് (1 പത്രോസ് 2:5,9). ഇവിടെ പുരോഹിതഗണം എന്നാണർത്ഥം. അതായത് വെളിപാടു പുസ്തകത്തിൽ കാണുന്ന ബഹുവചനത്തിന്റെ ആശയം തന്നെയാണ്





പത്രോസിന്റെ ലേഖനത്തിലുമുള്ളത്. ക്രൈസ്തവസമൂഹം പൗരോഹിത്യമാണ്, പുരോഹിതഗണമാണ്.

എന്തർത്ഥത്തിലാണ് ക്രൈസ്തവ സമൂഹം പുരോഹിതഗണമാകുന്നത്? യേശുവിനോടുമുള്ള താദാത്മ്യം വഴി. ആ താദാത്മ്യമോ? അത് യേശുവുമായി ഒന്നാകുന്നതുവഴി പൗലോസ് ശ്ലീഹാ ഇതാണ് റോമർ 6 : 3 ൽ പറയുന്നത്.

യേശുക്രിസ്തുവിനോടു ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോടു ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ (റോമർ 6 : 3).

ചുരുക്കത്തിൽ ജ്ഞാനസ്നാനം യേശുവിനോടു ഐക്യപ്പെടലാണ്. യേശുവിനോടു ഐക്യപ്പെടുകയെന്നാൽ യേശുവിന്റെ പൗരോഹിത്യത്തിൽ, മെൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യത്തിൽ പങ്കു ചേരുകയെന്നാണർത്ഥം. വേറേവാക്കിൽ പറഞ്ഞാൽ മാമോദീസാ സ്വീകരിച്ചവരെല്ലാം യേശുവിനെപ്പോലെയാണ് കാരണം യേശുവിന്റെ നിത്യ പൗരോഹിത്യത്തിൽ അവർ പങ്കുചേരുന്നു. ഈ പൗരോഹിത്യമാണ് സഭയുടെ പാരമ്പര്യത്തിൽ രാജകീയ പൗരോഹിത്യം എന്ന് അറിയപ്പെടുന്നത്. ഈ പദ പ്രയോഗം 1 പത്രോസ് 2 : 9 ആശ്രയിച്ചു രൂപപ്പെട്ടതാണ് ഈ പൗരോഹിത്യത്തിൽ പഴയനിയമത്തിലെ മൂന്നു സ്ഥാപനങ്ങളും - രാജത്വം, പ്രവാചകത്വം, പൗരോഹിത്യം)- ഏകീഭവിക്കുന്നു. അതായത്, മാമോദീസാ സ്വീകരിച്ചവരുടെ പദവി രാജാവിന്റേതും, പ്രവാചകന്റേയും, പുരോഹിതന്റേതുമായ പദവികളുടെ സമ്മിശ്രണമാണ്.

എങ്കിൽ വൈദികരുടെ പൗരോഹിത്യമെന്താണ്?

അത് സഭാ പാരമ്പര്യത്തിൽ ശുശ്രൂഷാപൗരോഹിത്യമെന്നാണ് അറിയപ്പെടുന്നത്. അതായത് ക്രൈസ്തവസമൂഹമെന്ന പുരോഹിതഗണത്തിനു ശുശ്രൂഷ ചെയ്യാൻ വേണ്ടി അവർക്കുവേണ്ടി നിയോഗിക്കപ്പെടുന്നവരാണ് വൈദികരും മെത്രാന്മാരും ഇത് ജനങ്ങളുടെ പൗരോഹിത്യത്തിന്റെ കൂടുതൽ ഭാഗം സ്വീകരിക്കലല്ല, വിശ്വാസികൾക്ക് ഈ പൗരോഹിത്യം കുറച്ചും വൈദികർക്കും കൂടുതലും ലഭിക്കുന്നുവെന്ന് വിചാരിക്കാൻ പാടില്ല. ഈ പൗരോഹിത്യം-ശുശ്രൂഷാ പൗരോഹിത്യം-രാജകീയ പൗരോഹിത്യവുമായി സാരാംശത്തിൽത്തന്നെ വ്യത്യസ്തമാണ്. അത് അളവിലോ വ്യാപ്തിയിലോ മാത്രമുള്ള വ്യത്യാസമല്ല. യേശുവിന്റെ അസ്തിത്വത്തിലുള്ള പങ്കുചേരലാണ് മാമോദീസായിലൂടെ ലഭിക്കുന്ന പൗരോഹിത്യം, യേശു നിർവ്വഹിച്ച

www.malankaralibrary.com



ശുശ്രൂഷയിൽ പങ്കുചേരുന്നതാണ് പൗരോഹിത്യം രണ്ടിന്റെയും സ്രോതസ്സ് യേശുതന്നെ, എങ്കിലും ഒരേ വിധത്തിലല്ല.

യേശുവെന്ന ശുശ്രൂഷകനുമായാണ് വൈദികൻ ഏകീ ഭവിക്കുന്നതെന്ന് മുകളിൽ പറഞ്ഞല്ലോ. ഈ ഏകീഭാവമാണ് വൈദികനെ വി. കുർബാനയും മറ്റു കൂദാശകളും നിർവ്വഹിക്കാൻ ശക്തനാക്കുന്നത്. ഈ ഏകീഭാവത്തെ വത്തിക്കാൻ കൗൺസിൽ ആകൃതീസാത്മ്യം (Configuration) എന്നാണു വിളിക്കുക. യേശുവിന്റെ ശുശ്രൂഷകൻ എന്ന ആകൃതി അഥവാ നിയോഗം സ്വന്തമാക്കുക എന്നർത്ഥം.

ഇതു ഇങ്ങനെ വിശദീകരിക്കാം. വൈദികന്റെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു ദൗത്യങ്ങൾ ബലിയർപ്പണവും വചനപ്രഘോഷണവുമാണ്. ഇവരണ്ടായിതോന്നുമെങ്കിലും രണ്ടല്ലാ ഒന്നിന്റെ രണ്ടുരൂപങ്ങൾ രൂപങ്ങൾമാത്രമാണ്. കർമ്മത്തിലൂടെ യേശുവിനെ ജനങ്ങൾക്കു നല്കുന്നതാണ് കുർബാന. ആ കുർബാന എന്തെന്ന് വചനത്തിലൂടെ അറിയിക്കുന്നതാണ് വചന പ്രഘോഷണം. വൈദികരെ സംബന്ധിച്ചിടത്തോളം വചന പ്രഘോഷണത്തിന്റെ ഏറ്റവും മൂല്യവത്തായ രംഗം വി. കുർബാനയിലെ പ്രസംഗമാണ്. രണ്ടും യേശുവിനെ ഇന്നത്തെ വിശ്വാസികൾക്ക് സംലഭ്യമാക്കുന്ന വഴികളാണ്.

യേശുവിനെ സംലഭ്യമാക്കുകയെന്നാൽ യേശുവിന്റെ ബലി സന്നിഹിതമാക്കുകയെന്നാണർത്ഥം. കാരണം ആ ബലിയിലാണ് യേശു എന്ന യാഥാർത്ഥ്യം നിറഞ്ഞിരിക്കുന്നത്. വൈദികൻ യേശുവിന്റെ ബലി അവർത്തിക്കുകയല്ല ചെയ്യുന്നത്. കാരണം കുരിശിലെ ബലി ആവർത്തിക്കാൻ കഴിയുന്നതല്ല. ഇന്ന് യേശുവിന് ഒരു മർത്യശരീരമില്ലല്ലോ, ഉയിർത്തെഴുന്നേറ്റ ശരീരമേയുള്ളു. ആ ശരീരത്തിന് മരിക്കാനാകില്ല. അതിനാൽ കാൽവരിയിലെ ബലിപോലെ ഇനിയൊരു ബലി സാധ്യമല്ല. മറ്റാരെങ്കിലും മരിച്ചാൽ അതു യേശുവിന്റെ ബലിയാകുകയില്ലല്ലോ; അതിന് പാപ പരിഹാര ക്ഷമതയും ഇല്ലല്ലോ. കാൽവരിയിലെ ബലി ആവർത്തിക്കേണ്ട ആവശ്യവുമില്ല. കാരണം അതു അത്രയും മതിയായതാണ്. സകലമനുഷ്യരുടെയും സകലതിന്മകളും എല്ലാക്കാലത്തേയ്ക്കും പരിഹരിക്കാൻകഴിവുള്ളതാണ് യേശുവിന്റെ ബലി അതിനാൽ ഇനിയൊരു ബലി ആവശ്യമില്ല.

എങ്കിൽ വി. കുർബാന ബലിയല്ലേ? ബലി തന്നെ മറ്റൊരു ബലിയല്ല; യേശു അർപ്പിച്ച ബലിയുടെ ആവർത്തനവുമല്ല. യേശുവിന്റെ ബലിതന്നെ, കാൽവരിയിൽ അർപ്പിച്ച ബലി തന്നെയാണ് വി. കുർബാന. അത് കാൽവരി ബലിയുടെ ആവർത്തനമോ അനുകരണമോ അല്ല





കാൽവരിയിലെ ബലിയെപ്പോലുള്ള ബലിയുമല്ല വി. കുർബാന. അത് കാൽവരിബലിതന്നെയാണ്. മനസ്സിലാക്കാൻ പ്രയാസമുണ്ട്. പക്ഷേ മനസ്സിലാക്കിയെങ്കിലേ നാം കുർബാനയെ പ്പറ്റി എന്തെങ്കിലും മനസ്സിലാക്കുന്നുള്ളു. സ്ഥലകാല വ്യത്യാസങ്ങളെ മറികടന്ന് യേശുവിന്റെ കാൽവരിയിലെ ബലി വിവിധ ഇടങ്ങളിലും സമയങ്ങളിലും സംലഭ്യമാക്കപ്പെടുന്നു - അതാണ് വി. കുർബാന.

അതിനാൽ കുർബാന അർപ്പിക്കുന്ന വൈദികൻ യേശുവുമായി ആകൃതിസാത്മ്യം (Configuration) പ്രാപിക്കേണ്ടിയിരിക്കുന്നു. അതാണ് വൈദികാഭിഷേകത്തിൽ സംഭവിക്കുന്നത്. ശുശ്രൂഷകനായ യേശുതന്നെ ആയിത്തീരുന്ന കൂദാശയാണ് തിരുപ്പട്ടം, അതിനാൽത്തന്നെയാണ് ക്രൈസ്തവ പാരമ്പര്യത്തിൽ വൈദികനെ മറ്റൊരു ക്രിസ്തു (alter Christos) എന്ന് വിളിക്കുന്നത്. വൈദികൻ ക്രിസ്തുതന്നെയാകുന്നതുകൊണ്ടാണ് വൈദികന്റെ കരങ്ങളിലൂടെ കാൽവരിയിലെ ബലി ഇന്ന് ഇവിടെ ഈ ജനങ്ങൾക്ക് സംലഭ്യമാകുന്നത്.

വൈദികൻ ജനങ്ങൾക്കു സംലഭ്യമാക്കികൊടുക്കുന്നത് കാൽവരിയിലെ ബലിയുടെ ഫലം (effect) മാത്രമല്ല. അങ്ങനെ ചിലരൊക്കെ വ്യാഖ്യാനിക്കാറുണ്ട്. അത് തെറ്റായ ദൈവശാസ്ത്രമാണ്. വൈദികൻ കാൽവരിയിലെ ബലിതന്നെയാണ് ജനങ്ങൾക്കു സംലഭ്യമാകുന്നത്.

ഇവിടെയാണ് പുതിയനിയമത്തിലെ ദൈവശുശ്രൂഷകരുടെ മഹത്വം വ്യക്തമാകുന്നത്. ഇതിന്റെ മുമ്പിൽ വിസ്മയ പൂർവ്വം മുട്ടുമടക്കാനല്ലാതെ മറ്റൊന്നും മനുഷ്യനു സാധ്യമല്ല. യേശുവിനെ പ്പറ്റി ജനങ്ങൾക്കുണ്ടായ പ്രതികരണവും വിസ്മയമായിരുന്നല്ലോ. "(മർക്കോസ് 1:22),"

"എല്ലാവരും അദ്ഭുതപ്പെട്ടു" (മർ 1 : 27), എല്ലാവരും വിസ്മയിച്ചു" (2:12), ജനങ്ങൾ അത്ഭുതപ്പെട്ട് (5:20) എന്നിങ്ങനെ ജനങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുന്ന സുവിശേഷകമാർ മനസ്സിലാക്കിയിരുന്നു, വിസ്മയ മല്ലാതെ മറ്റൊരു ഭാവം സ്വീകരിക്കാൻ യേശുവിനെ അനുഗമിക്കുന്നവർക്ക് സാധിക്കുകയില്ലെന്ന്.

യേശുവിസ്മയമാണ്. യേശുവിന്റെ ശുശ്രൂഷാപൗരോഹിത്യത്തിലുള്ള പങ്കുചേരലും വിസ്മയമാണ്. ഈ വിസ്മയത്തിൽ പുരോഹിത ശുശ്രൂഷികൾക്കെല്ലാം ഒരു വെല്ലുവിളിയില്ലേ "പുരോഹിതാ ചുറ്റുപാടും വിസ്മയം ജനിപ്പിച്ചുകൊണ്ടു മുന്നേറുക" എന്ന വെല്ലുവിളി!

www.malankaralibrary.com



# കർമ്മപഥത്തിലെ അഗ്നിപ്രഭ



റവ. ഫാ. മാത്യു കടകംപള്ളിൽ

പതിനെണ്ണായിരത്തിൽപരം ദിവ്യബലികളുടെ അർപ്പിത ബലവുമായി അഞ്ചു ദശാബ്ദങ്ങൾ!

മുപ്പതോളം ഇടവകകളിലൂടെ ജനങ്ങളുടെ ആത്മീയ വളർച്ചയും പ്രാർത്ഥനാപുണ്യവും വാനോളം വിടർത്തിയ ധന്യത.

ഇടവകേതര സേവനങ്ങളിലും ശ്ലാഘനീയ ശ്രേഷ്ഠത.

പെരിയ ബഹു. ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പ അവർകൾ അൻപതാണ്ടുകളിലൂടെ അജപാലന മഹത്വത്തിന്റെ ആൾ രൂപമായിരിക്കുന്നു.

നിയമം പാലിക്കുന്നത് നിരവധി ബലികൾ അർപ്പിക്കുന്നതിന് തുല്യമാണ് (പ്രഭാ. 35:1). പെരിയ ബഹു. ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പ അവർകൾ തന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി 2017 ഡിസംബർ 9-നു സ്വന്തം ഇടവകയായ പുത്തൂർ സെന്റ് മേരീസ് പള്ളിയിൽ ആഘോഷിക്കുമ്പോൾ അരനൂറ്റാണ്ടിന്റെ കർമ്മപഥങ്ങളിൽ ഒരുക്കിവച്ച ദീപ പ്രഭയെക്കുറിച്ച് അഭിമാനിക്കാം.

തന്റെ അജപാലക വേഷം എങ്ങനെ ഉജ്ജ്വല ശോഭയാർന്നു എന്നതിനെക്കുറിച്ചും വീണ്ടും ദൈവം തരുന്ന ശിഷ്ടജീവിതം എപ്രകാരമായിരിക്കണമെന്നതിനെക്കുറിച്ചും ചിന്തിച്ചു തീരുമാനിക്കാനുള്ള അവസരം കൂടിയാണിത്.

ഈ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ അച്ചന്റെ വിവിധ രംഗങ്ങളിലുള്ള പ്രവർത്തനങ്ങൾ സുവർണ്ണ ലിപികളിൽ ആലേഖനം ചെയ്യപ്പെടുമെന്നതിൽ സംശയമില്ല.

ഇക്കഴിഞ്ഞ 50 വർഷത്തെ ജീവിതം അവലോകനം ചെയ്യുമ്പോൾ





പുറമെനിന്ന് വീക്ഷിക്കുന്ന ഒരാൾ എന്ന നിലയിൽ എനിക്ക് തോന്നുന്നത് ബഹു. അച്ചന് വളരെയധികം സന്തോഷിക്കുവാനും സമാധാനിക്കുവാനും ഉള്ളതാണെന്നാണ്. കാരണം നിയമം പാലിക്കുന്നത് നിരവധി ബലികൾ അർപ്പിക്കുന്നത് തുല്യമാണല്ലോ. നീ നിയമം പാലിച്ചാൽ നിയമം നിന്നെ സൂക്ഷിച്ചുകൊള്ളും എന്ന തത്വം ജീവിതത്തിലുടനീളം കാത്തുപരിപാലിച്ച ഒരാളാണ് ജോസ് അച്ചൻ എന്നത് നിരുപാധിക യാഥാർത്ഥ്യമാണ്. അനുസരണം ബലിയേക്കാൾ ഉത്തമമാണ്. 1 സാമു. 15:22 ബലിയേക്കാൾ ഉത്തമമായ നിയമപാലനവും അനുസരണവും ജീവിതത്തിൽ തെളിയിച്ച സമുന്നതവ്യക്തിത്വമാണ് ജോസ് അച്ചൻ.

അഭിവന്ദ്യ പിതാക്കന്മാർ നല്കിയ കല്പനപ്രകാരം അരനൂറ്റാണ്ടുകാലം താൻ ഭരിച്ചിട്ടുള്ള ഇടവകകളിലെ ചുരുങ്ങിയത് പതിനെണ്ണായിരത്തിൽപരം ദിവ്യബലികൾ അർപ്പിക്കാനായത് ആത്മ നിർവൃതിക്കിടവരുത്തുന്ന ദൈവകല്പിതമാണ്. ഭരിച്ചിട്ടുള്ള ഇടവകകളിൽ തന്റെ ചുമതലയിൽ ഏല്പിക്കപ്പെട്ട ജനങ്ങളുടെ ആത്മീയ വളർച്ചയ്ക്ക് ഉതകുമാറ് രാപകൽ പ്രവർത്തിച്ചതാണ് മറ്റൊരു ധന്യത.

ഇടവകേതര സേവനങ്ങളിലും ചുറുചുറുക്കോടും അതിരറ്റ ഉത്സാഹത്തോടും ജോസ് അച്ചൻ നിറഞ്ഞുനിന്നു. ഏറ്റം കൂടുതൽ തൊഴിലധിഷ്ഠിത പ്രശ്നങ്ങൾ ഉണ്ടാകാമായിരുന്ന മുക്കംപാല ബഥനി എസ്റ്റേറ്റിൽ 1995-96 കാലഘട്ടത്തിൽ മാനേജ്മെന്റ് വൈദഗ്ദ്ധ്യം കാട്ടാൻ ഈ പുരോഹിതനു കഴിഞ്ഞു. തന്മയത്വത്തോടുകൂടി ഒരു വർഷ പ്രവർത്തനം കാഴ്ചവച്ച് എസ്റ്റേറ്റിന്റെ വളർച്ചയുടെ ആക്കം കൂട്ടി.

മലങ്കര സഭയിലെ ഭാവി വൈദികരെ വാർത്തെടുക്കുന്ന സെമിനാരികളിൽ സെമിനാരിക്കാർക്ക് ആത്മീയത പകർത്തിക്കൊടുക്കുന്നതിൽ അല്പംപോലും പിഴവ് കൂടാതെ മാതൃക കാണിച്ചുകൊടുത്ത ജീവിതം എക്കാലവും അനുസ്മരിക്കപ്പെടണം.

ഓടനാവട്ടം ആശുപത്രിയുടെ ഡയറക്ടറായി 1987 മുതൽ 1995 വരെ സ്തുത്യർഹമായി പ്രവർത്തിച്ചത് ഇന്നും അവിടത്തെ ജനങ്ങൾ ഉദ്ഘോഷിക്കുന്നു. അച്ചന്റെ വിവിധ രംഗങ്ങളിലുള്ള പ്രവർത്തനങ്ങൾക്ക് കാലം ചെല്ലുന്തോറും മാറ്റുകൂടും.

ഇത്തരുണത്തിൽ വി. പൗലോസ് ശ്ലീഹാ കൊരീന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം മൂന്നാം അദ്ധ്യായം 10-15 വരെയുള്ള വാക്യങ്ങൾ നമ്മെ

www.malankaralibrary.com




എല്ലാവരെയും സംബന്ധിച്ച് വളരെ അന്വർത്ഥമാണല്ലോ. ക്രിസ്തു വാകുന്ന അടിസ്ഥാനത്തിന്മേൽ അഗ്നിയിൽ നശിച്ചുപോകാത്ത ഉരു കുന്തോറും തിളക്കം ശുദ്ധികൂടുന്ന സ്വർണ്ണംകൊണ്ട് പണിത ശില്പി യെപ്പോലെ അച്ചന്റെ പ്രവർത്തനങ്ങൾ പ്രശോഭിക്കുന്നതിന് ദൈവം അനുഗ്രഹിക്കട്ടെ.

ജൂബിലിയുടെ ആയിരമായിരം മംഗളങ്ങൾ ഹൃദയംഗമമായി നേരുന്നു. തുടർന്നും ദൈവജനത്തിന് ജാതിമത ഭേദമെന്യേ സേവനം ചെയ്യുവാൻ ആയുസ്സും ആരോഗ്യവും സന്മനസ്സും സർവ്വശക്തനായ ദൈവം നല്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

AD MULTOS ANNOS (for so many years)







## വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്ക്കോപ്പാ

# സമാനതകളില്ലാത്ത പുരോഹിതൻ

**റവ. ഫാ. സിൽവസ്റ്റർ തെക്കേടത്ത്**
**ഇടവകവികാരി**

**പൗ**രോഹിത്യത്തിന്റെ കർമ്മപഥത്തിൽ അഞ്ചുപതിറ്റാണ്ടുകൾ പിന്നിട്ട വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്ക്കോപ്പായ്ക്ക് ജൂബിലി മംഗളങ്ങൾ നേർന്നുകൊള്ളുന്നു. ഞാൻ വൈദിക വിദ്യാർത്ഥി യായിരുന്ന കാലം മുതൽ കേട്ടും, കണ്ടും, അടുത്തു ഇടപഴകിയും വന്ദ്യ ജോസച്ചനെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നും മറ്റു വൈദികർക്ക് മാതൃകയാക്കാവുന്ന ആ വ്യക്തിത്വം അച്ചനിൽ ഞാൻ എന്നും കാണുന്നു.

2015 ജൂൺ മാസം മുതൽ ജൂബിലേറിയന്റെ മാതൃ ഇടവകയായ പുത്തൂരിൽ ഞാൻ വികാരിയായി നിയമിക്കപ്പെട്ടു. ഇക്കഴിഞ്ഞ മൂന്നു വർഷക്കാലം, പുത്തൂർ ഇടവകയെ സംബന്ധിച്ച് നിർണ്ണായകമായ സംഭവങ്ങൾക്ക് നേതൃത്വം വഹിക്കാൻ എനിക്കു സാധിച്ചിട്ടുണ്ട്. അതിൽ പ്രഥമസ്ഥാനം ഇടവകയുടെ ദൈവാലയ നിർമ്മാണ പ്രവർത്തനങ്ങളാണ്. വന്ദ്യ മോൺ. ജോസ് വെൺമലോട്ടച്ചൻ തുടക്കം കുറിച്ച, ദൈവാലയനിർമ്മാണം, അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഓരോ ഘട്ടങ്ങളിലും ഓടിയെത്തി, എന്നെ ആളുകൊണ്ടും, അർത്ഥം കൊണ്ടും, പിൻതുണയ്ക്കുന്ന വന്ദ്യ ജൂബിലേറിയൻ വേറിട്ടു നിൽക്കുന്നു. സഹവൈദികർക്ക് പ്രത്യേകിച്ച് യുവതലമുറയിൽപ്പെട്ട വൈദികർക്ക് എപ്പോഴും പിൻതുണയും, ധൈര്യ വുമായി വന്ദ്യ ജോസച്ചൻ കൂടെയുണ്ടാകും. പ്രായം അവഗണിച്ചു കൊണ്ട് നവവൈദികർ മുതലുള്ള കൊച്ചച്ചന്മാരുമായി പ്പോലും ചങ്ങാത്തം കൂടിയും, തമാശകൾ പങ്കുവച്ചും എല്ലാവർക്കും പ്രാപ്യനാണെന്നുള്ളത് അച്ചന്റെ ഒരു പ്രത്യേകതയായി വൈദികരുടെ ഇടയിൽ അംഗീകരിക്ക പ്പെടുന്ന വസ്തുതയാണ്. എന്നെ സംബന്ധിച്ചിടത്തോളം, പുത്തൂർ ഇടവകയുടെ വികാരി എന്ന നിലയിൽ ഉള്ള എന്റെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമുള്ളപ്പോഴെല്ലാം,

www.malankaralibrary.com



കൃത്യമായും, സ്വാർത്ഥ താല്പര്യങ്ങൾ ഇല്ലാതെയും നൽകുന്നതിൽ അച്ചൻ കലവറയില്ലാതെ സഹായിച്ചിട്ടുണ്ട് എന്ന് നന്ദിയോടെ സ്മരിക്കുന്നു.

ഒരു സീനിയർ വൈദികനായിരുന്നിട്ടുകൂടി, ഒരുവികാരി എന്ന നിലയിൽ എനിക്കു നൽകേണ്ട ആദരവും, സ്ഥാനവും, പരിഗണനയും നൽകുന്നതിൽ വന്ദ്യ അച്ചൻ യാതൊരു മടിയും കാണിക്കാറില്ല.

എന്റെ ഒരു ദശാബ്ദകാലം നീണ്ട പൗരോഹിത്യ ശുശ്രൂഷയിൽ, ഇതിനോടകം പലമേഖലകളിലും പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും വന്ദ്യ ജൂബിലേറിയന്റെ പ്രവർത്തനങ്ങൾ എന്നും എന്നെ ആകർഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം നല്കാൻ സാധിച്ചുവെന്നുള്ളത് ദൈവ നിയോഗമാണെന്നുള്ള തിരിച്ചറിവിൽ, ദൈവത്തിനു നന്ദി പറയുന്നു. മാതൃഇടവകയായ പുത്തൂരിൽ വച്ച് 2016 ഡിസംബർ 10-ാം തീയതി ഞായറാഴ്ച നടന്ന സുവർണ്ണ ജൂബിലി വർഷത്തിന്റെ ഉദ്ഘാടന പരിപാടികളും, 2017 ഡിസംബർ 9-ാം തീയതി ശനിയാഴ്ച നടന്ന സമാപന പരിപാടികളും, കുടുംബാംഗങ്ങളോടും, ഇടവക ജനങ്ങളോടും, സഭാപിതാക്കന്മാരോടും, അഭ്യൂദയകാംക്ഷികളോടും ചേർന്ന് സംഘടിപ്പിക്കുന്നതിന് സാധിച്ചത് ദൈവ പരിപാലനയാണെന്ന് തിരിച്ചറിയുന്നു.

എപ്പോഴും പ്രസന്നവദനനായി മുഖത്ത് പുഞ്ചിരിയും, തൂകി സമീപിക്കുന്ന വന്ദ്യ ജോസച്ചൻ, അതിൽ പരിചയപ്പെട്ടവരെയാരെയും, എന്തെങ്കിലും കുശലം പറയാതെ വിടാറില്ല. സൗഹൃദം കാത്തു സൂക്ഷിക്കുന്നതിൽ അച്ചൻ ഒട്ടും കുറവു കാട്ടാറില്ല. ജീവിതത്തിൽ അത്യാഹിതങ്ങൾ നേരിടുന്നവരെ നേരിട്ടു ചെന്ന് പ്രാർത്ഥനാപൂർവ്വം, ആത്മീയ വചസ്സുകൾ കൊണ്ട് പ്രത്യാശ വിടാതെ ധൈര്യപ്പെടുത്തുന്നത് അച്ചന്റെ സ്വഭാവമാണ്. തോളത്തു ചെറുതായി തട്ടിയുള്ള അച്ചന്റെ സൗഹൃദം പുതുക്കൽ ഒരു പ്രത്യേകത തന്നെയാണ്.

എന്നെ സംബന്ധിച്ചിടത്തോളം, അച്ചൻ എപ്പോൾ സ്വന്തം ഭവനത്തിൽ വന്നാലും, എന്റെ സുഖാന്വേഷണം നടത്താതെ പോകാറില്ല. പിതൃനിർവ്വിശേഷമായ അച്ചന്റെ ഊഷ്മള ബന്ധം എന്നും എനിക്ക് മറക്കാനാകാത്ത അനുഭവമായി അവശേഷിക്കുന്നു. പുത്തൂർ കടകംപള്ളിൽ കുടുംബത്തിൽ നിന്നും, മലങ്കര കത്തോലിക്കാ





സഭയ്ക്കു ലഭിച്ചിട്ടുള്ള പുരോഹിത ശ്രേഷ്ഠരുടെ ശ്രേണിയിൽ പൈതൃകമായി ലഭിച്ച സമ്പന്നമായ സംസ്ക്കാരവും, പാരമ്പര്യവും, കാത്തുസൂക്ഷിച്ചുകൊണ്ട് അച്ചൻ, പിൻതലമുറകൾക്ക് എന്നും ഒരു മാതൃകയായി ജീവിക്കുന്നു. സമാനതകളില്ലാത്ത അച്ചന്റെ ലാളിത്യവും, സഭാശുശ്രൂഷയുടെ അനുഭവ സമ്പത്തും, ഇനിയും, ദീർഘനാൾ സഭയ്ക്കു ലഭിക്കാൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാ ഭാവുകങ്ങളും നേരുന്നു.

www.malankaralibrary.com



# ധന്യമായ ജീവിതവഴികളിലൂടെ....



**റവ. സി. കാരുണ്യ എസ്.ഐ.സി.**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, തിരുവനന്തപുരം**

**പൗ**രോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്ക്കോപ്പായുടെ സുവർണ്ണജൂബിലി സ്മാരകമായി 'സുകൃതം' എന്ന പേരിൽ ഒരു സ്മരണിക പുറത്തി റങ്ങുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. വളരെ ധന്യവും ശ്രേഷ്ഠവും വിശ്വാസപാരമ്പര്യവുമുള്ള ഒരു കുടുംബത്തിൽ നിന്നും തെരഞ്ഞെടു ക്കപ്പെട്ട്, പൗരോഹിത്യ പദവിയിലേക്കും കോർ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്കും ഉയർത്തപ്പെട്ട ഒരു ശ്രേഷ്ഠ പുരോഹിതന്റെ ത്യാഗോ ജ്ജ്വലമായ ജീവിതവഴികളിലേക്ക്, സേവനമേഖല കളിലേക്ക്, ആത്മീയസമ്പന്നതയിലേക്ക് ഒരെത്തിനോട്ടം നടത്തി ആ ജീവിത ധന്യതയെ മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കുവാനും സഭയ്ക്കും സമൂഹത്തിനും ചെയ്ത നിസ്തുലങ്ങളായ സേവനങ്ങളെ അനുസ്മരിച്ച് നന്ദിയർപ്പിക്കു വാനും സമർപ്പിതജീവിതം നയിക്കുന്ന എല്ലാവരെയും പ്രചോദിപ്പിക്കു വാനും സാധിക്കുക എന്നുള്ളത് വലിയൊരു ഭാഗ്യമായി ഞാൻ കരുതുന്നു.

ദൈവത്തിന്റെ ശ്രദ്ധയും നോട്ടവും കൃപാകടാക്ഷവും നിരന്തരം ഏറ്റുവാങ്ങിയ അനുഗ്രഹീതമായ ഒരു കുടുംബമാണ് പൂത്തുരിലെ കടകംപള്ളിൽ കുടുംബം. ആഴമായ ദൈവവിശ്വാസവും ശ്രേഷ്ഠമായ കുടുംബപാരമ്പര്യവും നിറവാർന്ന ക്രിസ്തീയ ചൈതന്യവും നിറഞ്ഞു തുളമ്പുന്ന കുടുംബം. പൂത്തുരിലും പ്രാന്തപ്രദേശങ്ങളിലും മലങ്കര പുനരൈക്യപ്രസ്ഥാനത്തിന് വിത്തുപാകി, വെള്ളം നനച്ച്, പുഷ്ടി യോടെ വളർത്താൻ മുൻനിരയിൽ പ്രവർത്തിച്ചവരും, മത്തായി വിളയിൽ അച്ചന്റെയും സഹോദരങ്ങളുടെയും പൈതൃകം കൊണ്ട് അനുഗ്രഹിക്കപ്പെട്ട കുടുംബം. ഈ കുടുംബത്തിലെ ധന്യരായ പൂർവ്വ പിതാക്കൻമാരുടെ പാവനസ്മരണകൾക്ക് മുമ്പിൽ ആദരാജ്ഞലികൾ അർപ്പിക്കുന്നു.





പുത്തൂരിൽ തുണ്ടിൽ പുരയിടത്തിൽ വാസമുറപ്പിച്ച പിതാ മഹന്മാരുടെ പിൻതലമുറക്കാരിൽ കീവറിത് എന്ന മഹത് വ്യക്തിയുടെ പിൻതുടർച്ചയായി വന്ന് 8-ാം തലമുറക്കാരനായ കടകംപള്ളിൽ കെ. ഉമ്മന്റെയും റേയ്ചൽ ഉമ്മന്റെയും ദ്വിതീയ പുത്രനായി 1942 ജൂലൈ 27-ന് ജൂബിലേറിയൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും വിജയകരമായി പൂർത്തിയാക്കി. പഠനത്തിലും സ്വഭാവത്തിലും മികവു കാട്ടിയ വിദ്യാർത്ഥിയെ അധ്യാപകരും സഹ പാഠികളും ഏറെ ഇഷ്ടപ്പെട്ടു. ഉന്നതപഠനത്തിന് അയയ്ക്കുവാൻ മാതാപിതാക്കൾ ആഗ്രഹിച്ചുവെങ്കിലും കുടുംബത്തിൽ നിലനിന്നിരുന്ന പൗരോഹിത്യ പാരമ്പര്യത്തിൽ ആകൃഷ്ടനായി സ്വന്ത ദൃഢനിശ്ചയ ത്താൽ ദൈവത്തിന്റെ വിളിക്ക് ചെവിചായ്ക്കുകയാണുണ്ടായത്.

തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമി നാരിയിൽ വൈദികപഠനത്തിന്റെ ആദ്യഘട്ടവും തുടർന്ന് പ്രസിദ്ധ മായിരുന്ന മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിൽ നിന്ന് തത്വശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും മികവാർന്ന നിലയിൽ പൂർത്തിയാക്കി. സ്വന്തം ഇടവകയായ പുത്തൂർ സെന്റ്മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച്, കാലം ചെയ്ത അഭിവന്ദ്യ ഡോ. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും 1967 ഡിസംബർ മാസത്തിൽ വൈദികപട്ടം സ്വീകരിച്ച് ദൈവത്തിന്റെ പുരോഹിത വൃന്ദത്തിൽ അംഗമായി.

മലയാളം, ഇംഗ്ലീഷ്, ലത്തീൻ എന്നീ ഭാഷകളിൽ പ്രാവീണ്യം നേടിയ ബഹു. അച്ചൻ കുമ്മല്ലൂർ ഇടവകയിൽ നിന്നാണ് ഇടവക ശുശ്രൂഷകൾ ആരംഭിച്ചത്. തുടർന്നിങ്ങോട്ട് മുപ്പതോളം ഇടവകകളിൽ സേവനം അനുഷ്ഠിച്ചു. എല്ലാ ഇടവകകളിലും ഇടവകമക്കൾക്ക് മറക്കാനാകാത്ത ഓർമ്മകൾ നിക്ഷേപിച്ചിട്ടാണ് കടന്നുപോയിട്ടുള്ളത്. ഇടവകമക്കൾക്കുവേണ്ടി സമർപ്പിച്ച പ്രാർത്ഥനകളും ചെലവഴിച്ച ആരോഗ്യവും ഊർജ്ജവും ആത്മാർത്ഥമായി കാഴ്ചവച്ച സേവ ശുശ്രൂഷകളും ഇടവകകളെ ഏറെ ഉയർത്തിയിട്ടുണ്ട്. അങ്ങനെ ഇടവക ജനങ്ങൾക്ക് പ്രിയങ്കരനും ആദരണീയനുമായ ഇടയനാകുവാൻ ഓരോ ഇടവകയിലും അധികനാൾ വേണ്ടിവന്നില്ല.

അനുഭവസമ്പത്ത് കൈമുതലാക്കിയിട്ടുള്ള ഈ വൈദികന് പിഴവില്ലാതെ കാര്യങ്ങൾ സംഘടിപ്പിക്കുവാൻ പ്രത്യേക കഴിവാണ്. കാര്യങ്ങളുടെ നാനാവിധത്തിലുള്ള രംഗങ്ങൾ ചിന്തിച്ച് പിഴവുകൂടാതെ ചെയ്തു തീർക്കുവാൻ ജനങ്ങളെ സജ്ജമാക്കുകയാണ് പതിവ്. സമയം നന്നായി പ്രയോജനപ്പെടുത്തും. ഒരു മിനിറ്റുപോലും പാഴാക്കിക്കളയില്ല.

www.malankaralibrary.com



പൗരോഹിത്യ ശുശ്രൂഷകൾക്കൊപ്പം പച്ചക്കറി കൃഷിയും വിജയകരമായി മുന്നോട്ടു കൊണ്ടുപോകുന്നു. അതിന്റെ ഫലമെടുത്ത് സന്തോഷിക്കുന്നതു കാണാം. പ്രകൃതിയോടും മണ്ണിന്റെ നന്മയോടുമുള്ള ബഹുമാനം പ്രശംസനീയമാണ്.

എപ്പോഴും സന്തോഷമുള്ള ഒരു പ്രകൃതമാണുള്ളത്. എല്ലാം മറന്ന് ചിരിക്കാനും മറ്റുള്ളവരെ ചിരിപ്പിക്കാനും ഇഷ്ടപ്പെടുന്ന പ്രകൃതം. വിഷമിച്ച് വരുന്നവരോട് അനുകമ്പയും ആർദ്രതയും കാണിക്കുന്നതിനും അവരുടെ പ്രയാസങ്ങളെ ദൂരീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എപ്പോഴും തയ്യാറാകും. ക്രിസ്തീയ മൂല്യങ്ങൾ അജഗണങ്ങളിൽ ആഴപ്പെടുത്തും. പ്രസംഗങ്ങൾ കേൾക്കുമ്പോൾ, ക്ഷമയുടെ വലിയൊരു പ്രചാരകനാണല്ലോ എന്നു തോന്നിപ്പോകും. മറ്റുള്ളവരോട് ക്ഷമിക്കേണ്ടതിന്റെ ആവശ്യകത എപ്പോഴും പ്രസംഗങ്ങളിൽ മുഴങ്ങിക്കേൾക്കാം. പ്രാർത്ഥനയിലൂടെ അനേകരെ ബലപ്പെടുത്തിയിട്ടുണ്ട്. അനേകർക്ക് തങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരകനായി, പുതുജീവൻ കൊടുക്കുന്ന രക്ഷകനായി വർത്തിച്ചിട്ടുണ്ട്.


തന്നോടൊത്ത് ആയിരുന്നുകൊണ്ട്, കൃപ സ്വീകരിച്ച്, അനേകർക്ക് കൃപയുടെ വാതിലാകാനാണ്, ഇസ്രായേലിന്റെ ദൈവം തന്നെ തെരഞ്ഞെടുത്തതെന്ന് ബഹു. അച്ചനു വ്യക്തമാണ്. ദൈവാനുഗ്രഹത്തിന്റെ ഈ വാതിൽ അനായാസം തുറന്നിടുന്നതിന് വർഷത്തിലൊരിക്കൽ അട്ടപ്പാടിപോലുള്ള ധ്യാനകേന്ദ്രങ്ങളിൽ പോകുന്ന പതിവ് ബഹു. അച്ചന് സ്വന്തമാണ്.

കഴിഞ്ഞ 50 വർഷങ്ങളിലെ ദൈവിക നടത്തിപ്പിനും ദൈവിക കൃപാകടാക്ഷത്തിനും പ്രശംസനീയമായ വിധത്തിൽ സഭാ സേവനം നിർവഹിക്കുന്നതിന് ബഹു. അച്ചനെ അനുഗ്രഹിച്ചതിനും അനുവദിച്ചതിനും ദൈവത്തിന് ഒരായിരം നന്ദിയും സ്തുതിയും അർപ്പിക്കുന്നു. സഭയിലെയും കുടുംബത്തിലെയും ശ്രേഷ്ഠരായ വൈദികരുടെ മാതൃക പിൻചെന്ന് ലളിതവും സഭാത്മകവും ആത്മീകവുമായ ജീവിതം കൊണ്ട് ധന്യനായ വന്ദ്യ. ജോസ് കടകംപള്ളിൽ കോർ എപ്പിസ്ക്കോപ്പാ അച്ചന്റെ മാതൃക സഭയിലെ വൈദികർക്കും വിശ്വാസികൾക്കും എന്നും പ്രചോദനമേകട്ടെ എന്നു പ്രാർത്ഥിക്കുന്നു.





# ഓർമ്മയിൽ ഒരു കോർ എപ്പിസ്കോപ്പ



**റവ. ഫാ. ജോൺ. സി. പുത്തൻവീട്**

**വൈ**ദിക ശുശ്രൂഷയിൽ അൻപതു വർഷങ്ങൾ പൂർത്തിയാക്കുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പായ്ക്ക് സ്നേഹ നിർഭരമായ അനുമോദനങ്ങളും മംഗളാശംസകളും സ്നേഹാദരങ്ങ ളോടെ നേരുന്നു. പ്രാർത്ഥനയും സ്നേഹവും കരുണയും കൈമുതലാക്കി പരിത്യാഗത്തിന്റെ വഴിയിലൂടെ ആചാര്യ ശുശ്രൂഷയുടെ അൻപതു വർഷങ്ങൾ പിന്നിട്ട് പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുവാൻ അവസരം ലഭിക്കുന്നത് ജൂബിലേറിയന്റെ ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്ന ദൈവകൃപയുടെ സാക്ഷ്യമാണ്.

പൗരോഹിത്യത്തെ അതിന്റെ പൂർണ്ണ അർത്ഥത്തിൽ മനസ്സിലാക്കുകയും ജീവിതത്തിൽ ആഘോഷമാക്കുകയും ചെയ്ത വ്യക്തിയാണ് വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പ. പുരോഹിത പാരമ്പര്യമുള്ള ഒരു കുടുംബത്തിൽ ജനിച്ചത് പൗരോഹിത്യത്തോട് ആദരവുണ്ടാകാൻ സഹായിച്ചിട്ടുണ്ട്. എന്നാൽ അതിലുപരി ജീവിതത്തിൽ നിലനിർത്തിയിരുന്ന അർപ്പണബോധവും ദൈവ സ്നേഹവും നല്ലൊരു വൈദികനായിരിക്കാൻ കാരണമായിട്ടുണ്ട്. ജനങ്ങളിൽ നിന്ന് ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടവനാണ് പുരോഹിതൻ എന്ന തത്വം ജീവിതത്തിലുടനീളം പാലിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. അതിൽ വിജയിച്ചിട്ടുമുണ്ട്. ദൈവം നൽകിയ കഴിവുകളെയും അവസരങ്ങളെയും സ്വീകരിച്ച് ദൈവത്തിനും മനുഷ്യർക്കുമായി ജോസച്ചൻ ത്യാഗപൂർവ്വം സമർപ്പിച്ചും ഒരു നല്ല പുരോഹിതനിൽ ഉണ്ടായിരിക്കണമെന്ന് ജനം പ്രതീക്ഷിക്കുന്ന നന്മകളെല്ലാം അദ്ദേഹത്തിൽ നിറഞ്ഞുനിൽക്കുന്നു. ലളിതമെങ്കിലും ആത്മീയത നിറഞ്ഞുനിൽക്കുന്ന പുരോഹിതൻ, ദൈവജനത്തിന് ദൈവത്തെ നല്കുന്ന പുരോഹിതൻ, പുഞ്ചിരിയോടെ ഏവരെയും സ്വീകരിക്കുന്ന പുരോഹിതൻ, ആകുലതകളുമായി എത്തുന്നവർക്ക് ആശ്വാസവും പ്രത്യാശയും നൽകി തിരിച്ചയക്കുന്ന പുരോഹിതൻ, ത്യാഗപൂർവ്വം സഭയ്ക്കും സമൂഹത്തിനും സേവനം

www.malankaralibrary.com



ചെയ്യുന്ന പുരോഹിതൻ ഇതൊക്കെയാണ് അദ്ദേഹത്തെ പറ്റി ചിന്തിക്കുമ്പോൾ മനസ്സിൽ ഓടിയെത്തുന്നത്.

നല്ലൊരു വഴികാട്ടിയാണ് വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പാ. ഞാൻ അദ്ദേഹത്തെ ആദ്യമായി കണ്ടുമുട്ടുന്നത് ഞങ്ങളുടെ വികാരിയായിരുന്ന ദാനിയേൽ കടകംപള്ളിൽ അച്ചന്റെ കൂടെ ഒരു സെമിനാരിക്കാരനായി ഞങ്ങളുടെ ഇടവകയിൽ ഓശാന ശുശ്രൂഷയ്ക്കായി വന്നപ്പോഴാണ്. അന്ന് അദ്ദേഹം മംഗലാപുരം സെമിനാരിയിൽ ഫിലോസഫി പഠിക്കുന്നു. ഞാൻ എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിയും പ്രഭാതപ്രാർത്ഥന കഴിഞ്ഞപ്പോൾ അദ്ദേഹം വന്ന് എന്നെ മദ്ബഹായിലേക്ക് കൂട്ടി കൊണ്ടുപോയി. വി. കുർബാനയ്ക്ക് ശുശ്രൂഷകനായി കൂടാൻ നിർദേശിച്ചു. അന്നുവരെ ഞാൻ എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോയി വി. കുർബാനയിലും സണ്ടേസ്കൂളിലും പങ്കെടുക്കും എന്നല്ലാതെ, ദൈവത്തെപ്പറ്റിയോ പൗരോഹിത്യത്തെപ്പറ്റിയോ ഒന്നും ചിന്തിച്ചിരുന്നില്ല. ഭാവിയിൽ ആരായിക്കണമെന്ന് വ്യക്തമായ ചിന്തയും ഉണ്ടായിരുന്നില്ല. അന്ന് ആദ്യമായി മദ്ബഹായിൽ നിന്ന് വി. കുർബാനയിൽ പങ്കെടുക്കുകയും അറിയുന്നപോലൊക്കെ വി. കുർബാനയ്ക്ക് സഹായിക്കുകയും ചെയ്തപ്പോൾ അനവദ്യമായ ഒരനുഭൂതി അനുഭവപ്പെട്ടു. അതിനു ശേഷമാണ് ഒരു വൈദികനാകണമെന്ന ആഗ്രഹം എന്നിൽ ക്രമേണ ശക്തമായത്. ഞാൻ മൈനർ സെമിനാരിയിൽ ചേർന്നതിനുശേഷം അവധിക്കാലത്ത് തമ്മിൽ കാണുമ്പോഴെല്ലാം ദൈവവിളിയിൽ ഉറച്ചുനിൽക്കാനുള്ള പ്രേരണയും പ്രോത്സാഹനവും അദ്ദേഹം തന്നിരുന്നു. ഞാൻ വൈദികനായശേഷവും നല്ലൊരു സഹപ്രവർത്തകനായി എനിക്ക് പ്രോത്സാഹനം തന്നിട്ടുണ്ട്. മറ്റുള്ളവരുടെ പ്രത്യേകിച്ചും കൊച്ചച്ചന്മാരുടെ നന്മമാത്രം ആഗ്രഹിക്കുന്ന സ്നേഹനിധിയായ വന്ദ്യ ജോസ് അച്ചൻ ഏവർക്കും ഒരു വിശുദ്ധ സാന്നിദ്ധ്യമാണ്. പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പായ്ക്ക് ജൂബിലിയുടെ ഒരായിരം മംഗളങ്ങൾ ആശംസിക്കുന്നു. ഇനിയും കൂടുതൽ ജൂബിലികൾ ആഘോഷിക്കുവാൻ കരുണാമയനായ ദൈവം ദീർഘമായ് നൽകി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.





# 'കുയിലേ, ഒന്നുപാടുമോ'?



റവ. സിസ്റ്റർ ഹ്യുമിലീന എസ്.ഐ.സി.

വന്ദ്യ കോർ എപ്പിസ്കോപ്പാ ജോസ് കടകംപള്ളിൽ അച്ചന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് അദ്ദേഹത്തെപ്പറ്റി നല്ല കാര്യങ്ങൾ പറയുന്ന ഈ പുസ്തകത്തിൽ ഇങ്ങനെ ഒരു ശീർഷകത്തിന് എന്താണ് പ്രസക്തി എന്ന് നിങ്ങൾക്ക് തോന്നുന്നില്ലേ? തീർച്ചയായും. അതിനുള്ള മറുപടി ഞാൻ തന്നെ പറയാം. ഈ ജോസച്ചൻ എന്നെ എവിടെ വച്ചു കണ്ടാലും എപ്പോൾ കണ്ടാലും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. എന്താണെന്നറിയാമോ? "കുയിലേ ഒന്നു പാടുമോ"? കുടുകുടാചിരിച്ചുകൊണ്ട് അച്ചൻ ചോദിക്കുന്ന ഈ ചോദ്യത്തിന് എന്റെ മറുപടിയും അപ്രകാരം ഒരു ചിരിയായിരിക്കും. ഇങ്ങനെയല്ലാതെ ഞാൻ എങ്ങനെ പ്രതികരിക്കാനാണ്? തമ്പുരാൻ കനിഞ്ഞു തന്ന ഒരു നിറവും ഒരു സ്വരവും.

ജോസച്ചൻ കായംകുളം മഠത്തിന്റെ ചാപ്ലയിനായിരുന്ന ഒരു കാലഘട്ടം ഞാൻ പലപ്പോഴും ഓർക്കാറുണ്ട്. പള്ളിമേടയിൽ നിന്നും ഞങ്ങളുടെ ചാപ്പലിലേക്ക് സൈക്കിൾ ഓടിച്ചുവരുന്ന ആ വരവ്. ചാപ്പലിന്റെ പടിഞ്ഞാറേ ഭിത്തിയോടു ചേർത്ത് മതിലിൽ ഒരു സൈക്കിൾ ചാരിവയ്ക്കും. എന്നിട്ട് ചാപ്പലിലേക്ക് ഒരു പോക്ക്. വളരെ കൃത്യമായിരിക്കും ഈ സമയം. അതുകൊണ്ട് സിസ്റ്റേഴ്സും ബോർഡേഴ്സും വളരെ വളരെ കൃത്യമായിത്തന്നെ ചാപ്പലിൽ ഉണ്ടായിരിക്കും. വളരെ വ്യക്തമായി, സ്ഫുടമായി, ഹൃദ്യമായി അർപ്പിക്കപ്പെടുന്ന ദിവ്യബലി. ദിവ്യബലി കഴിഞ്ഞ് പുതിയ പുതിയ പാട്ടുകൾ പാടാൻ ഞങ്ങൾ ശ്രദ്ധിച്ചിരുന്നു. കാരണം അച്ചന് പാട്ട് വളരെ ഇഷ്ടമായിരുന്നു. അച്ചന്റെ കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകളിൽ വീണ്ടും സംബന്ധിക്കുവാൻ യാതൊരു ക്ഷീണവും കൂടാതെ അച്ചനോടൊപ്പം പുതുപ്പള്ളിയിൽ പോയിരുന്നത് ഞാൻ അനുസ്മരിക്കുന്നു. അച്ചന്റെ സഹോദരി സൂസമ്മയുടെ മകൻ മാത്യു മണലുവിളയിൽ അച്ചന്റെ പുത്തൻ കുർബാന

www.malankaralibrary.com



യിൽ സംബന്ധിച്ചപ്പോൾ ഞാൻ അച്ചനോടു പറയുകയുണ്ടായി. "അച്ചാ ജോസ് അച്ചന്റെ വി. കുർബാനയേക്കാൾ ഹൃദ്യമായി കുർബാന ചൊല്ലുന്നവർ ആരുമില്ലെന്നായിരുന്നു എന്റെ ധാരണ. ഇപ്പോൾ ഞാൻ ധാരണ മാറ്റി" എന്ന്. അതുകേട്ട് അച്ചൻ ഉറക്കെ ചിരിച്ചു. ഏതെങ്കിലും കാരണവശാൽ രാവിലെ കൃത്യസമയത്ത് വി. കുർബാനയ്ക്ക് എന്നാൽ സാധ്യമാകാത്ത സന്ദർഭങ്ങളിൽ അച്ചൻ നേരത്തെ തന്നെ വിവരം അറിയിക്കുകയും അന്ന് വൈകിട്ട് വന്ന് ദിവ്യബലി അർപ്പിക്കുകയും ചെയ്തിരുന്നു.

പല രസകരമായ സംഭവങ്ങളും അവിടെ നടന്നിട്ടുണ്ട്. ഒരു സംഭവം ഞാൻ എടുത്തുപറയട്ടെ. ബോഡിംഗിൽ ഏവർക്കും പ്രിയങ്കരിയായി ഒരു 'കൊച്ചുഗീത' ഉണ്ടായിരുന്നു. മാതാപിതാക്കന്മാർ മരിച്ചുപോയ അവളെയും അവളുടെ 2 സഹോദരിമാരെയും അവർ 'അമ്പോറ്റി അമ്മ' എന്നുവിളിക്കുന്ന അവരുടെ വല്യമ്മ ബോർഡിംഗിൽ കൊണ്ടുവന്നാക്കി. 3 പേരും തീരെ കൊച്ചുകുട്ടികൾ. പ്രത്യേകിച്ച് ഗീതയെ എല്ലാവർക്കും ഇഷ്ടമായിരുന്നു. അവൾ ഈ ലോകത്തിലേക്കും ഏറ്റം കൂടുതൽ സ്നേഹിച്ചിരുന്നത് ആരെ ആണെന്നറിയാമോ? ജോസച്ചനെ. പട്ടി, പൂച്ച, പശു ഇവയെ എല്ലാം ഗീതയ്ക്ക് ഭയമായിരുന്നു. ഒരു പ്രാവശ്യം തൊഴുത്തിൽ ഒരു പശുക്കുട്ടി ഉണ്ടായി. അവളുടെ പേടി കളയാൻതന്നെ സിസ്റ്റർ വിജയാ അവളെ കൈയ്ക്കുപിടിച്ച് തൊഴുത്തിലേക്കു കൊണ്ടുപോയി. തൊഴുത്ത് അടുക്കുന്തോറും ഗീത അവളുടെ പിടിമുറുക്കി. അവസാനം തൊഴുത്തിൽ എത്തി. തൊഴുത്തിൽ തുള്ളിച്ചാടിക്കളിക്കുന്ന പശുക്കുട്ടിയെ കണ്ടപ്പോൾ അവൾ സിസ്റ്ററിന്റെ കയ്യിലെ പിടിവിടാതെ തന്നെ തുള്ളിച്ചാടാൻ തുടങ്ങി. എന്തെന്നില്ലാതെ സന്തോഷത്തോടെ അവൾ കൂട്ടുകാരെയും ഈ സന്തോഷത്തിൽ പങ്കുചേരാൻ ഇപ്രകാരം ഉറക്കെ വിളിച്ചു - 'പിള്ളാരേ, ഇങ്ങോട്ടോടി വന്നേ, നല്ല ഒരു പശുക്കുട്ടി, നല്ലമുഖം - അതിന്റെ മുഖം. നമ്മുടെ ജോസച്ചന്റെ മുഖം പോലെ ഇരിക്കുന്നു". കേട്ടവരെല്ലാം പൊട്ടിച്ചിരിച്ചു. അച്ചനോടു വിവരം പറഞ്ഞ് ഞങ്ങൾ അച്ചനെയും ചിരിപ്പിച്ചു.

ഇങ്ങനെ പോകുന്നു ഞങ്ങളുടെ തമാശയും ചിരിയും. ജോസച്ചനെപ്പോലെ തന്നെ എന്നെ പല പേരിലും വിളിക്കുന്നവരുണ്ട്. ചിലതുമാത്രം ഞാൻ നിങ്ങളെ രസിപ്പിക്കാൻ കുറിക്കട്ടെ. ബഹു. അഗസ്റ്റിൻ മംഗലത്ത് അച്ചന് ഞാൻ ഫോണിലും എഴുത്തിലും 'കറുത്തമ്മ'യാണ്. പ്രിയ അലക്സ് കളപ്പില അച്ചന് 'തമ്പുരാട്ടി'. (കാക്കത്തമ്പുരാട്ടിയുടെ





തമ്പുരാട്ടി ആണേ) ബഹു. ഹോർമിസ് അച്ചന് ഞാൻ 'കാർവർണ്ണി'. പ്രിയ ചെറിയാൻ പണിക്കർ അച്ചന് ഞാൻ 'ഇരുട്ട്'. കുരിശുമല റമ്പാച്ചന് ഞാൻ 'പ്രകാശം'. ഒക്കെ സഹിക്കാം, ബാവാ തിരുമേനി പറയുന്നത് 'കരി' ആണെന്നാണ്, ആരും തൊടല്ലേ, കരിപറ്റും എന്നാണ് എന്നെ പറ്റി പറയുന്നത്. എനിക്ക് നല്ല feast day (March 15) ഉണ്ടെങ്കിലും നാലാഞ്ചിറ മഠത്തിൽ ആഘോഷിച്ചിരുന്നത് കർക്കടക 'മാസത്തിലെ കറുത്തവാവിന്' ആയിരുന്നു.

എന്റെ തമാശകൾ അവസാനിപ്പിക്കട്ടെ.

ബഹു. ജോസച്ചാ, പൗരോഹിത്യജീവിതത്തിൽ 50 വർഷം പിന്നിട്ട അച്ചന്റെ ജീവിതം അച്ചനുമായി ഇടപെട്ടിട്ടുള്ള എല്ലാവർക്കും പ്രചോദനവും അഭിമാനവും ആണ്. വൈദിക വിദ്യാർത്ഥികളുടെ ആധ്യാത്മിക നിയന്താവ്, അങ്ങേയ്ക്കു ലഭിച്ച കോർ എപ്പിസ്കോപ്പാസ്ഥാനം ഇവയെല്ലാം അങ്ങയുടെ വ്യക്തിമാഹാത്മ്യം വിളിച്ചറിയിക്കുന്നവയല്ലേ. വൈദിക സമൂഹത്തിന്റെ മുന്നിൽ മാതൃകാപരമായ ഒരു നിലപാട് സ്തുത്യർഹമായി കാത്തുസൂക്ഷിക്കുവാൻ അങ്ങ് പരിശ്രമിക്കുന്നു. വിശുദ്ധീകരിക്കുക, സ്വയം വിശുദ്ധീകരിക്കപ്പെടുക എന്നീ പുരോഹിതദൗത്യം കഴിഞ്ഞ 50 വർഷമായി നിർവ്വഹിച്ചുകൊണ്ടിരുന്നു. ദൈവത്തിന്റെ പുരോഹിതാ, സുവർണ്ണജൂബിലിയുടെ എല്ലാ ആശംസകളും മംഗളങ്ങളും പ്രാർത്ഥനയും ആത്മാർത്ഥമായി നേർന്നുകൊണ്ട് നിർത്തട്ടെ!

www.malankaralibrary.com



# കനകപ്രഭയിൽ ജോസച്ചൻ



**റവ. സിസ്റ്റർ നിഷ്ഠ എസ്.ഐ.സി.**

**പൗ**രോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട ജോസച്ചനെപ്പറ്റി ഓർക്കുമ്പോൾ പൗലോസ് ശ്ലീഹായുടെ വാക്കുകളാണ് മനസ്സിലേക്ക് കടന്നുവരുന്നത്. "തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ" (റോമ 12:11). പൗരോഹിത്യജീവിതത്തിൽ 50 വർഷം തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിച്ചു ദൈവശുശ്രൂഷ നിർവഹിക്കാൻ ഭാഗ്യം ലഭിച്ച ജോസച്ചനെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു.

അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ 'ഏശയ്യ'യെ വിളിച്ചു വേർതിരിച്ച ദൈവത്തിന്റെ പ്രത്യേക തെരഞ്ഞെടുപ്പിന്റെ സാക്ഷികളാണ് പുരോഹിതർ. പൗരോഹിത്യം എന്ന വലിയ നിധിയുടെ ശ്രേഷ്ഠത എത്ര വർണിച്ചാലും മതിയാവില്ല. ക്രിസ്തീയ ജീവിതത്തിൽ പുരോഹിതരുടെ പങ്കിനെക്കുറിച്ച് വിശുദ്ധ ജോൺ ക്രിസോസ്റ്റമിന്റെ വാക്കുകൾ വളരെ ശ്രദ്ധേയമാണ്. "മാതാപിതാക്കൾ നമുക്ക് ലോകത്തിലേക്ക് ജന്മം നൽകുന്നു, പുരോഹിതരാകട്ടെ നിത്യജീവിതത്തിലേക്ക് നമ്മെ ജനിപ്പിക്കുന്നു". ഋഗ്വേദത്തിൽ പുരോഹിതരെക്കുറിച്ച് ഇപ്രകാരം പറയുന്നു "ഓം അഗ്നിമീളേ പുരോഹിതം യജ്ഞസ്യ ദേവമൃത്വിജം ഹോതാരം രത്നധാതമം". യേശുവിന്റെ ശരീര രക്തങ്ങൾ കൈകളിലേന്തി ദൈവജനത്തിന് പങ്കിട്ടു നൽകാൻ വിളിക്കപ്പെട്ട പുരോഹിതൻ അഗ്നിയാണ്. ആത്മാക്കൾക്ക് വേണ്ടി തീക്ഷ്ണതയാൽ ജ്വലിക്കുന്ന അഗ്നിശിഖയാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രാരംഭ ദശയിലുള്ള വളർച്ചക്ക് കരുത്തുപകർന്ന, ക്രൈസ്തവ പാരമ്പര്യം കൊണ്ട് ശ്രേഷ്ഠമായ കടകംപള്ളിൽ കുടുംബം സഭയ്ക്കും പുത്തൂർ ഇടവക കൂട്ടായ്മക്കും എന്നും പ്രിയപ്പെട്ടതാണ്. കേവലം ബാലനായിരുന്ന





"ജെറമിയായിൽ" തന്റെ ഹൃദയത്തിനിണങ്ങിയ പ്രവാചകനെ കണ്ട ദൈവം, ബഹുമാനപ്പെട്ട ജോസച്ചനെ മുന്നമേ കണ്ടിരുന്നു. കുടുംബത്തിൽ പൂർവ്വികരായ വൈദിക ശ്രേഷ്ഠരുടെയും സമർപ്പിതരുടെയും ആദ്യകാല പുനരൈക്യ പ്രസ്ഥാനത്തിന്റെ നടുതൂണും പുത്തൂരിന്റെ ആത്മികവും ഭൗതികവുമായ വികസനത്തിനും സമീപ പ്രദേശത്തുള്ള മലങ്കര കത്തോലിക്ക സഭാ കൂട്ടായ്മയ്ക്ക് നീണ്ട 10 വർഷം നേതൃത്വം നൽകിയ സൂര്യതേജസ്സും ക്രാന്തദർശിയുമായ വന്ദ്യ ഡാനിയൽ കടകംപള്ളിൽ അച്ചന്റെ ഓരം ചേർന്നു വളർന്ന ഈ തൈചെടിക്ക് മാതാപിതാക്കളായ ശ്രീ. ഉമ്മൻ, റെയ്ച്ചൽ ദമ്പതികളുടെ ഹൃദയശുദ്ധിയും, നിഷ്കളങ്കമായ പ്രാർത്ഥനാജീവിതവും പൗരോഹിത്യജീവിതത്തിന്റെ ആദ്യമുകുളങ്ങൾ ആയിരുന്നു.

പൗരോഹിത്യത്തിന്റെ പടവുകൾ താണ്ടി ഇന്നു അൻപതു വർഷം പിന്നിട്ടപ്പോൾ അച്ചനെക്കുറിച്ച് എനിക്ക് ഒത്തിരി ഓർമ്മകളുണ്ട്. എപ്പോഴും വ്യക്തിബന്ധം ഹൃദ്യമായി സൂക്ഷിക്കുകയും സരളവും സംസ്കാരപൂർണ്ണമായ വാക്കും പ്രവൃത്തിയും ആഭിജാതമായ പെരുമാറ്റവും പക്വമായ ചിന്തകളും ഉറച്ച തീരുമാനങ്ങളും നേതൃത്വപാടവമൊക്കെ മറ്റുള്ളവരിൽ നിന്നു അദ്ദേഹത്തെ ഏറെ വ്യത്യസ്തനാക്കുന്നു. ഓരോ കാര്യത്തിന്റെയും നടത്തിപ്പിൽ അദ്ദേഹത്തിന്റെ പ്രവർത്തന വൈഭവവും നിശ്ചയദാർഢ്യവും ആത്മസമർപ്പണവും വളരെ അടുത്തുനിന്ന് നേരിൽ കണ്ട് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. പ്രഥമദർശനത്തിൽ ആരുടെയും ഹൃദയത്തിൽ ഇടം കണ്ടെത്തുന്ന അച്ചൻ വിലാപം നിറഞ്ഞ മരണവീടുകളിലെ ഒരു നിതാന്ത സാന്ത്വന സാമിപ്യമാണ്. പുഞ്ചിരി തൂകി എന്തെങ്കിലുമൊരു തമാശ പറഞ്ഞുകൊണ്ടാവും അദ്ദേഹത്തിന്റെ ഓരോ പരിചയം പുതുക്കലും.

പാദം പതിപ്പിച്ചിടങ്ങളിലെല്ലാം ഓജസ്സും നന്മയും പ്രസരിപ്പിക്കാൻ അച്ചന് കഴിഞ്ഞിട്ടുണ്ട് എന്നത് അനേകരുടെ അനുഭവസാക്ഷ്യമാണ്. പാരിന്റെ ലവണമായി ഈ അനുഗ്രഹീത ജന്മം ഊർജ്ജസ്വലതയോടെ മുന്നേറട്ടെ എന്നാശംസിക്കുന്നു. അൻപതാണ്ടുകൾ ബലിവേദിയിൽ ഹോമദ്രവ്യമായി എരിഞ്ഞ അങ്ങയുടെ ആചാര്യത്വത്തിനു മുമ്പിൽ നന്ദിപൂർവ്വം കരംകൂപ്പുന്നു.

www.malankaralibrary.com



**Fr. Jose Kadakampallil Cor Episcopo**

# *An inspiring shepherd*



**Fr. Mathew Manaluvila OIC**

## Introduction

Fr. Jose KadakampallilCorEpiscopo is celebrating his Golden Jubilee of Priestly ministry and Priestly life. Fr. Jose is an Inspiring shepherd who is always committed to building relations and fulfilling responsibilities wherever he is and whenever he is challenged. It would be a fitting accolade to his fifty years of priestly service to reflect on the seven 'Pillars' of priesthood by Pope Francis and to see how Pope's visions on priest hood is reflected in the life of Fr. Jose KadakampallilCor-episcopo. As these visions are emerged from Pope's conviction of his own priestly ministry, the life of the Jubilerian too is a witness to his convictions on priestly life.

### 1) A shepherd who seeks Christ in daily life


*"Indeed your heavenly Father knows that you need all these things. But strive first for the kingdom of God and his righteousness, and all these things will be given to you as well". Mt. 6.32-33*

For a priest, to grow in communion with Christ, seeking Him in daily life is the most important focus. The strength of a priest depends on his relationship with Christ. In the life of Fr. Jose Kadakampallil, this is very evident. He never wants to miss a moment he can spend with Christ. In his ministry, his priority was to establish a relationship with Christ. The grace given during ordination has been nurtured during his fifty years of prayer and intimacy with Christ.





### 2) A shepherd who smells the sheep



*"I am the good shepherd. I know my own and my own know me, just as the Father knows me and I know the Father. And I lay down my life for the sheep". Jn. 10: 14-15.*

This attitude refers to a closeness, which the priest should have with his parishioners. Rather than being administrators and enjoying administrative tasks, a true shepherd should give priority to the basic mission he is entrusted. Priest's closeness to the people of God is an extension of his closeness to Christ. Thus, the priests are qualified to be called shepherds living with the smell of the sheep. Fr. Jose Kadakampallil gave priority to this way of life.

### 3) A shepherd who links himself with service

*"Just as the Son of Man came not to be served but to serve, and to give his life a ransom for many" Mt. 20:28.*

Parish ministry involves real contact with people especially the poor and marginalised. This way the authority is connected with service. The authority to serve is the nature of authority shown by Christ. This is the most concrete way of imitating Jesus and Fr. Jose enjoyed his ministry in doing the same.

### 4) A shepherd whose motto is "Be merciful"

*"Be merciful, just as your Father is merciful".Lk. 6:36*

Be merciful should be the guiding motto of every priest in his priestly ministry. The priest must be a minister of mercy. A priest should realise that his whole life including his priestly vocation, and the abundant blessings received during his priestly life is painted with God's mercy. God is never tired of dispensing forgiveness and the priest following his command should be faithful in dispensing that mercy both sacramentally and in their daily life.

www.malankaralibrary.com


Fr. Jose was merciful in his approach to poor people. He has helped many in need through his deeds and consoled many through his words.

**5) A shepherd who lives a simple life**

*"Come to me, all you that are weary and are carrying heavy burdens, and I will give you rest. Take my yoke upon you, and learn from me; for I am gentle and humble in heart, and you will find rest for your souls". Mt. 11:28-29.*

The priest is called to a simplicity of life. Fr. Jose is exemplary in following a simple life. Though diocesan priests do not take a vow of poverty, Fr. Jose committed his life to simple life style. He was against all worldly ambition and he is a clear challenge to his fellow priests to examine the sincerity and authenticity of their own spiritual poverty.

**6) A shepherd who possess life integrity**

*"Beware of false prophets, who come to you in sheep's clothing but inwardly are ravenous wolves. You will know them by their fruits. Are grapes gathered from thorns, or figs from thistles?" Mt.7:15-16*

The priest should be a model of integrity. There is no place for priests in the heart of Christ if they are after arrogant clericalism, any kind of abuse of their position or a concern to climb the ecclesial career ladder. Fr. Jose has much personal experience to share in this regard. He has sacrificed many chances in his life for the sake of the values of the Kingdom of God. Pope Francis too is calling and requiring priests to understand that their authority derives not from worldly power but from personal integrity and humility in imitation of Christ. It demands accountability in life and Fr. Jose was strict to himself to be sincere in this. Quoting Pope's words 'Otherwise priests can *become wolves not shepherds'*.

**7) A shepherd who is a source of blessing**

*"In the same way, let your light shine before others, so that they may see your good works and give glory to your Father in heaven". Mt.5:16.*



The priest should know that he is the light of the world and need to be a source of blessing for his people. The anointing, which he receives at his ordination,should flow through him to those whom he serves. In his preaching, in his prayer, through being truly present to his flock in the realities of their everyday lives, the priest helps the people to realise that the blessings of Christ is poured through the prayers, life and presence of priest. Fr. Jose gets warm reception whichever house he visits. Faithful know that he is a man of prayer.

**Conclusion**

It is very clear that the thought of Pope Francis on the priesthood emerges from his deep convictions. The priesthood envisioned by Pope Francis is already reproduced in the life of Fr. Jose Kadakampallil. Hence, it would be appropriate to conclude this article with the words for us all from Pope Francis.

"Dear lay faithful, be close to your priests with affection and with your prayers, that they may be always be shepherds according to God's heart. And pray for those whom God is calling to be priests that they may respond to this call with humility and joy.

Dear priests, may God the Father renew in us the Spirit of holiness with whom we have been anointed. May he renew his spirit in our hearts so that this anointing may spread to everyone, especially to those "outskirts" where our lay faithful people most look for it and most appreciate it. May our people sense that we are the Lord's disciples; and may they receive through our words and deeds the oil of gladness which Jesus, the Anointed One, came to bring us".

www.malankaralibrary.com



# പ്രകാശം പരത്തുന്ന തീർത്ഥാടകൻ



പീറ്റർ സി. എബ്രഹാം

വാച്യാർത്ഥത്തിൽ ആരാണ് പുരോഹിതൻ? പുരഃ അഗ്രേ ഹിതഃ പുരോഹിത എന്ന് അർത്ഥം കുറിക്കാം. അതായത് മുമ്പിൽ നിറുത്തപ്പെടുന്നവൻ പുരോഹിതൻ. എന്നാൽ ഭാവാർത്ഥത്തിലോ? മദ്ധ്യേ നിറുത്തപ്പെടുന്നവനാണ് പുരോഹിതൻ; ദൈവത്തിന്റെയും മനുഷ്യരുടെയും മദ്ധ്യേ നിറുത്തപ്പെടുന്നവൻ. വിണ്ണിന്റെ കാരുണ്യത്തിനായി കരം വിരിച്ചുപിടിച്ച് ഏഴുയാമങ്ങളിലും കരൾപിളർന്നു പ്രാർത്ഥിക്കുന്ന പുരോഹിതൻ തന്നിൽ ദൈവാത്മാവു വർഷിക്കുന്ന സ്വർഗ്ഗ ചൈതന്യത്തെ മണ്ണിന്റെ മക്കൾക്കായി പകുത്തുകൊടുക്കുന്ന മദ്ധ്യവർത്തിയായി നിലകൊള്ളുന്നു. നിതാന്ത ജാഗരൂകതയും, ആത്മസമർപ്പണവും അനിവാര്യമാകേണ്ടുന്ന ജീവിതനിയോഗമാണിത്.

സ്വർണ്ണഖനിയിലെ ഒത്തിരിമണ്ണിൽനിന്നും ഇത്തിരി സ്വർണ്ണം അരിച്ചെടുക്കുന്നത്ര ദുർലഭമായ അവസ്ഥയാണ് ദൈവവിളിയുടേത്. ക്രിസ്തുവിന്റെ കുരിശോളം കൊണ്ടെത്തിക്കുന്ന രക്തസാക്ഷിത്വത്തിന്റെ സഹനപാതയാണത്. ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നീ ത്രിശൂലമുനകൾക്കു നേരേയുള്ള സധൈര്യ മുന്നേറ്റമാണിത്. കൂടെ നടന്നവർ വഴിപിരിഞ്ഞ് കുടുംബങ്ങളുടെ പരിരക്ഷിത കവചകൂടാരങ്ങളിലേക്കു കുടിയേറിയപ്പോൾ, ക്രിസ്തുവിന്റെ വിളിയിൽ വിശ്വാസമർപ്പിച്ച് അരക്ഷിതമായ ആർഷവഴികളിലൂടെ പുരോഹിതൻ സഞ്ചരിക്കുകയാണ്. പരമഗുരുവായ ക്രിസ്തുവിനോടുള്ള സ്നേഹപൂർണ്ണമായ ദാഹത്തെ ഇന്ധനശക്തിയാക്കിയുള്ള മുന്നേറ്റമാണിത്. ക്രിസ്തുവിന്റെ ഛായയും, സാദൃശ്യവുമായ മനുഷ്യരുടെ ആത്മരക്ഷാർത്ഥമായുള്ള നിലവിളികളിൽ ആശ്വാസത്തിന്റെ പ്രതിസ്പന്ദമാകാനുള്ള കർമ്മചര്യയാണിത്.





ഞെരുക്കങ്ങളുടെ ഈ നിരത്തു തേടുന്നവർ ചുരുക്കമാണെങ്കിലും രക്ഷാതീരം ലക്ഷ്യമാക്കുന്ന വിവേകമതികളാണ് അവർ എന്ന് ദൈവപുത്രൻ വിളംബരം ചെയ്യുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, വിശുദ്ധ ജോൺ ക്രിസോസ്റ്റം പറയുന്നതുപോലെ 'മാലാഖമാർക്കോ, പ്രധാന ദൂതന്മാർക്കോ നല്കപ്പെട്ടിട്ടില്ലാത്ത ഒരധികാരം, വൈദികൻ ദൈവത്തിൽനിന്നും സ്വീകരിച്ചിട്ടുണ്ട്'. വിശുദ്ധം അപ്രേം പറയുന്നു, 'നിനക്ക് ഊഹിക്കാൻ കഴിയുന്ന എല്ലാ ബഹുമാനങ്ങൾക്കും അധികാരങ്ങൾക്കും മുകളിലാണ് പുരോഹിതന്റെ സ്ഥാനം'. നെപ്പോളിയൻ ബോണപ്പാർട്ട് കുറിച്ചു: 'ഞാനൊരു ചക്രവർത്തിയാണ്. ലോക സമ്രാട്ടാണ്. പക്ഷേ മനുഷ്യ ശരീരത്തിനുമേൽ മാത്രമേ എനിക്ക് എന്തെങ്കിലും അധികാരമുള്ളൂ. ആത്മാക്കളുടെ മേൽ അധികാരം ചെലുത്താൻ കഴിവുള്ള വൈദികനെപ്പറ്റി എനിക്ക് അത്ഭുതം തോന്നുന്നു'. പുരോഹിതരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വിശുദ്ധ ജോൺ മരിയ വിയാനി പറയുന്നു; 'പുരോഹിതന്റെ മഹത്വം സ്വർഗ്ഗത്തിൽ മാത്രമേ വെളിപ്പെടൂ. ഭൂമിയിൽവച്ച് ആർക്കെങ്കിലും അതു വെളിപ്പെട്ടാൽ ഭയത്താലല്ല, സ്നേഹംകൊണ്ട് അവൻ തൽക്ഷണം മരിച്ചുവീഴും'.

ഇന്നേക്ക് ആറു പതിറ്റാണ്ടുകൾക്കപ്പുറത്ത് അത്യുന്നതന്റെ വിളികേട്ട്, ലോകം, താത, സഹോദര, ജാതിയതും, തറവാടും എല്ലാം ഉപേക്ഷിച്ച് പൗരോഹിത്യത്തിന്റെ ഇടവഴിയിലൂടെ ഇറങ്ങിത്തിരിച്ച ബാലൻ, കോർ എപ്പിസ്കോപ്പൽ സ്ഥാനോന്നതിയിലേക്ക് സഭാ മാതാവിനാൽ കരംപിടിച്ചുയർത്തപ്പെട്ട്, ദൈവപുത്രനൊപ്പം കുരലറുക്കപ്പെടുന്ന ബലിപീഠത്തിൽ അര നൂറ്റാണ്ടു തികയ്ക്കുന്ന ആത്മ സാക്ഷാത്ക്കാര മുഹൂർത്തമാണിത്. അല്പകാര്യങ്ങളിൽ വിശ്വസ്തത പുലർത്തിയതിനുള്ള ദൈവിക സമ്മാനമായാണ് ഈ സ്ഥാന മഹത്വങ്ങളെ ഞാൻ വീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട ജോസച്ചൻ എന്റെ ഇടവകയിൽ വികാരിയായിരിക്കെ അദ്ദേഹത്തിന്റെ മുഖ്യ ചുമതലയിലായിരുന്നു മലങ്കരയുടെ മഹാസംഗമമായ പുനരൈക്യവാർഷികം മൈലപ്രായിൽ നടത്തപ്പെട്ടത്. ശാന്തനായി, എന്നാൽ സംഘാടകമിടുക്കോടെ ഓടിനടന്ന് പുനരൈക്യവാർഷികം ഏറ്റം ശ്രദ്ധേയമായ തരത്തിൽ ആഘോഷിക്കാൻ അച്ചനു സാധിച്ചു. പുത്തൂരിന്റെ നന്മ നിറഞ്ഞ കടകമ്പള്ളി തറവാടിൽനിന്നും ഉറപൊടിച്ച് ജനങ്ങൾക്ക് ജീവജലത്തിന്റെ പുണ്യനിർഝരിയായി നിറഞ്ഞൊഴുകുന്ന ഈ സൽക്കാഴ്ച

ആത്മീയ ദാഹികളായ ഞങ്ങളുടെ മിഴികളെ കുളിരണിയിക്കുകയാണ്. തിളക്കമുള്ള ദീപ്ത മുഖവും, പ്രകാശം പരത്തുന്ന നിറചിരിയും, സാരസ്യം വിളഞ്ഞു ചിതറുന്ന രസനയും, ബാലസമാനമായ ഊർജ്ജസ്വലതയും, യൗവനക്കാരന്റെ ചുറുചുറുക്കും പരിശുദ്ധാത്മദാനങ്ങളായി നിലകൊള്ളുന്ന ഈ അഭിഷേക ജന്മം പൗരോഹിത്യ ഗുണമേന്മയുടെ സാക്ഷ്യപ്രകാശനം തന്നെയാണ്. വിശ്രമ കുടീരത്തിലേക്കുള്ള വഴിയിലേക്കല്ല, ശുശ്രൂഷാ നിയോഗങ്ങളുടെ പുതിയ മേച്ചിൽപുറങ്ങളിലേക്കുതന്നെ വഴികാട്ടി കാലുകൾക്കു ബലവും കരങ്ങൾക്ക് അനുഗ്രഹകൃപയും പകർന്ന് ദൈവം ആനയിക്കുന്നു എന്നതിൽ ഈ അഭിഷിക്തപിതാവിന്റെ ആത്മീയ പരിചരണം ധാരാളമായി ഏറ്റുവാങ്ങാൻ ഭാഗ്യമുണ്ടായ ഒരു വ്യക്തി എന്ന നിലയിൽ ഞാനും സാനന്ദം ദൈവത്തിന് നന്ദി അർപ്പിക്കുകയാണ് ഈ സുവർണ്ണ പൗരോഹിത്യ ജൂബിലിത്തികവിൽ.



www.malankaralibrary.com



# ലളിതം, സൗഹൃദസമ്പന്നം ദൃഢനിശ്ചിതമീ സഫല ജീവിതം



**ഡോ. കെ. വൈ. ബനഡിക്ട് കടകംപള്ളിൽ**
**പ്രിൻസിപ്പാൾ, മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജ്**

പൗരോഹിത്യ ജീവിതത്തിൽ കൃപാനുഭവത്തിന്റെ അരനൂറ്റാണ്ട് പിന്നിടുക എന്നത് സമർപ്പിത ജീവിതം നയിക്കുന്ന ഏതൊരു വ്യക്തിക്കും ഏറെ ചാരിതാർത്ഥ്യം നൽകുന്ന ഒന്നാണ്. എല്ലാവർക്കും എല്ലാമാകാൻ വേണ്ടി വിളിച്ച് വേർതിരിച്ച് ദൈവം നടത്തിയ വഴികളിലേക്ക് പ്രാർത്ഥനാപൂർവ്വം തിരിഞ്ഞു നോക്കുവാനും അനേകരെ ഈ മാർഗത്തിലേക്ക് വിളിക്കാതെ വിളിക്കാനും ലഭ്യമാകുന്ന ഒരസുലഭ സന്ദർഭമാണ് പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങൾ. വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്ക്കോപ്പായുടെ വൈദിക ജീവിതവഴികൾ അനാദൃശ്യമായ ദൈവ പരിപാലനയുടെ സാക്ഷ്യപത്രമായി നമ്മുടെ മുമ്പിൽ നിറയുമ്പോൾ, പ്രാർത്ഥനാപൂർവ്വം കൃതജ്ഞതയുടെ മലരുകൾ പരമപിതാവിന് സമർപ്പിക്കാൻ ബന്ധുമിത്രാദികൾക്കും, ദൈവജനത്തിനും, സഭയ്ക്ക് ഒന്നാകെയും ഒരു നല്ല അവസരമാണ്.

വളരെ ചെറുപ്പത്തിൽ തന്നെ പിടികൂടിയ മാരകമായ ജ്വരം, സ്കൂൾ പഠനം പോലും തടസ്സപ്പെടുത്തിയ അവസരത്തിൽ, മാതാപിതാക്കളുടെയും, ഗുരുക്കൻമാരുടെയും സവിശേഷ വാത്സല്യത്തിന് പാത്രീഭൂതനായ കെ. ഒ. ജോസ് എന്ന വിദ്യാർത്ഥിക്ക് അന്നത്തെ എസ്സ്.എസ്സ്.എൽ.സി. പരീക്ഷക്ക് വർഷനഷ്ടം കൂടാതെ ഇരിക്കുവാൻ അവസരമുണ്ടായി എന്നത് കുടുംബത്തിലെ മുതിർന്നവർ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. അക്കാലത്ത് അപ്പച്ചൻമാരും അമ്മച്ചിമാരും തങ്ങളുടെ കൊച്ചു മക്കളുടെ കാര്യത്തിൽ "സ്വന്തം വീടുകൾ" എന്ന പൊതു വികാരത്തിൽ ഒന്നിച്ചു നിന്ന് വിവേചനമെന്യേ പ്രവർത്തിച്ചതും, പ്രാർത്ഥനാപൂർവ്വം സഹനങ്ങൾ ഏറ്റെടുത്തതും പിന്നീട് ദൈവത്തിന്റെ തിരുമനസ്സ് അംഗീകരിച്ചു എന്നതും ജോസ് കടകംപള്ളിൽ അച്ചന്റെ പൗരോഹിത്യ വിളിയിലൂടെ സാക്ഷ്യപ്പെട്ട ഒരു യാഥാർത്ഥ്യമാണ്. പുത്തൂരും പരിസര പ്രദേശങ്ങളിലും മലങ്കര കത്തോലിക്കാ സഭാ കൂട്ടായ്മകൾ

www.malankaralibrary.com



തുടങ്ങുന്നതിന് നേതൃത്വം നൽകിയ കടകംപള്ളിൽ, വിളയിൽ മത്തായി അച്ചന്റെ പിൻമുറക്കാരിൽ എന്തുകൊണ്ടും ജോസ് കടകംപള്ളിലച്ചന്റെ ദൈവവിളി സവിശേഷമാർന്നതായിരുന്നു. 1967 ഡിസംബർ 10 ന് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും അഭിഷിക്തനായ അദ്ദേഹം, അക്കാലത്തെ വൈദിക പട്ടാഭിഷേക ശുശ്രൂഷകൾ നടത്തിയിരുന്നതിൽ നിന്നും വിഭിന്നമായി സ്വന്തം ഇടവകയിൽ വച്ചു തന്നെയാണ് അഭിഷിക്തനായത് എന്നത് ഒരു പ്രത്യേകതയായിരുന്നു. അദ്ദേഹത്തിന്റെ വൈദീകാഭിഷേക ശുശ്രൂഷയ്ക്ക് ധാരാളം ആളുകൾ ചുറ്റുമുള്ള ഇടവക കൂട്ടായ്മകളിൽ നിന്നും, ഈ കൂദാശാർപ്പണം കാണാനും, പങ്കെടുക്കാനുമെത്തിയത് വളരെ ശ്രദ്ധേയമായിരുന്നു. ഇന്ന് പുത്തൂർ ഇടവകക്കാരിൽ പലരും ഇന്നും ഓർമ്മയിൽ സൂക്ഷിക്കുന്നുണ്ട്. പുത്തൂർ, കാരിക്കൽ, തേവലപ്പുറം, മാറനാട്, കൈതക്കോട്, കല്ലട, കുളക്കട, പുത്തൂർ, കലയപുരം തുടങ്ങിയ ഇടവക പ്രദേശങ്ങളിൽ നിന്നുള്ള ധാരാളം വിശ്വാസികൾ അന്ന് വന്നിരുന്നു. ഈ ഇടവക കൂട്ടായ്മകളിൽ നിന്നും പിന്നീട് ഉണ്ടായിട്ടുള്ള വൈദീക ദൈവവിളികളിലേക്കുള്ള വ്യക്തി തീരുമാനങ്ങൾ ഉറപ്പിക്കാനുള്ള പ്രചോദനം അന്ന് സ്കൂൾ വിദ്യാർത്ഥികളായിരുന്ന പലർക്കും ലഭ്യമാക്കാൻ ആ വൈദീകാഭിഷേക ശുശ്രൂഷയിലെ പങ്കാളിത്തം ഇടയാക്കി എന്നത് ദൈവത്തിന്റെ അത്ഭുതകരങ്ങളുടെ ഇടപെടൽ അല്ലെങ്കിൽ മറ്റെന്താണ് (റഫറൻസ് വന്ദ്യ മാത്യു മനക്കരക്കാവിൽ കോർ എപ്പിസ്കോപ്പായുടെ പ്രസംഗം 2016 പുത്തൂർ) തന്റെ കുടുംബത്തിൽ നിലനിന്നിരുന്ന വൈദീക പാരമ്പര്യത്തിന്റെ തുടർച്ചക്കാരനായി വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പാ സുവർണ്ണ ജൂബിലി പിന്നീടുമ്പോൾ പുത്തൂരും പരിസരപ്രദേശങ്ങളിലുമുള്ള ശക്തമായ ക്രൈസ്തവ വിശ്വാസത്തിന്റെ ആഴത്തിലുള്ള വേരോട്ടത്തിൽ നമുക്ക് അഭിമാനിക്കാം.

വി. മത്തായിയുടെ സുവിശേഷം 24-ാം അധ്യായത്തിൽ പ്രതിപാദിക്കുന്ന ഒരു സവിശേഷ വിഷയം വിശ്വാസജീവിതത്തിലെ ജാഗരൂകത സംബന്ധിച്ചുള്ളതാണ്. "തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്?" എന്നൊരു ചോദ്യം അവിടെ രേഖപ്പെടുത്തിയിരിക്കുന്നു. ഭക്ഷണം എന്ന പ്രയോഗം ഇവിടെ ഒരു പ്രതീകമാണ്. പോഷണത്തിന് ഉതകുന്നതെന്തോ അതാണ് ഭക്ഷണം. അത് കേവലം ഭൗതീക





വളർച്ചക്ക് മാത്രമുള്ള ഉപാധിയല്ല. ആത്മീകവും, മാനസികവും, ഭൗതീകവുമായ തലങ്ങളിലെല്ലാം ഈ പോഷണം സുസാധ്യമാകേണ്ടതുണ്ട്. സഭാ ജീവിതത്തിലെ ഈ പോഷണ വിതരണത്തിന്റെ കാര്യസ്ഥന്റെ തലത്തിൽ ഒരു വൈദീകനെ കാണാൻ കഴിഞ്ഞാൽ; കഴിഞ്ഞ 50 വർഷത്തിലധികം ഈ ശുശ്രൂഷ ഏറ്റം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൽ വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പാ അതീവ ശ്രദ്ധാലുവായിരുന്നു എന്ന് വിലയിരുത്താൻ കഴിയും. അവിഭക്ത തിരുവനന്തപുരം മേജർ അതിരൂപതയുടെ വിസ്തൃതമായ അജപാലന മേഖലകളിലും, ഇപ്പോൾ മാവേലിക്കര രൂപതയുടെ വിവിധ കർമ്മമണ്ഡലങ്ങളിലും സേവനനിരതനായി തുടരുന്ന അദ്ദേഹത്തിന്റെ സംശുദ്ധ ജീവിതം ഏവർക്കും ഒരു മാതൃകയാണ്. താൻ സേവനം അനുഷ്ഠിച്ച മുപ്പതിലധികം ഇടവക സമൂഹങ്ങളിൽ അദ്ദേഹം പടുത്തുയർത്തിയ വ്യക്തിബന്ധങ്ങളും, പ്രവർത്തന രീതികളും ഏവരെയും ഹഠാദാകർഷിക്കുന്നവയാണ്.

ബഹു. അച്ചന്റെ വ്യക്തിത്വത്തിൽ എന്നെ ആകർഷിച്ച ഏതാനും ഗുണങ്ങൾ വായനക്കാരുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിൽ മുഖ്യമായത് ലളിത ജീവിതം തന്നെയാണ്. ക്രിസ്തുവിന് വേണ്ടി ലോകത്തെ ഉപേക്ഷിക്കാനും, ലോകത്തെ ക്രിസ്തുവിനായി നേടാനും കഴിയുന്ന ഒരു വൈദീകന്റെ ജീവിത മുദ്ര ലാളിത്വം തന്നെയായിരിക്കണം. ബഹു. ജോസച്ചൻ ലളിത ജീവിതത്തിന്റെ ഏറ്റം ശ്രേഷ്ഠമാതൃകയാണെന്ന് അദ്ദേഹത്തെ അടുത്തറിയാവുന്ന എല്ലാവർക്കും അറിയാം. ഒരു പക്ഷേ കാലയവനിക്കുള്ളിൽ മറഞ്ഞ ബഹു. ഡാനിയേൽ കടകംപള്ളിൽ അച്ചന്റെ ജീവിത മാതൃക അദ്ദേഹത്തെ ശക്തമായി ഇക്കാര്യത്തിൽ സ്വാധീനിച്ചിട്ടുണ്ടാകാം. അദ്ദേഹത്തിൽ വിളങ്ങുന്ന ശ്രേഷ്ഠ പുണ്യങ്ങളുടെ മറ്റൊന്ന് ഏത് പ്രായത്തിൽ പെട്ടവരോടും കുറഞ്ഞ സമയം കൊണ്ട് ചങ്ങാത്തം കൂടാൻ കഴിയുന്നു എന്നതാണ്. നിറഞ്ഞ് മുഴങ്ങുന്ന ചിരിയോടും, ചലനാത്മകമായ കരവിക്ഷേപത്തോടും സമീപിക്കുന്ന, അച്ചന്റെ സൗഹൃദവലയത്തിൽ, വലിയ ഒരു ജനസഞ്ചയം ഉണ്ടെന്ന് ഉള്ളത് അസാധാരണമായ ദൈവകൃപയുടെ പ്രത്യക്ഷ ലക്ഷണമാണ്. സൗഹൃദങ്ങളുടെ വ്യാപ്തിയിൽ വിശുദ്ധി നഷ്ടപ്പെടാതെ പാലിക്കാൻ അദ്ദേഹം സദാശ്രദ്ധാലുവാണെന്ന് തിരിച്ചറിയുമ്പോൾ, അദ്ദേഹത്തിന്റെ ജീവിതനിഷ്ഠ ഒരു മാതൃകയായി മാറുന്നു. ജോസച്ചന്റെ സ്വഭാവമേൻമകളിൽ, അച്ചൻ പുലർത്തുന്ന നീതിബോധം എപ്പോഴും പ്രകടമായിരിക്കും. ഓരോ വിഷയത്തോടും,

www.malankaralibrary.com




സംഭവങ്ങളോടും, സംവിധാനങ്ങളോടും ദൃഢചിത്തനായി അദ്ദേഹം സ്വീകരിക്കുന്ന നിലപാടുകളും, പ്രകടമാകുന്ന അഭിപ്രായങ്ങളും എല്ലാവരിലും മതിപ്പുളവാക്കും. അച്ചൻ പ്രകടിപ്പിക്കുന്ന ആശയങ്ങളെ ചിലപ്പോൾ പ്രഥമദൃഷ്ട്യാ സ്വീകരിക്കാൻ കേൾവിക്കാരന് മടി തോന്നിയേക്കാം. എന്നാൽ ഒരു രണ്ടാം വട്ട ചിന്തയിൽ, ആ നിർദ്ദേശം അല്ലെങ്കിൽ തീരുമാനം ശരിയായിരുന്നു എന്ന് മനസ്സിലാകും. തന്റെ സുനിശ്ചിത ബോധ്യങ്ങളോടും നിലപാടുകളോടും വിട്ടുവീഴ്ച ചെയ്ത ഒരു സ്ഥാനവും അലങ്കരിക്കാൻ അദ്ദേഹം മനസ്സ് വച്ചിരുന്നില്ല എന്ന് നിഷ്പക്ഷമതികളായ ആർക്കും ബോധ്യമാകും. സഭാ ശുശ്രൂഷയുടെ ഏതേത് തലങ്ങളിൽ, വിവിധ കർത്തവ്യങ്ങൾ, തികഞ്ഞ അർപ്പണബോധത്തോടും, സഭാ സ്നേഹത്തോടും സഭയോടൊപ്പം നിർവ്വഹിച്ചു പോരുന്ന ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പാ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ "ആടുകളുടെ ഗന്ധം ഉള്ള ഇടയനാണെന്നതിന് രണ്ടുപക്ഷമില്ല.

വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പായെ, ഞാൻ ബാലനായിരിക്കുമ്പോൾ നേരിൽ കാണുന്നതിന് മുൻപേ ചിത്രത്തിൽ കണ്ടാണ് പരിചയപ്പെട്ടത്. എന്റെ മാതാപിതാക്കളുടെ വിവാഹ സമയത്ത് വൈദികരോടൊത്ത് എടുത്ത ഗ്രൂപ്പ് ഫോട്ടോയിൽ (1966) കുശഗാത്രനായി നിന്ന യുവാവ് ഡീക്കൻ ജോസ് കടകംപള്ളിൽ ആയിരുന്നു. 1967 ലാണ് അദ്ദേഹത്തിന് തിരുപ്പട്ടം ലഭിച്ചത്. അദ്ദേഹം തിരുപ്പട്ടത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോൾ, അദ്ദേഹത്തിന്റെ സഹോദരങ്ങളോടും, ബന്ധുമിത്രാദികളോടും സുഹൃത്തുക്കളോടും, ഇടവകക്കാരോടും ഒപ്പം കൃതജ്ഞതയുടെ മലരുകൾ ദൈവത്തിന് അർപ്പിക്കുവാൻ, 1967 ൽ തന്നെ ജനിച്ച ഈ ലേഖകനും, അവസരം കിട്ടിയതിന് ഈ സ്മരണികയുമായി ബന്ധപ്പെട്ടവരോട് ഞാൻ നന്ദിയർപ്പിക്കുന്നു. വരും നാളുകളിൽ കൂടുതൽ നേതൃത്വവും, സേവനവും ദൈവജനത്തിന് നൽകാൻ വന്ദ്യ ജോസ് കടകംപള്ളിൽ കോർ-എപ്പിസ്കോപ്പായ്ക്ക് കഴിയട്ടെ. പുതിയ തലമുറയിൽ, പുത്തൂർ പ്രദേശത്തു നിന്നും കൂടുതൽ ദൈവവിളികൾ പ്രോത്സാഹിക്കപ്പെടാൻ ഈ ജൂബിലിയാഘോഷം ഇടയാക്കും എന്ന് പ്രതീക്ഷിക്കുന്നു. ജൂബിലേറിയന് സ്നേഹാദരങ്ങളിൽ പൊതിഞ്ഞ ഒരു ബിഗ് സല്യൂട്ട്!



## പൗരോഹിത്യ സുവർണ്ണജൂബിലിവർഷ ഉദ്ഘാടനം
## 2016 ഡിസംബർ 10











www.malankaralibrary.com

# പൗരോഹിത്യ സുവർണ്ണജൂബിലിവർഷ സമാപനം
## 2017 ഡിസംബർ 09



www.malankaralibrary.com







www.malankaralibrary.com









www.malankaralibrary.com
















www.malankaralibrary.com












www.malankaralibrary.com











സ്മരണിക പ്രകാശനം "സുകൃതം"

www.malankaralibrary.com

## ആശംസകളോടെ...



റവ. ഫാ. ജോസ് കുരുവിള ഒ.ഐ.സി.



റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരകാവിൽ
കോർ എപ്പിസ്ക്കോപ്പ



റൈറ്റ് റവ. മോൺ. ഡോ. ഡാനിയേൽ മാണികുളം



റൈറ്റ് റവ. മോൺ. എസ്. വർഗ്ഗീസ്



റൈറ്റ് റവ. മോൺ. ജോസഫ് കുരുമ്പിലേത്ത്



വന്ദ്യ തോമസ് ഇലവിളയിൽ കോർ എപ്പിസ്ക്കോപ്പ



സിസ്റ്റർ നിഷ്ഠ എസ്. ഐ. സി.




ശ്രീ. രാജപ്പൻ



ശ്രീ. ഒ. ജോസ്



ശ്രീ. അലക്സാണ്ടർ



ഇടവകയ്ക്ക് വേണ്ടി ട്രസ്റ്റി ശ്രീ. കെ. ജി. ജോർജ്ജ് കുട്ടി ഉപഹാരം നൽകുന്നു.

www.malankaralibrary.com







വന്ദ്യ ജോസച്ചന്റെ സപ്തതി ആഘോഷവേളയിൽ എടുത്ത കുടുംബ ഫോട്ടോ
(27 - 07 - 2012)



നവഗ്രഹങ്ങൾ

www.malankaralibrary.com



# പിൻമൊഴി



പൗരോഹിത്യത്തിന്റെ അൻപതുവർഷങ്ങൾ പൂർത്തിയാക്കിയ വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പായുടെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി "സുകൃതം" എന്ന പേരിൽ ഈ സ്മരണിക ഒരു യാഥാർത്ഥ്യമാക്കാൻ, സഹകരിച്ച സുമനസ്സുകൾ വളരെപ്പേരുണ്ട്. നല്ല വാക്കുകൾ കൊണ്ടും, രചനകൾ കൊണ്ടും, ആശയാവിഷ്കാരങ്ങൾ കൊണ്ടും, സാങ്കേതിക സഹായങ്ങൾ കൊണ്ടും, ഈ സംരംഭത്തെ ധന്യമാക്കിയ വ്യക്തിത്വങ്ങളെ ആദരപൂർവ്വം സ്മരിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ് കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് നൽകിയ അനുഗ്രഹ വചസ്സുകൾ ഈ സ്മരണികയെ അനുഗ്രഹമാക്കിയത് നന്ദിപൂർവ്വം സ്മരിക്കുന്നു.

സ്മരണികയ്ക്ക് പ്രൗഢോജ്ജ്വലമായ അവതാരിക എഴുതി തന്ന പത്തനംതിട്ട രൂപതയുടെ പിൻതുടർച്ചാവകാശമുള്ള അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി, മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി, പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി, മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭി. വിൻസെന്റ് മാർ പൗലോസ് തിരുമേനി എന്നിവർ ആശംസാവചസ്സുകൾ ചൊരിഞ്ഞതിന് നന്ദിയർപ്പിക്കുന്നു. ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ റവ. ഫാ. ജോസ് കുരുവിള ഒ.ഐ.സി., ബഥനി സന്യാസിനി സമൂഹത്തിന്റെ മദർ ജനറൽ സി. ലിറ്റിൽ ഫ്ളവർ എസ്.ഐ.സി., തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ത്രേസ്യാമ്മ പള്ളിക്കുന്നേൽ, മേരിമക്കൾ സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലില്ലി തോമസ് ഡി. എം. എന്നിവരുടെ ആശംസാ സന്ദേശങ്ങൾ ഇതിനെ ധന്യമാക്കിയതിന് നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

www.malankaralibrary.com

ഈടുറ്റ ലേഖനം തയ്യാറാക്കി നൽകിയ വന്ദ്യ റവ. ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി, വന്ദ്യ മോൺ. ഡോ. മാത്യു മനക്കരകാവിൽ കോർ എപ്പിസ്കോപ്പ, ജൂബിലേറിയന്റെ പിതൃസഹോദരി പുത്രൻ കൂടിയായ വന്ദ്യ മോൺ. ഡാനിയേൽ മാണിക്കുളം, സ്വർഗ്ഗപ്രാപ്തനായ വന്ദ്യ മാത്യു കടകംപള്ളിലച്ചൻ, റവ. ഫാ. സിൽവസ്റ്റർ തെക്കേടത്ത്, ബഥനി സന്യാസിനി സമൂഹത്തിന്റെ തിരുവനന്തപുരം പ്രൊവിൻഷ്യൽ സുപ്പീരിയർ സി. കാരുണ്യ എസ്.ഐ.സി., റവ. ഫാ. ജോൺ സി. പുത്തൻവീട്, റവ. ഫാ. മാത്യു മണലുവിള ഒ.ഐ.സി., മലങ്കര കത്തോലിക്കാ സഭയിലെ പേരെടുത്ത ഗ്രന്ഥകാരൻ ശ്രീ. പീറ്റർ സി. എബ്രഹാം, പിതൃസഹോദരപുത്രൻ കൂടിയായ ഡോ. കെ.വൈ.ബെനഡിക്ട് എന്നിവരോടുള്ള നന്ദി പ്രകടിപ്പിക്കുന്നു. ജൂബിലേറിയനുമായുള്ള വ്യക്തി ബന്ധാനുഭവങ്ങൾ പങ്കുവച്ച മാത്യ ഇടവകയാംഗം കൂടിയായ സി. നിഷ്ഠ എസ്.ഐ.സി. ഹ്യൂമലീനാ എസ്.ഐ.സി. എന്നിവരോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

ഒരു സ്മരണിക പ്രസിദ്ധികരിക്കുന്നുവെന്ന് അറിഞ്ഞപ്പോൾ മുതൽ അതിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയും, ആശംസാ സന്ദേശങ്ങൾ ലഭ്യമാക്കിയും, താല്പര്യപൂർവ്വം എല്ലാ പിന്തുണയും നൽകി സഹായിച്ച മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷന്റെ സെക്രട്ടറി റവ. ഫാ. ജോൺ വൈപ്പിലിനോടുള്ള നന്ദി രേഖപ്പെടുത്തുന്നു. സ്മരണിക യാഥാർത്ഥ്യമാക്കാൻ എഡിറ്റോറിയൽ കമ്മിറ്റി അംഗങ്ങളോടൊപ്പം നിന്നു സഹായിച്ച ജോജി മോൻ എം.ജി., പ്രേം കെ. ജോൺ, ഡോ. നിതിൻ കെ. രാജു എന്നിവരുടെ സംഭാവനകളെ സ്മരിക്കുന്നു.

അച്ചടി നിർവ്വഹിച്ച തിരുവനന്തപുരം പട്ടം സെന്റ് മേരീസ് പ്രസ്സ് ഡയറക്ടർ റവ. ഡോ. ഫാ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ, മാനേജർ, സ്റ്റാഫംഗങ്ങൾ എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു. സർവ്വോപരി പരമകാരുണ്യവാനായ ദൈവത്തോടും, പരി. ദൈവമാതാവിനോടും, മാർത്തോമ്മാ ശ്ലീഹായോടും, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടും, നിറകണ്ണുകളോടെ പ്രാർത്ഥനാ മഞ്ജരികൾ അർപ്പിക്കുന്നു. ഇതുമായി ഏതെങ്കിലും വിധത്തിൽ സഹകരിച്ചതും, പേരെടുത്തു പറയാത്തവരുമായ എല്ലാവരോടും ഒരിക്കൽകൂടി നന്ദിരേഖപ്പെടുത്തുന്നു. ഒരായിരം നന്ദി!

എഡിറ്റോറിയൽ കമ്മിറ്റിക്കുവേണ്ടി
**ജോൺ കടകംപള്ളിൽ**





Priests' Grand Conference - 2017